# വെളിയനാട്
# ബ്ലോക്ക് പഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി 2022 - 2027
## വാർഷിക പദ്ധതി 2025-26

# സ്റ്റാറ്റസ് റിപ്പോർട്ട്

ബഹുമാന്യരെ,

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിൻറെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പിന്നിട്ട് വിജയകരമായ യാത്ര തുടർന്നു കൊണ്ടിരിക്കുകയാണല്ലോ.. ഇതിനോടൊപ്പം സഞ്ചരിക്കുന്ന കുട്ടനാടിന്റെ ഹൃദയഭൂമിയായ വെളിയനാട് ബ്ലോക്കിലും കഴിഞ്ഞകാല വികസന പ്രവർത്തനങ്ങൾ കൈയൊപ്പ് ചാർത്തിയ ധാരാളം ഉദാഹരണങ്ങൾ തല ഉയർത്തി നിൽക്കുന്നത് കാണാൻ സാധിക്കും. അനര വികസന പ്രവർത്തനങ്ങൾക്കായി 14–ാം പഞ്ചവൽസര പദ്ധതിയുടെ മൂന്നാം വാർഷിക പദ്ധതി നാമിപ്പോൾ ആരംഭിക്കുകയാണ്. 100% പദ്ധതി വിഹിതം ഗുണപരമായി ചെലവഴിച്ച് വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്രകാരം വാർഷിക പദ്ധതിയിലേക്ക് ബ്ലോക്ക് പഞ്ചായത്ത് കടക്കുന്നത്.

നാമേവർക്കും അറിവുള്ളതുപോലെ, കൃഷിയാണ് കുട്ടനാടിൻറെ പൊതു സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകം. കൃഷിയിലൂടെ സുത്തര സാമ്പത്തിക വികസനവും ഭക്ഷ്യോത്പാദവും ഒരു പരിധിവരെ നമുക്കു നേടാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിൽത്തന്നെ, തീർച്ചയായും കാർഷികമേഖലയ്ക്ക് പ്രാദേശിക സർക്കാരുകളിൽ നിന്നുള്ള കൈത്താങ്ങ് ഇനിയും അനിവാര്യമാണ് എന്ന് കരുതുന്നതിനാൽ അത്തരം ഇടപെടലിനായും ഉദ്പാദന മേഖലയില് പരമാവധി ശ്രദ്ധ ചെലുത്താനും ഈ സാമ്പത്തിക വർഷത്തെപദ്ധതി ആസൂത്രണത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നു.

നിർബന്ധിത മേഖലയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഏറ്റെടുത്തതിനുശേഷം പരിമിതമായ തുകമാത്രമേ ബ്ലോക്ക് പഞ്ചായത്തിന് മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുകയുള്ളൂ എന്ന പരമിതിയിൽ നിന്നുകൊണ്ട് തന്നെ ദാരിദ്ര നിർമ്മാർജ്ജനം, ശുചിത്വ പദ്ധതികൾ, പൊതുജനാരോഗ്യ പദ്ധതികൾ, ഭിന്നശേഷിക്കാർ, കുട്ടികൾ, തുടങ്ങിയവരുടെ ക്ഷേമ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ, പട്ടികജാതി വിഭാഗ മേഖലയുടെ വികസന–ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ മേഖലയിലെയും ഉന്നമനത്തിനും ക്ഷേമത്തിനുമായി പദ്ധതികൾ പരമാവധി ഏറ്റെടുക്കുന്നതിന് ഈ പദ്ധതി ആസൂത്രണത്തിലൂടെ ശ്രമിച്ചിട്ടുണ്ട്. അതിനായി ജില്ല–ബ്ലോക്ക്–ഗ്രാമ ത്രിതല പഞ്ചായത്തുകളുടെയും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലുള്ള മറ്റു പദ്ധതികളുടെയും സംയുക്ത- സംയോജന സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനും ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ ചിരകാര സ്വപ്നമായിരുന്ന പുളിങ്കുന്ന് താലൂക്കാശുപത്രിയിലേക്ക് റോഡ് എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി ആദ്യഘട്ടമായ റോഡ് ഫോർമേഷൻ നടപ്പിൽ വരുത്തുന്നതിന് നമുക്ക് സാധിക്കുകയുണ്ടായി. കൂടാതെ നമ്മുടെ ആറ് ഗ്രാമപഞ്ചായത്തുകളിലെയും അതിദരിദ്രർക്ക് അവരുടെ ക്ലേശ ഘടകങ്ങൾക്ക് പൂർണ്ണമായും പരിഹാരം കണ്ടെത്തി കേരളത്തിലെ തന്നെ ആദ്യ അതിദാരിദ്ര മുക്ത ബ്ലോക്ക് പഞ്ചായത്തായി വെളിയനാട് ബ്ലോക്കിനെ മാറ്റാന് സാധിച്ചു എന്നത് അഭിമാനകരമായ കാര്യമാണ്. എല്ലാ ഗ്രാമപഞ്ചായത്തിന്റെയും പൂർണ്ണ സഹകരണം ലഭ്യമായതുമൂലമാണ് നമുക്ക് ഈ നേട്ടം കൈവരിക്കാൻ ആയത് എന്നത് ഒരുമയിലൂടെ എല്ലാ വെല്ലുവിളികളെയും നേരിടാം എന്നതിന് ഒരു ഉത്തമ ദൃഷ്ടാന്തം കൂടിയാണ്.

പരിമിതമായ വിഭവങ്ങള് ഉപയോഗിച്ച് പരമാവധി പ്രയോജനകരമായ രീതിയിൽ നാളിതുവരെ നടപ്പിലാക്കാൻ കഴിഞ്ഞ പ്രവർത്തികൾ സംബന്ധിച്ചും നേടിയെടുക്കാനുള്ള ലക്ഷ്യങ്ങളും അതിനായി അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികളെ സംബന്ധിച്ചും ഒരു ചൂണ്ടുപലക എന്ന നിലയിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് നിങ്ങളുടെ മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

(ഒപ്പ്)
പി.കെ.വേണുഗോപാൽ
പ്രസിഡന്റ്
വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വെളിയനാട്
20.02.2025

# വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

| | |
|---|---|
| ആസ്ഥാനം | : മാമ്പുഴക്കരി |
| വിസ്തൃതി | : 139.84 ചതു. കി. മീറ്റർ |
| ഗ്രാമപഞ്ചായത്തുകൾ | : 6 എണ്ണം |
| | 1. നീലംപേരൂർ 2. കാവാലം |
| | 3. പുളിങ്കുന്ന് 4. രാമങ്കരി |
| | 5. മുട്ടാർ 6. വെളിയനാട് |
| ബ്ലോക്ക് ഡിവിഷനുകൾ | : 13 |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : 1 |
| താലൂക്ക് | : കുട്ടനാട് |
| ജില്ല | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : കുട്ടനാട് |

അതിർത്തി

| | |
|---|---|
| വടക്ക് | : പള്ളം ബ്ലോക്ക്, കോട്ടയം |
| കിഴക്ക് | : മാടപ്പള്ളി, കോട്ടയം – പുളിക്കീഴ്, പത്തനംതിട്ട എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ |
| തെക്ക് | : ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് |
| പടിഞ്ഞാറ് | : ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് |
| ജനസംഖ്യ | : 84838 |
| സ്ത്രീകൾ | : 43124 |
| പുരുഷൻമാർ | : 41714 |
| പട്ടികജാതി ജനസംഖ്യ | : 6690 |
| പട്ടികവർഗ്ഗ ജനസംഖ്യ | : 31 |

# ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി

| | |
|---|---|
| ശ്രീ.പി.കെ.വേണുഗോപാൽ | – പ്രസിഡൻറ് (06–മിത്രക്കരി) |
| ശ്രീമതി.ബീന ജോസഫ് | – വൈസ് പ്രസിഡൻറ് (05–മുട്ടാർ) |
| ശ്രീമതി. സബിത രാജേഷ് | – വികസനകാര്യ സ്റ്റാ.ക. ചെയർപേഴ്സൺ (02–നാരകത്തറ) |
| ശ്രീമതി.ആശാദാസ് | – ക്ഷേമകാര്യ സ്റ്റാ.ക. ചെയർപേഴ്സൺ (10–മങ്കൊമ്പ്) |
| അഡ്വ.പ്രീതി സജി | – ആരോഗ്യ വി. സ്റ്റാ. ക. ചെയർപേഴ്സണ് (11– കോളേജ്) |

**അംഗങ്ങൾ**

| | | |
|---|---|---|
| ശ്രീ. പ്രമോദ് ചന്ദ്രൻ | – | 07– വേഴപ്ര ഡിവിഷൻ |
| ശ്രീ. സി.വി.രാജീവ് | – | 04– കിടങ്ങറ ഡിവിഷൻ |
| ശ്രീമതി.സരിത സന്തോഷ് | – | 01– നീലംപേരൂർ |
| ശ്രീ. എം.വി.വിശ്വംഭരൻ | – | 03– വെളിയനാട് |
| ശ്രീ. റോജി ജോസഫ് | – | 09 – പുളിങ്കുന്ന് |
| ശ്രീമതി. സൗമ്യ മോഹൻ | – | 13– കാവാലം ഡിവിഷൻ |
| ശ്രീമതി. സന്ധ്യ സുരേഷ് | – | 12 – കുന്നുമ്മ ഡിവിഷൻ |
| കുമാരി. ആശാ ജോസഫ് | – | 08– രാമങ്കരി ഡിവിഷൻ |

| വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ | | |
|---|---|---|
| ക്രമ നമ്പർ | പേര് | പദവി |
| 1 | ശ്രീമതി. ബിൻസിമോൾ വർഗ്ഗീസ് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 2 | ശ്രീ. ലാലിമോൻ. വി | ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്സ്) |
| 3 | ശ്രീ. പി.ആർ.അജിത്കുമാർ | ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) |
| 4 | ശ്രീ. ആർ. സുനിൽകുമാർ | ഹെഡ് ക്ലർക്ക് |
| 5 | ശ്രീമതി. അനിത.എൽ | ഹെഡ് അക്കൗണ്ടന്റ് |
| 6 | ശ്രീ.ഹരികൃഷ്ണകുറുപ്പ് | എക്സ്റ്റൻഷൻ ഓഫീസർ (പി. & എം) |
| 7 | ശ്രീ. പ്രശാന്ത്.പിസി | എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം) |
| 8 | ശ്രീമതി. സീന.ജി.തങ്കപ്പൻ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ |
| 9 | ശ്രീ. ജിജോ.ഡി | സീനിയർ ക്ലർക്ക് |
| 10 | ശ്രീമതി. സരിത.ജി.നായർ | സീനിയർ ക്ലർക്ക് |
| 11 | ശ്രീ. നന്ദകിഷോർ | ക്ലർക്ക് |
| 12 | ശ്രീമതി. അനീഷ്.കെ | സീനിയർ ടൈപ്പിസ്റ്റ് |
| 13 | ശ്രീ. സാംസൺ.എസ് | വി.ഇ.ഒ (ഗ്രേഡ് 1) |
| 14 | ശ്രീ. ജോബിൻ കുര്യൻ | വി.ഇ.ഒ (ഗ്രേഡ് 2) |
| 15 | ശ്രീമതി. സ്മിത.ആർ | വി.ഇ.ഒ (ഗ്രേഡ് 2) |

| | | |
|---|---|---|
| 16 | ശ്രീ. പ്രമോദ്.എം.വി | വി.ഇ.ഒ (ഗ്രേഡ് 2) |
| 17 | ശ്രീ. ആരിഫ്.എ | വി.ഇ.ഒ (ഗ്രേഡ് 2) |
| 18 | ശ്രീ. അഭിരാജ്.എസ് | വി.ഇ.ഒ (ഗ്രേഡ് 2) |
| 19 | ശ്രീ. ജിനീഷ്.കെവി | വി.ഇ.ഒ (ഗ്രേഡ് 2) |
| 20 | ശ്രീമതി. അമ്പിളി.എസ്. | വി.ഇ.ഒ (ഗ്രേഡ് 2) |
| 21 | ശ്രീ. ഷെനിമോൻ | വി.ഇ.ഒ (ഗ്രേഡ് 2) |
| 22 | ശ്രീമതി.രേവതി.ആര് | വി.ഇ.ഒ (ഗ്രേഡ് 2) |
| 23 | ശ്രീമതി.സിന്ധു.എസ് | വി.ഇ.ഒ (ഗ്രേഡ് 2) |
| 24 | ശ്രീ.ഷെമീർ.പി.ഒ | ഓഫീസ് അറ്റന്റഡന്റ് |
| 25 | ശ്രീമതി.ശാലിനി.എസ് | ഓഫീസ് അറ്റന്റഡന്റ് |
| 26 | ശ്രീ. ജോസ് റോബിൻ കെ.യു | ഡ്രൈവർ (ഗ്രേഡ് 1) |
| 27 | ശ്രീ. എം.സി.ഇന്ദ്രജിത്ത് | ഡ്രൈവർ |
| 28 | ശ്രീ. വിനായക്.ആർ | അക്രഡിറ്റഡ് എൻജിനീയർ |
| 29 | ശ്രീമതി. ജീനാമോൾ വർഗ്ഗീസ് | അക്കൗണ്ടന്റ് കം ഐ.റ്റി അസിസ്റ്റന്റ് |
| 30 | ശ്രീ. വിഷ്ണു ഗോപാലകൃഷ്ണൻ | അക്കൗണ്ടന്റ് കം ഐ.റ്റി അസിസ്റ്റന്റ് |
| 31 | ശ്രീമതി. ശ്രീക്കുട്ടി.എസ്.കുമാർ | പ്രോജക്ട് അസിസ്റ്റന്റ് |
| 32 | ശ്രീമതി. ആശ.എം.പി | ആർ.ജി.എസ്.എ ബ്ലോക്ക് കോ-ഓർഡിനേറ്റർ |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | പേര് | തസ്തിക | ഫോൺ |
| 1 | ബിൻസിമോൾ വർഗ്ഗീസ് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 9497222048 |
| 2 | ആർ.രശ്മി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 9495123872 |
| 3 | സൈജു ഹമീദ് | സൂപ്രണ്ടന്റ് താലൂക്കാശുപത്രി, പുളിങ്കുന്ന് | 9447120487 |
| 4 | സിനി.സി.ജോസഫ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെളിയനാട് | 9446194099 |
| 5 | ലില്ലിക്കുട്ടി.കെ.എം | അസി.എഞ്ചിനീയർ | 9496230436 |
| 6 | രേഖ.എം.ജി | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 9497318437 |
| 7 | ആലീസ്.കെ.സുമോൾ | പട്ടികജാതി വികസന ഓഫീസർ | 9446321196 |
| 8 | ബോബി ജോണ് | വ്യവസായ വികസന ഓഫീസർ | 9567241940 |
| 9 | രാഗേന്ദു. കെ.ആര് | ക്ഷീര വികസന ഓഫീസർ | 9633780351 |
| 10 | ജോസഫ് റെഫിൻ ജെഫ്രി എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 9645837166 |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | | | |
| 1 | ശ്രീമതി.ബിന്ദുമോൾ | വെളിയനാട് | 9496043676 |
| 2 | ശ്രീ.റ്റി.കെ.തങ്കച്ചൻ | നീലംപേരൂർ | 9496043670 |
| 3 | ശ്രീ.സത്യദാസ് | കാവാലം | 9400948307 |
| 4 | ശ്രീ.രാജുമോൻ.ആർ | രാമങ്കരി | 9446077842 |
| 5 | ശ്രീമതി.സുരമ്യ.കെ | മുട്ടാർ | 8921981915 |
| 6 | ശ്രീമതി. നീനുജോസഫ് | പുളിങ്കുന്ന് | 9846705987 |

| വർക്കിംഗ്ഗ്രൂപ്പ് – വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | |
|---|---|---|---|
| **ക്രമ നം.** | **വർക്കിംഗ് ഗ്രൂപ്പിന്റെ പേര്** | **ചെയർമാൻ** | **കൺവീനർ** |
| 1 | പൊതുഭരണവും ധനകാര്യവും | ശ്രീമതി.ബീന ജോസഫ് (വൈസ് പ്രസിഡന്റ്) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 2 | കൃഷിയും അനുബന്ധമേഖലയും | ശ്രീമതി.സൗമ്യ മോഹൻ (ബ്ലോക്ക് പഞ്ചായത്ത് അംഗം) | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3 | ക്ഷീരവികസനവും മൃഗസംരക്ഷണവും | ശ്രീ.റോജി ജോസഫ് (ബ്ലോക്ക് പഞ്ചായത്ത് അംഗം) | ക്ഷീര വികസന ഓഫീസർ |
| 4 | പ്രാദേശിക സാമ്പത്തിക വിക സനം | ശ്രീ.സി.വി.രാജീവ് (ബ്ലോക്ക് പഞ്ചായത്ത് അംഗം) | വ്യവസായ വികസന ഓഫീസർ |
| 5 | ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | ശ്രീമതി.ആശാ ദാസ് (ക്ഷേമകാര്യസ്റ്റാ.ക.ചെയർ പേഴ്സൺ) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 6 | സാമൂഹ്യനീതി (ഭിന്നശേഷി ഉ ള്ളവർ, വയോജനങ്ങൾ മുത ലായവർ) | ശ്രീ.പ്രമോദ് ചന്ദ്രൻ (ബ്ലോക്ക് പഞ്ചായത്ത് അംഗം) | ശിശു വികസന പദ്ധതി ഓഫീസർ |
| 7 | ജെൻഡറും വികസനവും കുട്ടകളുടെ വികസവും | ശ്രീമതി. ആശാ ജോസഫ് (ബ്ലോക്ക് പഞ്ചായത്ത് അംഗം) | ശിശു വികസന പദ്ധതി ഓഫീസർ |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ വിക സനം | ശ്രീ.എം.വി.വിശ്വംഭരൻ (ബ്ലോക്ക് പഞ്ചായത്ത് അംഗം) | പട്ടികജാതി വികസന ഓഫീസർ |
| 9 | ആരോഗ്യം | അഡ്വ, പ്രീതി സജി (ആരോഗ്യസ്റ്റാ.ക.ചെയർ പേഴ്സൻ) | സൂപ്രണ്ടന്റ്, താലൂക്ക് ആശുപത്രി, പുളിങ്കുന്ന് |
| 10 | കുടിവെള്ളം, ശുചിത്വം | ശ്രീമതി.സന്ധ്യാ സുരേഷ് (ബ്ലോക്ക് പഞ്ചായത്ത് അംഗം) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 11 | വിദ്യാഭ്യാസം, കലയും സംസ് ക്കാരവും, യുവജനകാര്യം | ശ്രീമതി.സരിതസന്തോഷ് (ബ്ലോക്ക് പഞ്ചായത്ത് അംഗം) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 12 | പൊതുമരാമത്ത് (വൈദ്യൂതി, ഊർജ്ജം ഉൾപ്പെടെ) | ശ്രീമതി.സബിത രാജേഷ് (വികസനകാര്യ സ്റ്റാ.ക.ചെയർ പേഴ്സൻ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 13 | ജൈവവൈവിദ്ധ്യ മാനേജ് മെന്റ്, കാലാവസ്ഥാ വ്യതിയാ നം, പരിസ്ഥിതി സംര ക്ഷണം, ദുരന്ത നിവാരണം | ശ്രീ.പി.കെ.വേണുഗോപാൽ (പ്രസിഡന്റ്) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേരു വിവരം

| ക്രമ നം | പേരും വിലാസവും | ഫോൺ നം | ഗ്രൂപ്പിലെ സ്ഥാനം |
|---|---|---|---|
| I | **പൊതുഭരണം ധനകാര്യം** | | |
| 1 | ബീന ജോസഫ്, വൈസ് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് | 8304036981 | അദ്ധ്യക്ഷൻ |
| 2 | ബിൻസി മോള് വർഗ്ഗീസ്, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 9497222048 | കൺവീനർ |
| 3 | അഭിലാഷ് എ, എക്സ്റ്റൻഷൻ ഓഫീസർ(പി&എം), വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 9496332835 | അംഗം |
| 4 | അനിത.എൽ, ഹെഡ് അക്കൗണ്ട്, വെളിയനാട് ബ്ലോക്ക് | 9633257126 | അംഗം |
| 5 | ഹരികൃഷ്ണൻ, ചിറയിൽ, കാവാലം | 8606795395 | അംഗം |
| 6 | അനിൽ, പൂന്തോട്ടം, നീലംപേരൂർ | | അംഗം |
| 7 | പി.രവീന്ദ്രൻ, പൊങ്ങയിൽ, മിത്രക്കരി പി.ഒ. | 9605686926 | അംഗം |
| 8 | സുധീഷ്, ചെമ്മല, കാവാലം | 9605402502 | അംഗം |
| 9 | ഒ.ജി.ഷാജി, ഉാശം പറമ്പ്, കുന്നുമ്മ വെസ്റ്റ്, കാവാലം പി.ഒ | | അംഗം |
| 10 | സോജൻ ജോസഫ്, പൊള്ളക്കൽ, കി. ചേന്നങ്കരി, കാവാലം 688506 | 9400748360 | അംഗം |
| 11 | ഹരിഹരൻ, പുഴിക്കൽ, മണലാടി, രാമങ്കരി പി.ഒ | | അംഗം |
| 12 | ബാബു ജേക്കബ് ,അറക്കൽ ,ഈര, നീലംപേരൂർ | 9746282036 | അംഗം |
| 13 | കെ.ജെ അനീഷ്, കൈയ്യത്ര, ചക്കച്ചംപാക്ക, നാലംപേരൂർ | 9605529995 | അംഗം |
| 14 | സരുൺ വി.എസ്, വാഴൂത്തറ, പുല്ലായം, നീലംപേരൂർ | | അംഗം |
| 15 | കറിയാച്ചൻ കെ കെ, പാട്ടപ്പറമ്പിൽ, വെളിയനാട് | | അംഗം |
| 16 | ഐശ്വര്യ.ആർ.കെ വി.ഇ.ഒ | | അംഗം |
| II | **കൃഷി, അനുബന്ധ മേഖലകളും** | | |
| 1 | സൗമ്യാ മോഹൻ, മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് | 8848890627 | അദ്ധ്യക്ഷൻ |
| 2 | ആനിമാത്യൂ, അസിസ്റ്റൻറ് ഡയറക്ടര് ഓഫ് അഗ്രികൾച്ചർ, വെളിയനാട് | 7994062552 | കൺവീനർ |
| 3 | പി.ആർ.അജിത്കുമാർ,ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) | 9447740303 | അംഗം |
| 4 | ജോബിൻ കുര്യൻ, വി.ഇ.ഒ | 9495087214 | അംഗം |
| 5 | അഡ്വ.മുട്ടാർ ഗോപാലകൃഷ്ണൻ, ദേവി നിവാസ്, മുട്ടാർ | | |
| 6 | ഇ.കെ തങ്കച്ചൻ, ആദർശ് ഭവൻ, കാവാലം | 9562186739 | അംഗം |
| 7 | രാധാകൃഷ്ണൻ, ഉമ്പക്കാട് പറമ്പ്, മങ്കൊമ്പ് പി.ഒ | 9544316765 | അംഗം |
| 8 | ദിലീപ്, മേക്കാട്, ഈര | | അംഗം |

| | | | |
|---|---|---|---|
| 9 | പി.ഡി സന്തോഷ് | 8086614671 | അംഗം |
| 10 | അനിരുദ്ധൻ, കൊച്ചുകളം, പുളിങ്കുന്ന് പി.ഒ | 9744689011 | അംഗം |
| 11 | തോമസസ് സ്രാമ്പിക്കൽ, പുത്തൻപുര | | അംഗം |
| 12 | കെ. പ്രദീഷ് കുമാർ, നികത്തിൽ, ഈര പി.ഒ, നീലംപേരൂർ | 7736603306 | അംഗം |
| 13 | സെബാസ്റ്റ്യൻ, മണലിൽ | 9947532595 | അംഗം |
| 14 | കെ.ജെ.സനൽകുമാർ, മുരിക്കുവേലിൽ, മുട്ടാർ | 9495265868 | അംഗം |
| 15 | പി.വി.ശിവൻ, പനയശ്ശേരിൽ, മുട്ടാർ | 9447585965 | അംഗം |
| 16 | ബാബു ജോസഫ്, ആറുപറ, മുട്ടാർ | 9496569223 | അംഗം |
| 17 | തങ്കച്ചി ഗോപിനാഥ്, 26 ൽ, കാവാലം | 9605207700 | അംഗം |
| 18 | അഭിലാഷ് കെകെ, വല്യാറ, കുന്നുമ്മ വെസ്റ്റ്, കാവാലം പി.ഒ | 9496571168 | അംഗം |
| 19 | വർക്കി ജോൺ, പനയപ്പള്ളി, മിത്രക്കരി പി.ഒ., പുതുക്കരി | 9447977572 | അംഗം |
| 20 | കെ. ശശി, ശ്യാം നിവാസ്, നാരകത്തറ | 9847313905 | അംഗം |
| 21 | കെ.ബി. മോഹനൻ, കാർത്തിക, കുന്നംകരി, വെളിയനാട് | | അംഗം |
| 22 | വേലായുധൻ നായർ, മണയാല, പുളിങ്കുന്ന് പി.ഒ | 9847126372 | അംഗം |
| III | **ക്ഷീരവികസനം, മൃഗസംരക്ഷണം** | | |
| 1 | റോജി ജോസഫ്, മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് | 7902735919 | അദ്ധ്യക്ഷൻ |
| 2 | റീബാ തങ്കച്ചന്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | 9686533808 | കൺവീനർ |
| 3 | ആരിഫ്ഖാൻ, വി.ഇ.ഒ | | അംഗം |
| 4 | സി.പ്രദീപ്കുമാർ, ഇടനാട്, ഈര | | അംഗം |
| 5 | ജോസ് ദേവസ്യ, പുളിന്തറ, പുളിങ്കുന്ന് | 9447275897 | അംഗം |
| 6 | മനോജ്, വടക്കേ എട്ടൊന്നിൽ, കാവാലം പി.ഒ | 9947778758 | അംഗം |
| 7 | ജോസി, തേവരി, മാമ്പുഴക്കരി | 9526531951 | അംഗം |
| 8 | സജീവൻ, നെടുംപറമ്പ്, രാമങ്കരി | 9495230845 | അംഗം |
| 9 | ജോൺ പീറ്റർ, വെട്ടിയാർ, മുട്ടാർ | 7510573933 | അംഗം |
| 10 | തുളസീഗാസൻ പിള്ള, ലാൽ ഭവനം, കിഴക്കേ ചേന്നംങ്കരി | | അംഗം |
| 11 | എൻ.സി.അനൂപ്, നെല്ലാനിക്കൽ, മിത്രക്കരി | 9947240179 | അംഗം |
| 12 | അഭിലാഷ്, 26 ൽ, കാവാലം | 8989140398 | അംഗം |
| 13 | ജോജി തോമസ്, വെമ്പാടംതറ, പുളിങ്കുന്ന് പി.ഒ. | 9447265601 | അംഗം |
| IV | **പ്രാദേശിക സാമ്പത്തിക വികസനം** | | |
| 1 | സി.വി.രാജീവ്, വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം | 9447432106 | അദ്ധ്യക്ഷൻ |
| 2 | രാജേഷ്. വി, IEO, വെളിയനാട് ബ്ലോക്ക് | 9744642989 | കൺവീനർ |
| 3 | പ്രമോദ്. എം.വി, വി.ഇ.ഒ | 9495588245 | അംഗം |
| 4 | കെ.ജെ.രമേശ്, കൊല്ലംമാലിൽ, മുട്ടാർ | 9633983502 | അംഗം |

| | | | |
|---|---|---|---|
| 5 | അക്ഷയ്കുമാർ, പുതുവൽ വീട്, കാവാലം പി.ഒ | 9496716107 | അംഗം |
| 6 | അജീഷ് കുമാർ പി | 9961363085 | അംഗം |
| 7 | ജയപ്രകാശ്, കിടങ്ങറ | 9539588531 | അംഗം |
| 8 | അമൽ എം.എസ്, മായിത്തറ, കണ്ണാടി പി.ഒ. പുളിങ്കുന്ന് | | അംഗം |
| V | **ദാരിദ്ര്യലഘൂകരണം** | | |
| 1 | ആശാദാസ്, വെളിയനാട് ബ്ലോക്ക് , ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി | | അദ്ധ്യക്ഷൻ |
| 2 | ബിൻസി മോള് വർഗ്ഗീസ്, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | | |
| 3 | അജിത് കുമാർ പി.ആർ, ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) | | അംഗം |
| 4 | ആരിഫ്. എ. വി.ഇ.ഒ | | അംഗം |
| 5 | ഷൈലമ്മ, | 7736763526 | അംഗം |
| 6 | കെ.സുശീലൻ, കിഴക്കേ ആറ്റുചിറ, പുളിങ്കുന്ന് പി.ഒ | 9745123985 | അംഗം |
| 7 | ജയ സത്യൻ, ആറുപറയിൽ, മുട്ടാർ | 9961968404 | അംഗം |
| 8 | സന്ധ്യാ ഷാജി, കളത്തിൽ, ചക്കച്ചംപാക്ക, ഈര പി.ഒ, നീലംപേരൂർ | 9497346140 | അംഗം |
| 9 | മോഹനൻ, ഊരുക്കരി | 7560881910 | അംഗം |
| 10 | ജിജി അഭിലാഷ് | 9048824575 | അംഗം |
| 11 | വിഷ്ണു.എസ്, ഓലേഴം, കാവാലം പി.ഒ | 811825886 | അംഗം |
| 12 | ജോജോ ആന്റണി, ഏലപ്പള്ളി, കുന്നുമ്മ കിഴക്ക് | 9496571168 | അംഗം |
| VI | **സാമൂഹ്യനീതി** | | |
| 1 | പ്രമോദ് ചന്ദ്രൻ, വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം | | അദ്ധ്യക്ഷൻ |
| 2 | സി.ഡി.പി.ഒ., വെളിയനാട് | | കൺവീനർ |
| 3 | ആർ സുനിൽ കുമാർ, ഹെഡ് ക്ലർക്ക്, ബ്ലോക്ക് പഞ്ചായത്ത് | 9495269632 | അംഗം |
| 4 | അഭിരാജ്. എസ്, വി.ഇ.ഒ | 8921018956 | അംഗം |
| 5 | സി.ചന്ദ്രൻ, 8 ൽ ചിറ, ഈര പി.ഒ | | അംഗം |
| 6 | അഡ്വ,ജിഷ അരുൺ, നാലുപറച്ചിറ, പുളിങ്കുന്ന് | 9544750632 | അംഗം |
| 7 | എം.കൃഷ്ണലത, മാമ്പുഴക്കരി കോളനി, രാമങ്കരി പി.ഒ | 9074781449 | അംഗം |
| 8 | ഗീത ഗോപൻ, കാവാലം | 6238178126 | അംഗം |
| | അഡ്വ. റോബിൻ പി സെബാസ്റ്റ്യൻ, പരിമണം, ഈര പി.ഒ | 9847188999 | അംഗം |
| 8 | ആശാ രാജേന്ദ്രൻ, ചാത്തനാട്, മിത്രക്കരി പി.ഒ | 9496157725 | അംഗം |
| 9 | അനിത, ചിറ്റേഴം, കാവാലം നോർത്ത് പി.ഒ | | അംഗം |
| 10 | സജിനി പ്രകാശൻ, 40 ൽ ചിറ, വടക്കൻ വെളിയനാട് | 9961710035 | അംഗം |
| 11 | സോണിച്ചൻ വർഗ്ഗീസ്, ചൂരപ്പറമ്പ്, പുളിങ്കുന്ന് പി.ഒ | 8547001597 | അംഗം |
| VII | **ജെൻഡറും വികസവും കുട്ടികളുടെയും വികസനവും** | | |
| 1 | ആശാ ജോസഫ്, വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം | | അദ്ധ്യക്ഷൻ |

| | | | |
|---|---|---|---|
| 2 | പ്രശാന്ത്.പി.സി, വനിതാ ക്ഷേമ ഓഫീസർ | 9496121970 | കൺവീനർ |
| 3 | അമ്പിളി.എസ്, വി.ഇ.ഒ | 7558041556 | അംഗം |
| 4 | പ്രമീള സോമൻ, സൗപർണ്ണിക, ഈര പി.ഒ | 9961031183 | അംഗം |
| 5 | സ്വപ്ന കുഞ്ഞുമോൻ, കുഴിയടിച്ചിറ, പുളിങ്കുന്ന് പി,ഒ | 9947057824 | അംഗം |
| 6 | ബിജലി ബേബി, ആറുപറയിൽ, മുട്ടാർ | 9895848604 | അംഗം |
| 7 | സന്ധ്യാ രമേശ്, മണിമന്ദിരം, കാവാലം നോർത്ത് പി.ഒ | 8281607516 | അംഗം |
| 8 | ശോഭ ഉദയകുമാർ, കാവാലം | 9447496768 | അംഗം |
| 9 | സജിനി പ്രകാശ് | 9961710035 | അംഗം |
| 10 | ജിജി അഭിലാഷ്, ഗീത ഭവൻ, വടക്കൻ വെളിയനാട് പി.ഒ | | അംഗം |
| 11 | മഞ്ജുളാദേവി, ചക്കിവീട്, വെളിയനാട് | 9745671494 | അംഗം |
| VIII | **പട്ടികജാതി വികസനം** | | |
| 1 | എം.വി.വിശ്വംഭരൻ, മെമ്പർ, വെളിയനാട് ബ്ലോക്ക് | 8943725470 | അദ്ധ്യക്ഷൻ |
| 2 | എസ്.സി.ഡി.ഒ, വെളിയനാട് | | കൺവീനർ |
| 3 | സീന ജി തങ്കപ്പൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 9074110394 | അംഗം |
| 4 | വി.എസ്.മനീഷ്. വാണിയപ്പുരയ്ക്കൽ, നാരകത്തറ | 9747048182 | അംഗം |
| 5 | സജിനി മോഹനൻ, സജിനി നിവാസ്, പുളിങ്കുന്ന് | 9947269855 | അംഗം |
| 6 | കെ.വി.പ്രകാശ്, കൊച്ചുപറമ്പിൽ, മിത്രക്കരി | 7306291164 | അംഗം |
| 7 | ബിബിൻ, ചമ്പക്കാട്, കാവാലം നോർത്ത് പി.ഒ | 9037543837 | അംഗം |
| 8 | തങ്കപ്പൻ കൃഷ്ണൻ, വെളുത്തേടത്ത് കളം, കണ്ണാടി പി.ഒ | 9539704901 | അംഗം |
| 9 | കെ.സി സാബു, കാവാലം | 9562199046 | അംഗം |
| 10 | സി.വി സുരേഷ്, ചമ്പക്കാട്, കാവാലം | 8714338162 | അംഗം |
| 11 | മോഹനൻ എൻ, കിടങ്ങറ | 9656049125 | അംഗം |
| 12 | ആർദ്രാമോൾ കെ.എസ്, കൊച്ചുപറമ്പ്, കുട്ടമംഗലം പി.ഒ (അക്രഡിറ്റ് ഓവർസിയർ) | 8590476392 | അംഗം |
| 13 | യദുകൃഷ്ണൻ, എസ്.സി പ്രമോട്ടർ, കാവാലം | 9947794552 | അംഗം |
| 14 | അഞ്ചുലാൽ, എസ്.സി പ്രമോട്ടർ, പുളിങ്കുന്ന് | 7356696216 | അംഗം |
| 15 | അമൽ മോഹന്, എസ്.സി പ്രമോട്ടർ, മുട്ടാര് | 9567657198 | അംഗം |
| 16 | മിഥുൻ മണിയപ്പൻ, എസ്.സി പ്രമോട്ടർ, രാമങ്കരി | 7975155701 | അംഗം |
| 17 | ശരണ്യ, എസ്.സി പ്രമോട്ടര്, നീലംപേരൂര് | 7025822465 | അംഗം |
| 18 | സച്ചിൻ പി.എസ്സ്, എസ്.സി പ്രമോട്ടർ, വെളിയനാട് | 7907791487 | അംഗം |
| 19 | മായാ സലിം, കോളനി നം. 40, കിടങ്ങറ | 9747669131 | അംഗം |
| 20 | ബാബു മാധവൻ, അത്തിപ്പള്ളി, മുട്ടാർ | 8086402202 | അംഗം |

| | | | |
|---|---|---|---|
| 21 | ബാലകൃഷ്ണൻ, അമൃതവിലാസം, വേഴപ്ര പി.ഒ., രാമങ്കരി | 9495904682 | അംഗം |
| IX | **ആരോഗ്യം** | | |
| 1 | അഡ്വ.പ്രീതി സജി, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ | 9447896671 | അദ്ധ്യക്ഷൻ |
| 2 | സൂപ്ര്, പുളിങ്കുന്ന് താലൂക്ക് ആശുപത്രി | | കൺവീനർ |
| 3 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി വെളിയനാട് | 9447809555 | അംഗം |
| 4 | സ്മിത. ആർ, വി.ഇ.ഒ | 8113018709 | അംഗം |
| 5 | സന്ധ്യ കെ.എസ്, ക്ലർക്ക് പുളിങ്കുന്ന് താലൂക്ക് ആശുപത്രി | | അംഗം |
| 6 | അഡ്വ. മണിലാൽ പണിക്കർ, രാമകൃഷ്ണ വിലാസം, നാരകത്ര പി.ഒ | 9497457206 | അംഗം |
| 7 | ബ്രിജിത്ത് സോമൻ, കാവാലം | 8086242120 | അംഗം |
| 8 | ആശാ തോമസ്, കളത്തിൽപറമ്പ്, മുട്ടാർ | 9656584148 | അംഗം |
| 9 | സി.കെ പ്രസന്നകുമാർ, ചമ്മംകോട്, ഈര പി.ഒ | 9744331459 | അംഗം |
| 10 | ഗോപി കെ, കാവുംശ്രാക്കൽ, കുമരങ്കരി പി.ഒ, വാലടി | 9349990778 | അംഗം |
| 11 | രേണുമോൾ എ.റ്റി, ആറുപറയിൽ, മുട്ടാർ | 9074528581 | അംഗം |
| 12 | വി.ആർ.വിനീഷ്, പഴുക്കക്കാവ്, ചെറുകര | 9496203119 | അംഗം |
| 13 | ഇഗ്നേഷ്യസ് പീറ്റർ, കൊകശ്ശേരി, പുളിങ്കുന്ന് | 9946981676 | അംഗം |
| 14 | ജോസ് വർഗ്ഗീസ്, ഉായിക്കരി, മിത്രക്കരി പി.ഒ | 9447506079 | അംഗം |
| 15 | സൗമ്യ മനോജ്, കാത്തേരി, കാവാലം നോർത്ത് പി.ഒ | | അംഗം |
| 16 | ബിജിൻ ആർ ഭദ്രൻ, 12 ൽ ചിറ, കാവാലം പി.ഒ | 9037783380 | അംഗം |
| 17 | ഡോ.സൈറു ഫിലിപ്പ്, എച്ച്.ഒ.ഡി(ക.മ്മ്യൂണിറ്റി മെഡിസിൻ) മെഡിക്കൽ കോളേജ്, ആലപ്പുഴ | | അംഗം |
| 18 | ഡോ.എ.അബ്ദുൽ സലാം, കാർഡിയോളജിസ്റ്റ്, ഡെപ്യൂട്ടി സൂപ്ര് മെഡിക്കൽ കോളേജ്, ആലപ്പുഴ | | അംഗം |
| 19 | ഡോ.ദീപ്തി. ഡോപ്യൂട്ടി ഡി.എം.ഒ., ആലപ്പുഴ | | അംഗം |
| 20 | സെലിൻ, കായൽപ്പുറം | | അംഗം |
| 21 | പി.കെ.പൊന്നപ്പൻ, പുത്തൻപറമ്പ്, പുളിങ്കുന്ന് | | അംഗം |
| X | **കുടിവെള്ളം, ശുചിത്വം** | | |
| 1 | സന്ധ്യ സുരേഷ്, വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം | 9847114784 | അദ്ധ്യക്ഷൻ |
| 2 | AEE, LSGD Sub Division | | കൺവീനർ |
| 3 | അതുല്യ വിജയൻ, ഓവർസിയർ, LSGD Sub Division | | അംഗം |
| 4 | നന്ദകിഷോർ, ക്ലർക്ക്, വെളിയനാട് ബ്ലോക്ക് | 9947171445 | അംഗം |
| 5 | സി.കെ.പ്രസന്നകുമാർ, ചമ്മംകോട്, ഈര | 9744331459 | അംഗം |
| 6 | ലളിതമ്മ രാജപ്പൻ, പനയശ്ശേരിൽ, മുട്ടാർ | 952668671 | അംഗം |
| 7 | രജനി സാബു, ചിറക്കനാട്, കൈനടി | 9747283162 | അംഗം |
| 8 | സനീഷ് വിശ്വംഭരൻ, കനകാശ്ശേരി, ചെറുകര പി.ഒ. കാവാലം | 9645434982 | അംഗം |
| 9 | എ.പി.സജി, ആലക്കാട്ട് പറമ്പ്, കുന്നുമ്മ വെസ്റ്റ്, കാവാലം പി.ഒ | 9846019492 | അംഗം |

| | | | |
|---|---|---|---|
| 10 | കെ.റ്റി.തോമസ്, ആര്യഭവൻ, ഊരുക്കരി പി.ഒ., രാമങ്കരി | 9656738438 | അംഗം |
| 11 | അക്ഷയ് കുമാർ, കാവാലം | 6282032829 | അംഗം |
| 12 | ശ്യാം ലാൽ, പുതുവീട്, കൈനടി | 9961278224 | അംഗം |
| 13 | ഇ.എം. ചന്ദ്രബോസ്, ഇടിത്തറ, ചെറുകര | 94464711996 | അംഗം |
| **XI** | **വിദ്യാഭ്യാസം, കലയും സംസ്ക്കാരവും, യുവജനകാര്യം** | | |
| 1 | സരിത സന്തോഷ്, ബ്ലോക്ക് പഞ്ചായത്തംഗം | | അദ്ധ്യക്ഷൻ |
| 2 | ബിൻസിമോള് വർഗ്ഗീസ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 9400788076 | കൺവീനർ |
| 3 | എസ്.ജതീന്ദ്രൻ, ഓണംപള്ളി, ചതുർത്ഥ്യാതരി പി.ഒ | 9496230801 | അംഗം |
| 4 | പി.റ്റി. ജോസ്, കിഴക്കേ ചേന്നംകരി | 9744828791 | അംഗം |
| 5 | ബിനോജ് ,വെള്ളിക്കര, കാവാലം നോർത്ത് പി.ഒ | 8089319728 | അംഗം |
| 6 | എ.കെ.ഷംസുദൻ, കരുഡാകരി, രാമങ്കരി പി.ഒ., മാമ്പുഴക്കരി | 9947166994 | അംഗം |
| 7 | സോണിച്ചൻ വർഗ്ഗീസ്, ചൂരപ്പറമ്പ്, പുളിങ്കുന്ന് | 9809832920 | അംഗം |
| 8 | രഞ്ജിത്ത് എ.ആർ, ആപ്പിച്ചേരി, കൈനടി | 8606642476 | അംഗം |
| 9 | അശ്വിൻ ഷാജി | 8137043326 | അംഗം |
| 10 | ഓമന റെജി, കറുകയിൽ, മുട്ടാർ | 9746487169 | അംഗം |
| 11 | ദീപ പ്രസന്നൻ, മുുവേലിച്ചിറ, മുട്ടാർ | 7356708772 | അംഗം |
| 12 | കെ.ജെ.ജോസഫ്, ആഫീസ് പറമ്പ്, | 9645225042 | അംഗം |
| 13 | ആന്റണി ജോസഫ്, വളഞ്ചേരി, കണ്ണാടി | 9605539162 | അംഗം |
| 14 | പോൾ സെബാസ്റ്റ്യൻ, ചെറുകാകനാട്, മങ്കൊമ്പ് പി.ഒ | 9446375392 | അംഗം |
| 15 | എസ്.മണിലാൽ പണിക്കർ, രാമകൃഷ്ണവിലാസം, നാരകത്തറ | 9447457206 | അംഗം |
| 16 | ഷജിത്ത് ഷാജി, ഷജിത്ത് ഭവൻ, വടക്കൻ വെളിയനാട് പി.ഒ | 9446945505 | അംഗം |
| 17 | സരിത ജി നായർ, ക്ലർക്ക്, വെളിയനാട് ബ്ലോക്ക് | 9846760456 | അംഗം |
| **XII** | **പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ)** | | |
| 1 | സബിത രാജേഷ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി | | അദ്ധ്യക്ഷൻ |
| 2 | രശ്മി ആർ, അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി, വെളിയനാട് | | കൺവീനർ |
| 3 | ലില്ലിക്കുട്ടി കെ.എം, അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി, വെളിയനാട് | 9349161450 | അംഗം |
| 4 | അതുല്യ വിജയൻ, ഓവർസിയർ, എൽ.എസ്.ജി.ഡി, വെളിയനാട് | | അംഗം |
| 5 | ഷിബി.പി, ഓവർസിയർ, എൽ.എസ്.ജി.ഡി., വെളിയനാട് | | അംഗം |
| 6 | പ്രീതി, സീനിയർ ക്ലർക്ക്, എൽ.എസ്.ജി.ഡി., വെളിയനാട് | | അംഗം |
| 7 | രാജേഷ്കുമാർ.ആർ, വടയാറ്റുചിറ, മങ്കൊമ്പ് പി.ഒ | 9846971648 | അംഗം |
| 8 | കെ.ജെ.അനീഷ്, തൈത്തറ, ചക്കച്ചംപാക്ക, നീലംപേരൂർ | 9605529995 | അംഗം |
| 9 | പി.സി.ഫ്രാൻസിസ്, പുത്തൻപറമ്പ്, പുളിങ്കുന്ന് പി.ഒ | 8921057831 | അംഗം |
| 10 | വിനോദ് ഡി, കാവാലം | 8281534648 | അംഗം |
| 11 | രാംജിത്ത് കെ.ആർ, ചെറുകര പി.ഒ | 8848506358 | അംഗം |

| | | | |
|---|---|---|---|
| 12 | അനിൽ കുമാർ റ്റി, കോളനി നം. 106, രാമങ്കരി | 9747109448 | അംഗം |
| 13 | ജി.എസ് വിനോദ് | 9037652579 | അംഗം |
| 14 | പോൾ ആന്റണി, ളായിക്കരി, മിത്രക്കരി പി.ഒ | 9605093509 | അംഗം |
| 15 | അനിരുദ്ധ്, ഒരു പറയിൽ കാവാലം പി.ഒ | 9188486351 | അംഗം |
| 16 | ശിവപ്രസാദ്, കടമ്പനക്കളം, കുന്നുമ്മ വെസ്റ്റ്, കാവാലം പി.ഒ | 9446945505 | അംഗം |
| 17 | തോമസ് റ്റി.എം., തുിയിൽ ചിറ, പുളിങ്കുന്ന് | 8848767212 | അംഗം |
| XIII | **ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം, പരിസ്ഥിതി സംരക്ഷണം** | | |
| 1 | പി.കെ വേണുഗോപാൽ, പ്രസിഡന്റ്, വെളിയനാട് ബ്ലോക്ക് | | അദ്ധ്യക്ഷൻ |
| 2 | ബിൻസി മോള് വർഗ്ഗീസ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | | കൺവീനർ |
| 3 | അഭിലാഷ് എ, എക്സ്റ്റൻഷൻ ഓഫീസർ(പി&എം), വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | അംഗം |
| 4 | വീണാ വിഷ്ണു, പ്രോജക്ട് അസിസ്റ്റന്റ്, വെളിയനാട് ബ്ലോക്ക് | 8921582598 | അംഗം |
| 5 | കെ.സജി, നെന്മാറയ്ക്കൽ, കാവാലം | 9446855817 | അംഗം |
| 6 | രാജേഷ്, മങ്ങാട്ടുശ്ശേരി, പുളിങ്കുന്ന് പി.ഒ | 7902318414 | അംഗം |
| 7 | ഷനൽ കെ.കെ., കുറ്റിക്കോട്ടയിൽ ,കറുകയിൽ | 9061418314 | അംഗം |
| 8 | അനന്തു പി.എൻ, പടിഞ്ഞാറേ പുതുവൽ, കാവാലം പി.ഒ | 9188486351 | അംഗം |
| 9 | ബിജി എം.എൻ., മുലേശ്ശേരി, കാവാലം പി.ഒ | 7907998073 | അംഗം |
| 10 | കെ.കെ അഭിലാഷ് | 9656911418 | അംഗം |
| 11 | സുധീഷ് | 8086020281 | അംഗം |
| 12 | സി.റ്റി സജീവ്, ചേന്നംപള്ളി, ഈര | 9544391459 | അംഗം |
| 13 | പി.ആർ ഷൈജു, കാവാലം | 9188284756 | അംഗം |

# ആമുഖം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ മുട്ടാർ, വെളിയനാട്, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, രാമങ്കരി എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൻറെ ആസ്ഥാനം രാമങ്കരി ഗ്രാമപഞ്ചായത്തിലെ മാമ്പുഴക്കരിയിൽ സ്ഥിതിചെയ്യുന്നു. കേരളത്തിന്റെ നെല്ലറയായ കുട്ടനാടിന്റെ പ്രതാപം പേറുന്ന ആറു പഞ്ചായത്തുകളാണ് മേൽ സൂചിപ്പിച്ച പഞ്ചായത്തുകള്. കർഷകരുടെയും, കർഷകത്തൊഴിലാളികളുടെയും ചരിത്രം ഉറങ്ങുന്ന നാടായ കുട്ടനാട് എണ്ണമറ്റ പോരാട്ടങ്ങൾക്കും ചരിത്രസംഭവങ്ങൾക്കും സാക്ഷിയാണ്.

## സമ്പത്ത് ഘടനയുടെ പൊതുസ്ഥിതി

ബ്ലോക്കിനെ പൊതുവായി എടുത്താൽ ജനങ്ങളുടെ സമ്പദ്ഘടന കൃഷിയിൽ അധിഷ്ഠിതമാണ്. പ്രത്യേകിച്ചും നെൽകൃഷി. കൂടാതെ തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ, വാഴ എന്നിവയും കൃഷിചെയ്യുന്നുണ്ട്. ചില പഞ്ചായത്തുകളിൽ റബറും കൃഷി ചെയ്തുവരുന്നു. ഏറ്റവും കൂടുത നെൽപ്പാടങ്ങൾ ഉള്ളത് നീലംപേരൂർ ഗ്രാമപഞ്ചായത്തിലും (3660 ഹെക്ടർ), കുറവ് മുട്ടാർ ഗ്രാമപഞ്ചായത്തിലുമാണ് (754.65 ഹെക്ടർ)

വെള്ളപ്പൊക്കവും വിളവെടുപ്പ് സമയത്ത് ഉൽപ്പന്നത്തിനുമേൽ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന വിലയിടിവും കൃഷി ആവർത്തന ചെലവുകളുടെ വർദ്ധനവും മറ്റും കൃഷിക്കാർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കപ്പെടുന്ന ഘടകങ്ങളാണ്. തൊഴിലാളികളുടെ കുറവും ബുദ്ധിമുട്ടുകൾ ഉണ്ടാക്കാറുണ്ട്.

നെല്ല് കഴിഞ്ഞാൽ കൂടുതൽ പ്രാധാന്യം തെങ്ങുകൃഷിക്കാണ്. തേങ്ങയ്ക്ക് കൃത്യമായ വിലനിലവാരമില്ല. വെളിച്ചെണ്ണ ഇറക്കുമതി കേരകർഷകരെ വളരെയധികം ദേഷകരമായി ബാധിക്കും. കേട്ടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുത്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ വിതരണം വ്യാപകമാക്കണം. നാളികേര സംസ്കരണ–സംഭരണകേന്ദ്രങ്ങള് തുടങ്ങുവാനും കഴിയണം.

ബ്ലോക്കതിർത്തിയിലുള്ള എല്ലാ പഞ്ചായത്തുകളിലും പച്ചക്കറികൃഷിയുണ്ട്. പച്ചക്കറി കൃഷിയ്ക്ക് പറ്റിയ മണ്ണാണ് കുട്ടനാട്ടിലേത്. കൃഷിയ്ക്ക് പഞ്ചായത്തുകൾ കൂടുതൽ പ്രാധാന്യ നൽകി വരുന്നുണ്ട്. വാഴകൃഷി ഇവിടെ നല്ല രീതിയിൽ നടക്കുന്നുണ്ട്. കുട്ടനാട്ടിൽ അപ്രതീക്ഷിതമായി ഉണ്ടാവുന്ന പ്രകൃതി ക്ഷോഭങ്ങൾ ഈ കൃഷികൾക്ക് ഒരു ഭീഷണിയാണ്.

# വികസനത്തിന്റെ വെല്ലുവിളികൾ

## ഉത്പാദന മേഖല

ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന വരുമാനമാർഗ്ഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നു. എന്നാൽ, നെൽകൃഷി മേഖലയിലെ വിസ്തൃതിയും, വരുമാനവും കുറഞ്ഞുവരുകയാണ്. നിലം നികത്തലിന് ഒരു സമാപ്തി വന്നിരിക്കുന്നു എന്നത് ആശ്വാസമാണ്. നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന കൃഷിചെലവ്, ഉത്പ്പാദനശേഷിയും, രോഗപ്രതിരോധശേഷിയുമുള്ള നെൽവിത്തുകളുടെ അഭാവം, ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതിരിക്കുക, സംഭരണശാലകളുടെ അഭാവം പാടശേഖരങ്ങളുടെപുറംബണ്ടുകളുടെ ബലക്ഷയം, പുതു തലമുറയ്ക്ക് കൃഷിയോടുള്ള താൽപര്യക്കുറവ് എന്നിവയൊക്കെയാണ്. അടുത്തകാലത്തായി വെള്ളപ്പൊക്ക ഭീഷണിയും ഈ മേഖലെ കാര്യമായി ബാധിച്ചിട്ടുണ്ട്.

നെല്ല് കഴിഞ്ഞാൽ കുട്ടനാട്ടിൽ ഏറ്റവും അധികം കൃഷിചെയ്യുന്ന നാണ്യവിള തെങ്ങാണ്. കേരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം ഉൽപ്പന്നങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിലുകളാണ്. കേര ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തടയണം. ഗുണമേന്മയുള്ള വിത്തുകളുടെ അഭാവം, സംസ്കരണശാലകളുടെ കുറവ് എന്നിവയും പരിഹരിക്കപ്പെടണം.

മറ്റ് കാർഷിക വിളകളുടെ അവസ്ഥയും വ്യത്യസ്തമല്ല. വാഴ, കവുങ്ങ്, പച്ചക്കറികൾ ഒക്കെ കൂടുതൽസ്ഥലത്ത് കൃഷിചെയ്യുന്നുണ്ട്. പച്ചക്കറി കൃഷി കൂടുതല് വ്യാപകമാക്കിയാൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരില്ലെന്നത് സത്യം തന്നെ. ഗ്രാമപഞ്ചായത്തുമായി ചേർന്ന് ജനകീയാസൂത്രണപദ്ധതിയിൽപ്പെടുത്തി കൃഷി വ്യാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. ഉപയോഗ്യമല്ലാത്ത തോടുകളും ജലാശയങ്ങളിലും മറ്റും മത്സകൃഷി, ഒഴുകുന്ന കൃഷിത്തോട്ടം തുടങ്ങിയ ആശയങ്ങളുടെ സാധ്യത പരിശോധിക്കപ്പെടേണ്ടതുണ്ട്. ഉയർന്ന തീറ്റ ചെലവ്, കർഷകർക്ക് മതിയായ വില ഉൽപന്നങ്ങൾക്ക് ലഭിക്കാതിരിക്കുക, മറ്റ് പരിപാലന ചെലവുകളുടെ വർദ്ധന തുടങ്ങവ ക്ഷീര-മൃഗ സംരക്ഷണ മേഖലെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ഗതാഗത സൌകര്യങ്ങളുടെ അഭാവും തദ്ദേശിയമായി പരിശീലനം കിട്ടുന്നതിനുള്ള സൌകര്യ കുറവും മറ്റും ചെറുകിട വ്യവസായം പോലുള്ള സംരംഭങ്ങളിലേക്ക് തിരിയുന്നതിന് വിലങ്ങുതടിയാകുന്നുണ്ട്.

എന്നാൽ അർപ്പണ മനോഭാവത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും വിജയം കൈവരിച്ച ഉദാഹരണങ്ങൾ ബ്ലോക്ക് പരിധിയിൽത്തന്നെ ഉണ്ടന്നത് ആശാവഹമാണ്.

## സേവനമേഖല

സേവന മേഖലയിൽ പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ നിരവധി പോരായ്മകൾ നിലവിലുണ്ട്. പുളിങ്കുന്ന് താലൂക്ക് ആശുപത്രി, വെളിയനാട് സി.എച്ച്.സി എന്നിവയുടെ ഭൌതിക സൌകര്യങ്ങൾ പരിതാപകരമാണ്. പുളിങ്കുന്ന് താലൂക്ക് ആശുപത്രി നിർമ്മാണത്തിന് സംസ്ഥാന സർക്കാർ 148 കോടി കിഫ്ബി ഫണ്ട് വകയിരുത്തിയത് സ്വാഗതാർഹമാണ്. എന്നാൽ പ്രസ്തുത ആശുപത്രിയിലേക്കുള്ള റോഡ് ഇപ്പോളും യാഥാർത്യമായിട്ടില്ല. എങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ നിരന്തരമായ ശ്രമഫലമായി റോഡ് ഫോർമേഷന് നടത്തുന്നതിന് സാധച്ചിട്ടുണ്ട് എന്നത് വളരെ ചാരിതാർത്ഥ്യം നൽകുന്നു.

സാമൂഹ്യക്ഷേമം, കുടിവെള്ളം, വ്യവസായം ഇവയും പരാധീനതയുടെ പട്ടികയിൽ തന്നെ. ആരോഗ്യരംഗത്ത് നിരവധി ചികിത്സാസൗകര്യങ്ങള് നമുക്കുണ്ട്. ശുചിത്വകാര്യങ്ങളിലും, പരിസരമലിനീകരണത്തിലും വരുത്തുന്ന അയവേറിയതും കുറ്റകരവുമായ പ്രവണത തിരുത്തപ്പെടേണ്ടതാണ്. ആർ. ആർ. എഫ് നിർമ്മാണത്തിനും ആനിമൽ ബർത്ത് കൺട്രോൾ സംവിധാനത്തിനുമായി ബ്ലോക്ക് പരിധിയിൽ സ്ഥലം കണ്ടെത്തുന്നതിന് നമുക്ക് നിലവിൽ സാധിച്ചിട്ടില്ല.

ആറു പഞ്ചായത്തിലെയും കുടിവെള്ള പ്രശ്നങ്ങളും പരിഗണിക്കേണ്ട പ്രശ്നമാണ്. ഭൂരഹിത ഭവനരഹിതരുടെ പ്രശ്നങ്ങൾ, അതിദാരിദ്രരുടെ ക്ഷേമം തുടങ്ങിയവും പരിഹരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമവും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കേണ്ടതുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നുണ്ടെങ്കിലും മാതൃകാപരമായ രീതിയിൽ പ്രവർത്തനം കാഴ്ചവെയ്ക്കാൻ മിക്ക സംരംഭങ്ങൾക്കും കഴിയുന്നില്ല എന്നത് ഖേദകരമായ വസ്തുതയാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ അവസ്ഥയും വളരെ പരിതാപകരമാണ്. വികസന പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിക്കേണ്ട ആസ്ഥാന മന്ദിരം ശോചനീയമായ അവസ്ഥയിലാണ് എന്നത് ഒരു ദുഃഖ സത്യമാണ്. വളരെ പരിമിതമായ സൌകര്യത്തിലാണ് ഓഫീസ് പ്രവർത്തിച്ചു വരുന്നത്. പുതിയ ആസ്ഥാന മന്ദിരം പണിയുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പശ്ചാത്തല മേഖയിലെ തുക തീർത്തും തുച്ഛമാണ്. സർക്കാർ തലത്തിൽ നിന്നോ എം.എൽ.എ/എം.പി ഫണ്ട് പോലെയുള്ള മാർഗ്ഗങ്ങളിലൂടെയോ മാത്രമേ ബ്ലോക്ക് ഓഫീസ് കെട്ടിടം എന്ന സ്വപ്നം പൂവണിയുകയുള്ളൂ.

## പശ്ചാത്തല മേഖല

നാടിന്റെ വികസന എന്നാൽ ആദ്യം മനസ്സിൽ തെളിയുന്നത് യാത്രാസൗകര്യങ്ങളെപ്പറ്റിയുള്ള ചിത്രമാണ്. കുട്ടനാട് പശ്ചാത്തല സൗകര്യങ്ങളുടെകാര്യത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന പ്രദേശമാണ്. എന്നാൽ, ഇന്ന് യാത്രാസൗകര്യത്തിൻറെ കാര്യത്തിൽ ഏറെ മുന്നോട്ട് പോയിട്ടുണ്ട്. എന്നിരുന്നാലും ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഇവ മുഴുവനായി നടപ്പിലാക്കുവാൻ സാമ്പത്തിക പരാധീനത അനുവദിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം എന്ന സ്വപ്നം പോലും ഇത്തരം സാഹചര്യത്തിൽ മാറ്റിവെക്കേണ്ടി വരുകയാണ്.

## സാമൂഹ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ

വ്യത്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഉള്ളതിനാൽ ഇവിടുത്തെ പ്രശ്നങ്ങളും വ്യത്യസ്ഥമാണ്. കാർഷിക മേഖലയിൽ തൊഴിലാളികൾക്ക് തൊഴിലവസരവും ന്യായമായ കൂലിയും ഉറപ്പ് വരുത്തുവാൻ കഴിയണം. കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുവാനും കൃഷിചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടിയിരിക്കുന്നു.

പരിസ്ഥിതി സംരക്ഷണം കൂടി ലക്ഷ്യംവെച്ചുള്ള കൃഷിരീതികൾ അവലംബിക്കണം. രാസവളങ്ങളുടെയും, കീടനാശിനികളുടെയും ഉപയോഗം പരിമിതപ്പെടുത്തുകയും ജൈവ മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതികൾക്ക് പ്രോൽസാഹനം നൽകുവാൻ ശ്രദ്ധിക്കുകയും ചെയ്താൽ ഭാവിയിലുണ്ടാകുന്ന ഭവിഷ്യത്തുകളിൽ നിന്നും രക്ഷനേടാൻ കഴിയുന്നതാണ്.

അതുപോലെതന്നെ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങളുടെയും കോളനികളിലും മറ്റും താമസിക്കുന്ന ആളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

# വികസനതന്ത്രം

ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഞ്ചായത്തുതല പ്രോജക്ടുകളുടെ സ്വഭാവം കണക്കിലെടുത്തും ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഭൂപ്രകൃതിയും ജനമനസ്സും ഉൾക്കൊണ്ടുമാണ് ബ്ലോക്കുതല പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. കുട്ടനാടൻ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ നിലയിലാണ് വികസന പ്രവത്തർനങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്ന വികസന തന്ത്രത്തിനാണ് ബ്ലോക്ക് പഞ്ചായത്ത് രൂപം നൽകിയിരിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശങ്ങൾ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് വിവിധ മേഖലകൾക്ക് തുക നീക്കിവയ്ക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്.

ഉൽപ്പാദന മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ടത് കൃഷിയാണ്. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനവർദ്ധനവ് കൈവരിക്കുന്നതിലൂടെ മാത്രമേ ജനങ്ങളുടെ ജീവിതപുരോഗതിയും സാമ്പത്തിക അഭിവൃദ്ധിയും മെച്ചപ്പെടുത്തുവാൻ കഴിയൂ. ഉൽപ്പാദന മേഖലയിൽ വരുന്ന മൃഗസംരക്ഷം, ക്ഷീരവികസനം എന്നീ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുവാനും, ഉൽപ്പാദനം മെച്ചപ്പെടുത്തുവാനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നെൽകൃഷി വികസനത്തിനായി ബണ്ട് നിർമ്മാണം പോലുള്ള പ്രവർത്തികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണമേഖലയിൽ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകള് തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് കുട്ടനാട്. കുട്ടനാടൻ പരിതസ്ഥിതിയിൽ വളരെ ആലോചിച്ച് മാത്രമേ വ്യവസായ സംരംഭങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ സാധിക്കൂ. വ്യവസായങ്ങൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയും കുട്ടനാടിൻറെ പശ്ചാത്തലം മനസ്സിലാക്കി പദ്ധതികൾക്ക് രൂപംകൊടുക്കേണ്ടതും കാലഘട്ടത്തിൻറെ ആവശ്യം തന്നെയാകുന്നു.

സേവനമേഖലയിൽ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്നത് ആരോഗ്യരംഗമാണ്. ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ശുദ്ധജലത്തിൻറെ ദൗർലഭ്യം നിലനിൽക്കുന്ന പ്രദേശമാണ് ബ്ലോക്ക് പഞ്ചായത്ത്. പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട് സർക്കാരിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. വെളിയനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നവീകരണ പ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

വനിതകളുടെ സംരക്ഷണത്തിനും സംരംഭകത്വത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭവനം ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതി നടപ്പിലാക്കും. എസ്.സി.പി പദ്ധതി കൾക്കായി നിശ്ചയിച്ച തുക പൂർണ്ണമായി മാറ്റിവച്ചിട്ടുണ്ട്. വികസനത്തിൻറെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ടുപോയ ഒരു ജനവിഭാഗത്തെ കഴിഞ്ഞകാല വികസന പ്രവർത്തനങ്ങളിലൂടെ ജീവിതനിലവാരം മാറ്റുവാൻ സഹായിച്ചിട്ടുണ്ട്.

അംഗീകരിച്ച വികസന തന്ത്രത്തിന് അനുയോജ്യമായ പ്രോജക്ടുകൾ ജനപങ്കാളിത്തത്തോടുകൂടി ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## ഭരണചരിത്രം

ആലപ്പുഴജില്ലയുടെ രൂപീകരണം നടന്നത് 1957 മാർച്ച് മാസം 27–ാം തീയതിയായിരുന്നു. അതിനു മുമ്പ് കുട്ടനാട് ജനതയുടെ ഭരണപരമായ മേൽ നോട്ടം കോട്ടയം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരുന്നു. കൃഷി, കന്നുകാലി സംരക്ഷണം, കോഴിവളർത്തൽ, വ്യവസായം, വനിതാ ശിശുക്ഷേമം, സഹകരണം എന്നീ കാര്യങ്ങൾ കൂടാതെ ലാന്റ് ട്രിബ്യൂണല് സംബന്ധമായ കാര്യങ്ങളും അന്ന് വികസന ബ്ലോക്കിന്റെ കീഴിലായിരുന്നു. മൈലുകള് താണ്ടി കോട്ടയത്ത് പോയി ആവശ്യങ്ങൾ നിറവേറ്റി വരുന്നതിനാൽ ഉണ്ടായ ബുദ്ധിമുട്ട് മനസ്സിലാക്കിയ കുട്ടനാടന് ജനത ഈ പ്രദേശത്ത് ഒരു ബ്ലോക്ക് ഓഫീസ് വേണമെന്ന ആവശ്യം അധികാരികളുടെ മുമ്പാകെ ഉയർത്തുവാൻ തുടങ്ങി. ലാന്റ് ട്രിബ്യൂണല് അധികാരങ്ങളും ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർമാരിൽ നിക്ഷിപ്തമായിരുന്നതിനാൽ ജനങ്ങൾക്ക് നേരിടേണ്ടി വന്നിരുന്ന കഷ്ടതകൾ അനവധിയായിരുന്നു. ഇത് മനസ്സിലാക്കിയ പൗരപ്രമുഖൻമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി ആദ്യമായി ബ്ലോക്ക് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം സമ്പാദിക്കുവാൻ തീരുമാനിച്ചു. ഇതിനോടകം തന്നെ 1954 ൽ കുമരംകരി ദേവസ്വം വക ഊട്ടു പുരയിൽ ബ്ലോക്ക് ഓഫീസ് പ്രവർത്തനം തുടങ്ങുകയും ചെയ്തു. കോട്ടയം കളക്ടറുടെ അധീനതയിലായിരുന്ന ഈ പ്രദേശത്തിന്റെ പ്രത്യേകതകള് ജില്ലാ കളക്ടറെ ബോധ്യപ്പെടുത്തുന്നതിനായി തീരുമാനിച്ചതിനുസരിച്ച് കലക്ടർ ശ്രീ. ദേവസ്യായെ കരക്കാർ 3 ചുണ്ടൻ വള്ളങ്ങളുടെ അകമ്പടിയോടെ എതിരേറ്റുകൊണ്ടുവന്ന് പ്രശ്നങ്ങള് ബോധ്യപ്പെടുത്തി. അന്നുണ്ടാക്കിയ ധാരണ അനുസരിച്ച് കുമരംകരി ദേവസ്വം ഭാരവാഹികളിൽ നിന്നും ക്ഷേത്രം വക രണ്ടേക്കര് ഭൂമി കോട്ടയം ജില്ലാ കളക്ടർ തന്റെ 10–12–1995 ലെ എൽ. എ. നമ്പർ 275/1995 ഉത്തരവിലൂടെ ഭരണ നഷ്ടപരിഹാരം എന്ന നിലയിൽ ഏറ്റെടുത്തു.

അതിൽ സ്വമായി കെട്ടിടം പണിയുകയും 1955 ൽ വെളിയനാട് ബ്ലോക്ക് ഓഫീസ് ഈ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

ബ്ലോക്കിന്റെ ആദ്യകാല പ്രവർത്തനഘട്ടത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് കമ്മിറ്റികള് രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി എല്ലാ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു. ഓരോ മേഖലയിലും പ്രാഗത്ഭ്യം തെളിയിച്ചിരുന്നവരെ ആദ്യ ഘട്ടത്തിൽ ഈ കമ്മറ്റികളിലേക്ക് ഗവൺമെന്റ് നേരിട്ട് നാമനിർദ്ദേശം ചെയ്യുകയും അവരിൽ നിന്നും ചെയർമാനേയും വൈസ് ചെയർമാനെയും തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ശ്രീ. ജോസഫ് കുഞ്ഞ് പടിയറ, ശ്രീ. എം.കെ. പുരുഷോത്തമദാസ്, ശ്രീ വി.ജി. കുട്ടപ്പന് എന്നിവർ വിവിധ കാലയളവിൽ ചെയർമാന്മാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വികസന പ്രവർത്തനം എവിടെ എങ്ങനെ നടപ്പിലാക്കണമെന്ന് ബ്ലോക്ക് ഡവലപ്മെന്റ് കമ്മിറ്റികളാണ് തീരുമാനിച്ചിരുന്നത്.

തുടക്കത്തിൽ കുറിച്ചി, വാഴപ്പള്ളി, നീലംപേരൂർ, മുട്ടാർ, രാമങ്കരി, വെളിയനാട് എന്നീ പഞ്ചായത്തുകൾ ബ്ലോക്കിൽ ഉൾപ്പെട്ടിരുന്നു. ആലപ്പുഴ ജില്ലാ രൂപീകരണത്തോടെ കുട്ടനാട് വികസന ബ്ലോക്കിൽ നിന്നും പുളിങ്കുന്ന്, ആര്യാട് ബ്ലോക്കിൽപ്പെട്ട കാവാലം എന്നീ പഞ്ചായത്തുകളെ വെളിയനാട് ബ്ലോക്കിൽ ഉൾപ്പെടുത്തുകയും കോട്ടയം ജില്ലയിൽ ഉൾപ്പെട്ട കുറിച്ചി, വാഴപ്പള്ളി എന്നീ പഞ്ചായത്തുകളെ ഒഴിവാക്കുകയും ചെയ്തു. നിലവിൽ പുളിങ്കുന്ന്, കാവാലം, വെളിയനാട്, നീലംപേരൂർ, മുട്ടാർ, രാമങ്കരി എന്നീ ആറ് പഞ്ചായത്തുകൾ ഈ ബ്ലോക്ക് പരിധിയിലാണ്. ശ്രീ തോമസ് കപ്പപ്പറമ്പിൽ, ശ്രീ മുഹമ്മദ് കണ്ണ് റാവുത്തർ, ശ്രീ ഒ. ജോസഫ് എന്നിവരായിരുന്നു തുടക്കത്തിലെ ബി.ഡി.ഒ മാർ. ബഹു. ശ്രീ കെ.എം കോര മന്ത്രിയായിരുന്ന കാലയളവിൽ സർവ്വശ്രീ. എ.ജെ. ജോസഫ് പുത്തൻപുര, തമ്പോല ഗോപാലക്കുറുപ്പ്, മാടത്താനി എം.ഇ. നീലകണ്ഠപ്പിള്ള, പ്രൊഫ. പി.കെ. നാരായണണപിള്ള എന്നിവരടങ്ങിയ കമ്മറ്റിയായിരുന്നു ബ്ലോക്കോഫീസിന്റെ നിർമ്മാണത്തിനും മറ്റും ചുക്കാൻ പിടിച്ചിരുന്നത്. വള്ളം, കടത്തുവള്ളം, കടത്തുതോണി, എന്നിവ ഏർപ്പെടുത്തുക, കലുങ്ക്, നടപ്പാത, പാലങ്ങൾ, എന്നിവയുടെ നിർമ്മാണം മച്ചുവാ വിതരണം, കോഴിവളർത്തൽ, കാലിവളർത്തൽ എന്നിവയ്ക്ക് സഹായം മുതലായവ ആരംഭ കാലത്ത് തന്നെ നടപ്പിലാക്കിപ്പോന്ന പദ്ധതികളാണ്.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും കുമങ്കരിയിലുള്ള ബ്ലോക്കോഫീസിൽ എത്തിച്ചേരുന്നതിന് യാത്രാക്ലേശം ഒരു പ്രധാനപ്രശ്നമായിരുന്നു. ചങ്ങനാശ്ശേരിയിൽ നിന്നുള്ള ബോട്ട് സർവ്വീസ് ആയിരുന്നു ഏകയാത്ര മാർഗ്ഗം. വെള്ളപ്പൊക്കം ബ്ലോക്ക് ഓഫീസ് പ്രവർത്തനങ്ങളെ ബാധിച്ചിരുന്നു. ഇക്കാരണങ്ങളാൽ ബ്ലോക്ക് ഓഫീസ് ആസ്ഥാനം കുമരങ്കരിയിൽ നിന്നും മാറ്റുവാൻ തീരുമാനമായി. വളരെ ശ്രമകരമായിരുന്നു ആസ്ഥാന മാറ്റം. എം.സി.

റോഡിന്റെ ആവിർഭാവസ്ഥോടെ ബ്ലോക്കോഫീസ് ആസ്ഥാനം യാത്രാസൗകര്യം ഏറെയുള്ള റോഡ് സൈഡിൽ എവിടെയെങ്കിലും പ്രത്യേകിച്ച് രാമങ്കരിയിലേക്ക് മാറ്റാമെന്ന് പൊതുതീരുമാനമായി. അതനുസരിച്ച് ബ്ലോക്ക് വികസന സമിതി 1975 ആഗസ്റ്റ് മാസത്തിൽ ബ്ലോക്കോഫീസ് രാമങ്കരിയിലേക്ക് മാറ്റുവാൻ തീരുമാനിച്ചു. അവസാന മാറ്റത്തിൽ അന്നത്തെ ബി.ഡി.ഒ. ശ്രീ.കെ. ജോസഫ് വഹിച്ച പങ്ക് നിസ്തുലമാണ്. രാമങ്കരി വില്ലേജ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നമ്പർ. 4041 ഭരണസാരഥികൾ സ്വമായി ബ്ലോക്കോഫീസ് കെട്ടിടം നിർമിച്ചു നൽകാമെന്നറിയിച്ചതിന്റെ വെളിച്ചത്തിൽ 1976 ആഗസ്റ്റ് മാസം 6-ാം തീയതി ബ്ലോക്കോഫീസ് കുമരങ്കരിയിൽ നിന്നും രാമങ്കരി പഞ്ചായത്ത് ഇന്നത്തെ 3-ാം വാർഡിൽ 377-ാം നമ്പർ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുകയും, അവിടെ നിന്നും രാമങ്കരിയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് രാമങ്കരി വില്ലേജിലെ മാമ്പുഴക്കരിയിൽ എ.സി റോഡിന് സമീപം സർവ്വേ നമ്പർ 217/1 ൽ രാമങ്കരി സർവ്വീസ് സഹകരണ ബാങ്ക് നൽകിയ സ്ഥലത്ത് പുതിയതായി കെട്ടിടം പണിത് 1985 സെപ്റ്റംബർ 15-ാം തീയതി മുതൽ ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കിയതോടെ ത്രിതല പഞ്ചായത്ത് സംവിധാനം കേരളത്തിലും നടപ്പിലാക്കി. വെളിയനാട് ബ്ലോക്ക് പഞ്ചായത്തിലേക്കും മറ്റു പഞ്ചായത്ത് സമിതികൾക്കൊപ്പം തെരെഞ്ഞെടുപ്പ് നടന്നു. മങ്കോമ്പ്, പുളിങ്കുന്ന്, കാവാലം, നാരകത്തറ, നീലംപേരൂർ, വെളിയനാട്, രാമങ്കരി, മുട്ടാർ എന്നീ എട്ട് ഡിവിഷനുകൾ ഈ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. 1995 സെപ്തംബർ 25 ന് നടന്ന തെരഞ്ഞെടുപ്പിൽ മങ്കൊമ്പ് ഡിവിഷനിൽ നിന്നും ശ്രീ. അലകസ് മാത്യുവും, പുളിങ്കുന്ന് ഡിവിഷനിൽ നിന്നും ശ്രീമതി. ബ്രിന്റാ ചാക്കോ വർഗ്ഗീസും, കാവാലം ഡിവിഷനിൽ നിന്നും അഡ്വ.റ്റി.എസ്. സുരേഷും, നാരകത്തറ ഡിവിഷനിൽ നിന്നും ശ്രീമതി. മണിയമ്മ ദാമോദരനും നീലംപേരൂർ ഡിവിഷനിൽ നിന്നും ശ്രീ. ജി. ശാർങ്ഗധരനും, വെളിയനാട് ഡിവിഷനിൽ നിന്നും ശ്രീ. ജോസഫ് കെ. നെല്ലുവേലിയും, രാമങ്കരി ഡിവിഷനിൽ നിന്നും ശ്രീ. തങ്കപ്പൻ കറുപ്പനും മുട്ടാർ ഡിവിഷനിൽ ശ്രീമതി. മോളിക്കുട്ടി ജോസഫും തെരഞ്ഞെടുക്കപ്പെട്ടു. 1995 ഒക്ടോബർ 2-ാം തീയതി വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. ശ്രീ. തങ്കപ്പൻ കറുപ്പൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായും ശ്രീമതി. മണിയമ്മ ദാമോദരൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സണാനായും 1996 ഡിസംബർ 16-ാം തീയതി തെരഞ്ഞെടുക്കപ്പെട്ടു.

ബി.ഡി.ഒ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായും പ്രവർത്തിച്ചു വരുന്നു. ബ്ലോക്ക് പഞ്ചായത്ത് സമിതി എന്നാൽ തെരെഞ്ഞെടു പ്പെട്ടവരെ കൂടാതെ 6 ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരും ചേർന്നതാണ്. ബ്ലോക്ക് പഞ്ചായത്താഫീസ്

നിർമ്മിക്കുന്നതിന് ആദ്യ ആദ്യ ഭരണസമിതി യോഗം തീരുമാനമെടുത്തു. 8.86 ലക്ഷം രൂപ ഇതിന് ഗവ.നിന്നും ലഭിക്കുകയും ഈ തുക ഉപയോഗിച്ച് ആദ്യ കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

## ഭൂപ്രകൃതി

ഭൂപ്രകൃതിയാലും ജൈവവിദ്ധ്യത്താലും സമ്പന്നമാണ് കുട്ടനാട്. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശം എന്ന പ്രത്യേകത കൂടി കുട്ടനാടിനുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽപ്പെട്ട മുട്ടാർ, രാമങ്കരി, വെളിയനാട്, കാവാലം, പുളിങ്കുന്ന്, നീലംപേരൂർ എന്നീ ആറു പഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശമാണ് വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്. വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൻറെ അധീനതയിൽ വരുന്ന പ്രദേശം ഭൂരിഭാഗവും വെള്ളക്കെട്ടാണ്. പമ്പയാറും മണിമലയാറും, ബ്ലോക്ക് പരിധിയിലൂടെ കടന്നു പോകുന്നു. ബ്ലോക്കിന്റെ കിഴക്കു ഭാഗത്ത് മാടപ്പള്ളി, പുളിക്കീഴ് ബ്ലോക്ക് പ്രദേശങ്ങളും പടിഞ്ഞാറ് കുട്ടനാട് ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രദേശവും, വടക്ക് കോട്ടയം ജില്ലയിൽപ്പെട്ട പള്ളം ബ്ലോക്ക് പഞ്ചായത്തും തെക്ക് ചമ്പക്കുളം ബ്ലോക്കു പ്രദേശങ്ങളും സ്ഥിതി ചെയ്യുന്നു. ബ്ലോക്കിന്റെ ആസ്ഥാനം രാമങ്കരി ഗ്രാമ പഞ്ചായത്തിലെ മാമ്പുഴക്കരിയാണ്. ബ്ലോക്കു പരിധിയിൽപ്പെട്ട രാമങ്കരി, വെളിയനാട് എന്നീ ഗ്രാമപഞ്ചായത്തിലൂടെ കിഴക്കു പടിഞ്ഞാറായി ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് കടന്നു പോകുന്നു. 139.84 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണം ഉള്ള ബ്ലോക്കിൽ ഏഴ് വില്ലേജുകളാണുള്ളത്. നീലംപേരൂർ, കാവാലം, കുന്നമ്മ, പുളിങ്കുന്ന്, രാമങ്കരി, മുട്ടാർ, വെളിയനാട് എന്നിവയാണ് വില്ലേജുകൾ. (എടത്വാ ഭാഗികമായും ഉണ്ട്)

ബ്ലോക്കിൻറെ കീഴിൽ വരുന്ന 13984.408 ഹെക്ടർ പ്രദേശത്തില് 2357.71 ഹെക്ടർ പുരയിടവും 10456.318 ഹെക്ടർ പ്രദേശം കായലും, പാടങ്ങളും ഉൾപ്പെട്ട നെൽവയലുകളും 1170.38 ഹെക്ടർ പുറമ്പോക്കും തരിശും ആകുന്നു. കൃഷി ഭൂമി പൂർണ്ണമായും സമുദ്രനിരപ്പിൽ നിന്നും 1 മീറ്റർ മുതൽ 2 മീറ്റർ വരെ താഴെ ആയതിനാൽ മൺ ചിറ നിർമ്മിച്ച് മോട്ടോർ വെച്ച് വെള്ളം വറ്റിച്ചാണ് കൃഷി ചെയ്യുന്നത്.

ബ്ലോക്കിൻറെ പരിധിയിൽപ്പെടുന്ന നീലംപേരൂർ ഗ്രാമ പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ നെൽ കൃഷി ഉള്ളത്. ഏറ്റവും കുറച്ച് നെൺകൃഷി ഉള്ളത് മുട്ടാർ ഗ്രാമപഞ്ചായത്തിലാണ്. ബ്ലോക്കിൻറെ പരിധിയിൽ വരുന്ന പ്രധാന കായൽ നിലങ്ങള് രാജരാമപുരം, ഇരുപത്തിനാലായിരം, പഴയ പതിനാലായിരം, ആറായിരം, മംഗലം മഠത്തിൽ കായല്, മതികായല് എന്നിവയാണ്. കൂടാതെ ചെറുതും വലുതുമായ നിരവധി പാടങ്ങളും ഉൾപ്പെടുന്നു. കേരളത്തിൻറെ നെല്ലറ എന്ന് വിശേഷിപ്പിക്കപ്പെട്ട കുട്ടനാടിൻറെ ഒരു ഭാഗം ഉൾപ്പെടുന്ന ബ്ലോക്ക്

പ്രദേശം ചെളിമയവും നല്ല വളക്കൂറുമുള്ള മണ്ണാണ്. ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട ജനങ്ങളുടെ പ്രധാന തൊഴില് നെല് കൃഷിയാണ്. ബ്ലോക്ക് പ്രദേശത്ത് കായൽ നിലങ്ങൾ ഒഴിച്ച് ചില പാടങ്ങളിൽ മാത്രമേ വര്ഷത്തിൽ രണ്ട് കൃഷിയുള്ളൂ. സാങ്കേതികമായ കാരണങ്ങളാൽ കായലുകളിൽ രണ്ടാം കൃഷിയില്ല. ബ്ലോക്കിലൂടെ കടന്നു പോകുന്ന പമ്പാനദിയുടെ കൈവഴിയായി ധാരാളം ഇടതോടുകൾ ബ്ലോക്ക് പ്രദേശത്തെ ഫല ഭൂയിഷ്ഠമാക്കുന്നു. നദികളാലും കൈത്തോടുകളാലും സമൃദ്ധമായ ഈ പ്രദേശം മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കും നല്ല സാദ്ധ്യതയാണ് ഉള്ളത്. കരഭൂമിയിൽ പ്രധാനമായും തെങ്ങ്, വാഴ, പച്ചക്കറി എന്നിവയാണ് കൃഷി ചെയ്യുത്. കാലവർഷ സമയത്ത് തുടർച്ചയായി വെള്ളപ്പൊക്കം അനുഭവപ്പെടുകയും വേനൽ സമയത്ത് അതികഠിനമായ വരൾച്ചയും നേരിടുന്ന ബ്ലോക്ക് പ്രദേശത്ത് കുടി വെള്ളക്ഷാമം രൂക്ഷമാണ്.

തണ്ണീർമുക്കം ബണ്ട് അടച്ചിടുന്നതുമൂലം ജലനിരപ്പ് താഴുകയും ഒഴുക്ക് നിൽക്കുകം വെള്ളം അശുദ്ധമാവുകയും ചെയ്യുന്നു. ബണ്ട് തുറന്നാൽ ഓരു വെള്ളം കയറുകയും ചെയ്യുന്നു. കൃഷിക്ക് അനുയോജ്യമായ പുരയിടങ്ങളും നിലങ്ങളിലും നിരവധി ഹെക്ടർ തരിശായി ബ്ലോക്ക് പ്രദേശത്തുണ്ട്. ബ്ലോക്കിൻറെ പരിധിയിലുള്ള പഞ്ചായത്തുകൾക്ക് ഇന്നും ഒരു ദ്വീപിൻറെ സ്വഭാവമാണ് ഉള്ളത് കാവാലം, പുളിങ്കുന്ന്, വെളിയനാട് എന്നീ ഗ്രാമപഞ്ചായത്തുകളെ മറ്റു പ്രധാന റോഡുകളുമായി ബന്ധിപ്പിച്ചു കൊണ്ട് പാലമോ റോഡോ ഇല്ല. ഈ വിധം ഒറ്റപ്പെട്ട് കിടക്കുന്നതിനാൽ ഈ പ്രദേശങ്ങളുടെ വികസനത്തെ സാരമായി ബാധിക്കുന്നു. ഈ പഞ്ചായത്തുകളിൽ നിന്നും മറ്റു പഞ്ചായത്തിലേയ്ക്ക് പോകണം എങ്കിൽ കടത്ത് ഇല്ലാതെ പോകുവാൻ പറ്റാസ്ഥ അവ ആയതിനാൽ പെട്ടെന്നുള്ള വികസനത്തിന് തടസ്സമാകുന്നു. ബ്ലോക്കിൻറെ കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ എത്തിച്ചേരുവാൻ പൂർണ്ണമായും റോഡ് സൗകര്യം ഇല്ലാത്തതിനാൽ വളരെയധികം പ്രശ്നങ്ങൾ ഈ രംഗത്ത് ഉണ്ട്. ബ്ലോക്കിൻറെ കീഴിൽ ഏറ്റവും കൂടുതൽ ദൂരം റോഡ് ഉള്ളത് രാമങ്കരി പഞ്ചായത്തിലാണ് ഏതാണ്ട് 16 കി.മി.

ബ്ലോക്ക് പ്രദേശത്ത് മൊത്തം നൂറ്റി ഇരുപത്തിയഞ്ച് കിലോമീറ്റർ നീളത്തിലാണ് റോഡുള്ളത്. ബ്ലോക്കിൽ ടാർ ചെയ്ത റോഡുകൾ കൂടാതെയുള്ള മറ്റ് വഴികളുടെ ദൈർഘ്യം 564 കിലോമീറ്റർ ആണ്. ബ്ലോക്ക് പ്രദേശത്തെ ജനങ്ങൾ കഠിനാധ്വാനികളും ഉത്സാഹശാലികളുമാണ്. ബ്ലോക്കിലെ ഭൂരിപക്ഷം ജനങ്ങളും കർഷകരും, കർഷകത്തൊഴിലാളികളുമാണ്. കർഷകരിൽ ഭൂരിപക്ഷവും ചെറുകിട നാമ മാത്ര കർഷകരാണ്. സ്വമായി കൃഷി സ്ഥലങ്ങൾ ഉള്ളവരാണ്. കൂടുതൽ പേരും കൃഷി, കൃഷിപ്പണി, മത്സ്യ ബന്ധനം, കച്ചവടം എന്നീ തൊഴിലുകളിൽ നിന്നാണ് നിത്യവൃത്തിയ്ക്ക് വരുമാനം കണ്ടെത്തുന്നത്.

### കർഷകരും, കർഷകത്തൊഴിലാളികളും, മറ്റുതൊഴിലാളികളും

| മേഖല | പുരുഷന് | സ്ത്രീ | ആകെ തൊഴിലാളികള് |
|---|---|---|---|
| കാർഷികതൊഴിലാളികൾ | 9031 | 8363 | 17394 |
| കാർഷികേതരമേഖല | 1618 | 2098 | 3716 |
| മുഖ്യതൊഴിലാളികൾ (മുഴവദ്ധ സമയം) | 20367 | 9870 | 30237 |
| കർഷകർ | 3236 | 137 | 3373 |
| നിർമാണതൊഴിലാളികൾ | 1086 | 340 | 1426 |
| വ്യവസായതൊഴിലാളികൾ | | | 441 |
| തൊഴില് രഹിതർ | 27671 | 28343 | 56014 |

# വികസന മേഖലകളുടെ അവസ്ഥാവിശകലനം

## പൊതുഭരണവും ധനകാര്യവും

വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്, അനുബന്ധസ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സേവനം വളരെ വേഗത്തിലും കാര്യക്ഷമതയോടും ജനങ്ങളിൽ എത്തിക്കുകയെന്നതാണ് ബ്ലോക്ക് പഞ്ചായത്തിൻറെ ലക്ഷ്യം. സുത്തിര സേവനലഭ്യതയും അവയുടെ അടിസ്ഥാനഭരണവും കൂടുതൽ കാര്യക്ഷമമാക്കേണ്ടത് കാലഘട്ടത്തിൻറെ അനിവാര്യതയാണ്. ജനങ്ങൾക്കുവേണ്ടിയുള്ള ജനങ്ങളുടെ ഭരണം അതിൻറെ എല്ലാ നന്മകളോടും വികസനോന്മുഖമായ കാഴ്ചപ്പാടോടെയും ജനങ്ങൾക്ക് ലഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ആത്മാർത്ഥമായി ശ്രമിക്കുന്നു.

പ്രാദേശിക ആസൂത്രണം കാര്യക്ഷമമാക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. പദ്ധതി രൂപീകരണം, നിർണ്ണഹരണം മോണിറ്ററിംഗ് തുടങ്ങിയ വിവിധ വികസന മേഖലകളിലെ വൈദഗ്ധ്യമുള്ള വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. സാങ്കേതിക സഹായത്തോടെ വരവ്- ചിലവ് കണക്കുകൾ കൃത്യമായും സുതാര്യമായും സൂക്ഷിച്ച് വരുന്നു.

വിവരാവകാശനിയമം കാര്യക്ഷമവും പൊതുജനങ്ങൾക്ക് സംശയനിവാരണത്തിനായി സെക്രട്ടറി, ഇൻഫർമേഷൻ ഓഫീസറായും പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങൾ അപേക്ഷയിലൂടെ ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യസമയത്തു തന്നെ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. അങ്ങനെ സുതാര്യമായ ഭരണനിർവഹണത്തിനു കഴിയുന്നു.

സുഗമായ ഭരണനിർവഹണത്തിനായി ഉദ്യോഗസ്ഥരുടെ കഴിവുകൾ വികസിപ്പിക്കുന്നു. പൊതുജനങ്ങളോടു പ്രതിബന്ധത വളർത്തുന്നതിനായി ഉദ്യോഗസ്ഥ പൊതുജനബന്ധം വളർത്തുന്നതിന് സമഗ്രവും കാര്യക്ഷമവുമായ പരിശീലന പരിപാടികൾ നടത്തുന്നു. ഇതോടൊപ്പം ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടികളും കാര്യക്ഷമമായി നടത്തുന്നു. കൂടാതെ ബ്ലോക്കിൽ നിന്നും നൽകുന്ന സേവനങ്ങൾ, ആനുകൂല്യ വിതരണങ്ങൾ എന്നിവയെല്ലാം പ്രതിപാദിക്കുന്ന പൗരാവകാശ രേഖയും പ്രസിദ്ധീകരിച്ചുണ്ട്.

വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൽ എൽ. എസ്.ജി.ഡി വിഭാഗം ഉൾപ്പെടെ 35 സ്ഥിരം ജീവനക്കാരും മൂന്ന് താൽക്കാലിക ജീവനക്കാരുമാണ് നിലവിലുള്ളത്. കൂടാതെ വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളായ പുളിങ്കുന്ന് ആശുപത്രിയിൽ 61 ജീവനക്കാരും വെളിയനാട് സി.എച്ച്.സിയിൽ 42 ജീവനക്കാരും പട്ടികജാതി / പട്ടികവർഗ്ഗ വികസന ഓഫീസിൽ 2 ജീവനക്കാരും ശിശുക്ഷേമ

ഓഫീസിൽ 11 ജീവനക്കാരും ക്ഷീരവികസന ഓഫീസിൽ 2 പേരും അഗ്രിക്കൾച്ചറൽ ഓഫീസിൽ 6 പേരുമാണ് നിലവിലുള്ളത്.

ബ്ലോക്കില് കംപ്യൂട്ടർ വൽക്കരണവും നെറ്റ് കണക്ടിവിറ്റിയും ലഭിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം പൂർണ്ണമായ രീതിയിലായിട്ടില്ല. റെക്കോർഡ് റൂം സ്ഥലം പരിമിതമാണ്. പരാതികൾ തൃപ്തികരമായ രീതിയിൽ പരിഹരിക്കുന്നുണ്ട്. നിരന്തര പരിശീലനവും തുടർച്ചയായ പ്രവർത്തന വിലയിരുത്തലുകളും, ഇ-ഗവേണൻസ് സോഫ്റ്റ് വെയറുകളും തൃപ്തികരമായി നടക്കുന്നു.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭൌതിക സൌകര്യം വളരെ പരിമിതമാണ്. കെട്ടിടം വളരെ ശോചനീയാവസ്ഥയിലാണ്. തീർച്ചയായും പുനരുദ്ധരിക്കേണ്ട അവയിലാണ് ഓഫീസ് കെട്ടിടം. ഭൂപ്രകൃകതിയുടെ പ്രത്യേകതകൊണ്ടും താഴ്ന്ന പ്രദേശമായതിനാലും വെള്ളപ്പൊക്ക ബുദ്ധിമുട്ടുകൾ ഉള്ളതിനാലും നല്ല രീതിയിൽ ആധുനികമായ നിർമാണ സൗകര്യങ്ങൾ പ്രയോജപ്പെടുത്തി പുതിയ ബ്ലോക്ക് ഓഫീസ് സമുച്ചയം ഉണ്ടാകേണ്ടതുണ്ട്. എന്നിരുന്നാലും ജന സേവന പ്രവർത്തനങ്ങള് പരമാവധി വേഗതയിൽ പരിമിതമായ സൊകര്യത്തില് നിന്നുകൊണ്ട് തന്നെ നൽകി വരുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഫോറം 3 |
| മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്റ്റുകൾ | | | | | | | |
| തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | | | | | |
| വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- പൊതുഭരണവും ധനകാര്യവും | | | | | | | |
| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്റ്റിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
| 1 | പൊതുഭരണവും ധനകാര്യവും | ഐ.എസ്.ഒ സർട്ടിഫിക്കേഷന് | GEN | 600000 | ഐ.എസ്.ഒ സർട്ടിഫിക്കേഷന് ലഭിച്ചു | സമയബന്ധിതമായ സേവനം ഉറപ്പാക്കല് | സേവനം ഉറപ്പാക്കൽ |

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- പൊതുഭരണവും ധനകാര്യവും

| ക്രമനമ്പർ | മേഖല/ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങള് |
|---|---|---|---|---|---|---|---|---|
| | | | | | NIL | | | |

# കൃഷി (കാർഷിക മേഖല)

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കില് നെൽകൃഷിയ്ക്ക് പ്രസിദ്ധമായ പ്രദേശമാണ് വെളിയനാട് ബ്ലോക്ക്. സമുദ്രനിരപ്പിൽ നിന്ന് 1.2 മുതൽ 3 മീറ്റർ വരെ താഴെയാണ് എന്നുള്ളത് ഈ പ്രദേശത്തിന് ചരിത്രത്താളുകളില് ഇടം നൽകാൻ കാരണമായിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ നെല്ലുൽപ്പാദനത്തിൻറെ കലവറയാണ് വെളിയനാട് ബ്ലോക്ക് പ്രദേശം. കേരളത്തിലെ 4 പ്രധാന നദികളായ പമ്പ, മീനച്ചിൽ, അച്ചൻകോവിൽ, മണിമല എന്നിവ ഈ പ്രദേശത്തുകൂടി ഒഴുകുന്നു. വെളിയനാട് ബ്ലോക്കിൻറെ ആകെ ഭൂവിസ്തൃതി ലഭ്യമായ കണക്കുകൾ പ്രകാരം 13954 ഹെക്ടര് ആണ്. അതിൽ 12926.98 ഹെക്ടർ കൃഷിയ്ക്ക് അനുയോജ്യമായ വിസ്തൃതിയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ, കൃഷിയ്ക്ക് അനുയോജ്യമായ വിസ്തൃതിയിൽ 12192.344 ഹെക്ടറിൽ മാത്രമാണ് നിലവിൽ കൃഷിചെയ്തുവരുന്നത്. ഇനിയും ബ്ലോക്ക് പ്രദേശത്ത് 112.28 ഹെ. കൃഷിയോഗ്യമായ തരിശും 198 ഹെ. കൃഷിയോഗ്യമല്ലാത്ത തരിശും ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. വെളിയനാട് ബ്ലോക്ക് പ്രദേശത്തെ പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ്.

I . നെൽകൃഷി

വെളിയനാട് ബ്ലോക്കിൽ 193 പാടശേഖരങ്ങളുടെ 18 കായൽ പാടശേഖരങ്ങളുമായി 10250 ഹെക്ടർ സ്ഥലത്തു നെൽകൃഷിചെയ്യുന്നു. 163 ഹെക്ടർ സ്ഥലത്തു രണ്ടാം കൃഷി ചെയ്യുന്നു. നെൽകൃഷിക്ക് അനുയോജ്യമാണെങ്കിലും മണ്ണിൻറെ അമ്ലത കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. ജലത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന സ്ഥലമാണിത്. പമ്പ, മണിമലയാർ, വേമ്പനാട് കായൽ എന്നീ ജലാശയങ്ങളുടെ തീരത്താണ് കൂടുതൽ പാടശേഖരങ്ങളും. അതുകൊണ്ട് തന്നെ പമ്പയാറിൻറെ കുത്തൊഴുക്കും, വേമ്പനാട്ടു കായലിൻറെ ഓളവും കൂടെ കൂടെയുള്ള വെള്ളപ്പൊക്കവും പാടശേഖരത്തിൻറെ ബണ്ടിന് ബലക്കുറവ് ഉണ്ടാക്കുകയും മടവീഴ്ചയ്ക്കു കാരണമാവുകയും ചെയ്യുന്നത് കൃഷി തന്നെ ഉപേക്ഷിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നു.

റോഡ്, വീടുകൾ മുതലായ നിർമ്മാണ പ്രവൃത്തികൾ മൂലം നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞിട്ടുണ്ടെങ്കിലും മുൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്ന ജ്യോതി നെൽവിത്തിന് പകരമായി കൂടുതൽ ഉല്പാദന ക്ഷമതയുള്ള ഉമനെൽവിത്തിന്റെ ഉപയോഗം മൂലം ഉല്പാദന വർദ്ധനവ്

ഉണ്ടായിട്ടുണ്ട്. കാർഷിക യന്ത്ര വൽക്കരണം മൂലം ട്രാക്ടർ കൊയ്ത്തു യന്ത്രം മുതൽ ഡ്രോണുകൾ വരെ പ്രയോഗത്തിൽ വന്നത് മൂലം തൊഴിലാളി ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ നെല്ലിന് താങ്ങു വില ലഭിക്കുന്നതും സർക്കാർ സബ്സിഡികൾ ലഭിക്കുന്നതും കർഷകർക്ക് നെൽകൃഷിയിൽ ആഭിമുഖ്യം കൂട്ടുന്നതിന് സഹായകമായണ്. ആകെയുള്ള നെൽകൃഷിയുടെ 50 ശതമാനത്തിലധികം പാട്ട കൃഷിക്കാരാണ് കൃഷി ചെയ്യുന്നത്. പാട്ട ഭൂമി ലഭിക്കുന്നതിനായി രണ്ടു വർഷം മുമ്പ് തന്നെ പാട്ടക്കൂലി കൊടുത്തു സ്ഥലം ഏറ്റെടുക്കുന്ന പ്രവണത കണ്ടു വരുന്നു.

## പ്രതിസന്ധികൾ

1. ആഗോള കാലാവസ്ഥാ വ്യതിയാനം മൂലം 2018 മുതൽ തുടർച്ചയായി വെള്ളപൊക്കം ഉണ്ടാകുന്നത് നെൽകൃഷിക്ക് ഭീഷണി ആയിരിക്കുന്നു. പലതവണയായി വെള്ളപ്പൊക്കം ഉണ്ടാകുന്നതു മൂലം യഥാസമയം തുടങ്ങുവാൻ സാധിക്കുന്നില്ല. കൊയ്ത്തു സമയത്തുള്ള കൃഷിനാശം ഉണ്ടാക്കുന്നതിനും കാരണമാകുന്നു. കൂടാതെ ഉപ്പ് വെള്ളത്തിൻറെ ഭീഷണിയും നില നിൽക്കുന്നു.
2. 10250 ഹെക്ടർ സ്ഥലത്തേക്കായി 1025 ടൺ നെൽ വിത്ത് പുഞ്ച കൃഷിക്ക് ആവശ്യമായി വരുന്നു. സർക്കാര് ഏജൻസികളില് നിന്നും മുഴുവന് നെല് വിത്തും ലഭ്യമാകുന്നില്ല. മാത്രമല്ല നെൽവിത്ത് കിളിർക്കാത്ത പ്രശ്നവും കർഷകര് നേരിടുന്നു. അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവ് കൂടുതല് ആയതിനാല് വിത്തിന്റെ അങ്കുരണ ശേഷി പെട്ടെന്ന് നഷ്ടപ്പെടുന്നു.
3. വെള്ളപൊക്കം മൂലം പാടശേഖരങ്ങളിൽ മട വീഴുന്നു. ബലവത്തായ ബണ്ട് കൾ ഇല്ലാത്തതാണ് ഇതിനു കാരണം. ബണ്ട്കളുടെ ബലക്കുറവുമൂലം രണ്ടാം കൃഷി ചെയ്യുന്നതിനും സാധിക്കുന്നില്ല.
4. മിക്ക പാടശേഖരങ്ങൾക്കും താത്കാലിക മോട്ടോർപുരയാണുള്ളത് സ്ഥിരമായ മോട്ടോർ ഷെഡ് ഇല്ലാത്തതിനാൽ സ്ഥിരമായ കറണ്ട് കണക്ഷൻ എടുക്കാനും സാധിക്കുന്നില്ല.
5. ജൂൺജൂലൈ മാസങ്ങളിൽ കിഴക്കുനിന്നും വരുന്ന വെള്ളം – പാടശേഖരങ്ങളിൽകയറ്റുന്നതിനും എക്കൽ ശേഖരിക്കുന്നതിനും മുൻ കാലങ്ങളിൽ പുഞ്ച കൃഷിക്ക് ശേഷം മട ഇടുന്ന പതിവ് ഉണ്ടായിരുന്നു. എന്നാൽ മട കുത്തുന്ന ഭാരിച്ച ചിലവ് മൂലം മട കുത്താത്തതിനാൽ ഫലപുയിഷ്ടമായ എക്കൽ മണ്ണ് പാടശേഖരത്തിൽ ശേഖരിക്കാൻ സാധിക്കുന്നില്ല .
6. പല സാഹചര്യങ്ങൾ മൂലം കുറെ പാടശേഖരങ്ങൾ തരിശ്ശായി കിടക്കുന്നു ഇത് . മൂലം സമീപവാസികൾക്ക് പലവിധ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

7. കർഷകർ പുഞ്ച സ്പെഷ്യൽ ഓഫീസ്, കൃഷിഭവൻ, ഇലക്ട്രിസിറ്റി ഓഫീസ് മുതലായ പല ഓഫീസുകളിൽ കയറിയിറങ്ങുന്നതു മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നു .

## പരിഹാരങ്ങൾ

1. പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുക. കായൽ പാടങ്ങളിൽ ഉള്ളിൽ നിന്നുള്ള ഓളം മൂലം ബണ്ട് തകർന്നു പോകാൻ സാധ്യതയുണ്ട്. ആയതിനാൽ അകം ബണ്ടും ബലപ്പെടുത്തേണ്ടതാണ്. ബലവത്തായ ബണ്ടുകൾ ഉണ്ടെങ്കിൽ രണ്ടാം കൃഷി ചെയ്യാനും വിത്തുൽപ്പാദന പദ്ധതി പ്രകാരം കൃഷി ചെയ്ത് പ്രദേശത്തേക്കാവശ്യമായ വിത്ത് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാനും സാധിക്കും കൂടാതെ കാർഷിക കലണ്ടർ പ്രകാരം നവംബർ ആദ്യ വാരം തന്നെ കൃഷി യിറക്കുവാനും സാധിക്കും.
2. വിത്ത് ശേഖരിക്കുന്നതിനായി സ്റ്റോറുകൾ പാടശേഖരങ്ങൾക്കോ വ്യക്തികൾക്കോ നൽകിയാൽ വിത്ത് കേട്ടു കൂടാതെ സൂക്ഷിക്കാൻ സാധിക്കും .
3. പാടശേഖരങ്ങൾക്ക് സ്ഥിരം മോട്ടോർ ഷെഡ് നിർമിക്കാൻ ധനസഹായം നൽകുക.
4. പാടശേഖരങ്ങളിൽ ഷട്ടർ മട നിർമിക്കാൻ ധന സഹായം നൽകുക.
5. ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രൊജക്റ്റ് ആയി എല്ലാ ജില്ലാ-ബ്ലോക്ക്-കർഷകർക്കും കൂലിച്ചിലവ് സബ്സിഡി നൽകുക.
6. തരിശ് കിടക്കുന്ന പാടങ്ങൾ കണ്ടെത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തോടെ കൃഷിചെയ്യുക.
7. കാർഷിക യന്ത്രവൽക്കരണത്തിൻറെ ഭാഗമായി പാടശേഖരങ്ങൾക്ക് പെട്ടി, പറ, വെർട്ടക്കല് ആക്സിസ് പമ്പ്, ട്രാക്ടർ, കൊയ്ത്തു യന്ത്രം എന്നിവ സബ്സിഡി നിരക്കിൽ നൽകുക.
8. നെൽ കൃഷിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു ഓഫീസിൻറെ കീഴിൽ ആക്കുക.
9. ഉൽപ്പാദന വൈവിധ്യവൽക്കരണത്തിൻറെ ഭാഗമായി അരിപ്പൊടി, അവൽ മുതലായവ നിർമിക്കുന്ന യൂണിറ്റുകൾ കുടുംബശ്രീ പോലെയുള്ള ഗ്രൂപ്പുകൾ വഴി നടപ്പിലാക്കുക.

II.തെങ്ങ് കൃഷി

കര ഭൂമി കുറവായ പ്രദേശമാണെങ്കിലും പാടശേഖരങ്ങളുടെ ബണ്ടുകളിലും മറ്റ് ലഭ്യമായ പ്രദേശങ്ങളിലും വിപുലമായ രീതിയിൽ തെങ്ങു കൃഷി ചെയ്തിരുന്നു. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ വിളവ് ലഭിച്ചിരുന്നതിനു പുറമെ കുട്ടനാടൻ കള്ളും കർഷകർക്ക് വരുമാനമാർഗ്ഗമായിരുന്നു. എന്നാൽ രോഗകീട ബാധയും

വിലക്കുറവും മൂലം കർഷകർ തെങ്ങു കൃഷിയെ അവഗണിച്ചിരിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

## പരിഹാര നിർദേശങ്ങൾ

1. രോഗ കീടബാധയുള്ള തെങ്ങുകൾ കണ്ടെത്തി നശിപ്പിച്ചു കളഞ്ഞു രോഗകീടങ്ങളുടെ ഉറവിടം ഇല്ലാതാക്കുക.
2. അത്യുല്പാദന ശേഷിയുള്ള തൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക
3. നിലവിലുള്ള തെങ്ങുകൾക്ക് നല്ല പരിചരണം നൽകുക.
4. ഗ്രൂപ്പടിസ്ഥാനത്തിൽ രോഗ കീട നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.
5. തെങ്ങ് കയറുന്നതിനുള്ള പരിശീലനം നൽകുക.
6. പച്ചത്തേങ്ങ സംഭരണം കൃഷിഭവൻ വഴി നടപ്പിലാക്കുക.
7. ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക .

ഫോറം 3

മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്-കൃഷി

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങള്/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | നെൽകൃഷി | ബ്ലോക്ക് പരിധിയിലെ വിവിധ പാടശേഖരങ്ങൾക്ക് പുറംബണ്ട് നിർമ്മാണം | GEN | 24 ലക്ഷം | 200 ഹെക്ടർ | 200 ഹെക്ടർ | കൃഷി യഥാസമയം ചെയ്യുവാൻ സാധിച്ചു. |

കുറിപ്പ്-മുൻകാലങ്ങളിൽ നടപ്പാക്കിയതും വിജയം കൈവരിച്ചതുമായ എല്ലാ പ്രോജക്ടുകളും പട്ടികപ്പെടുത്തേണ്ടതില്ല. സവിശേഷമായതും ഇപ്പോഴും നിലനിൽക്കുന്നതും മാതൃക എന്ന് വിശേഷിപ്പിക്കാവുന്നതും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയതിന് കാരണമായതുമായ പ്രോജക്ടുകൾ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും.

| | | | | | | | | ഫോറം 4 |
|---|---|---|---|---|---|---|---|---|
| പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ | | | | | | | | |
| തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പിൻറെ പേര്-കൃഷി | | | | | | | | |
| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
| | | | | | NIL | | | |

കുറിപ്പ്-ഉപയോഗിക്കാതെ കിടക്കുന്നതോ പാതിവഴിയിൽ ഉപേക്ഷിച്ചതോ ആയ പ്രാജക്ടുകളുടേയും ആസ്തികളുടേയും വിവരങ്ങൾ കൂടി നൽകണം

ഫോറം 5

2024-25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്-കൃഷി

| ക്രമനമ്പർ | പ്രോജക്ട് നം | പ്രോജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 40 | വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം | New | Gen | 1400000 | | 0 | | പൂർത്തീകരിച്ചു വരുന്നു |

*പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

ഫോറം 6

## പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്-കൃഷി

| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികള് | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ സാധ്യത പരിഗണിച്ചാല് ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തില് | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | സമയബന്ധിതമായി കൃഷി ഇറക്കാൻ സാധിക്കുന്നില്ല | ബ്ലോക്ക് പഞ്ചായത്ത് പരിധി | | | ✓ | കാലാവസ്ഥാ വ്യതിയാനം | 1. പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തുക.<br>2. കാർഷിക യന്ത്രങ്ങള് വിതരണം ചെയ്യുക | | | മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ വിതരണം ചെയ്യുക |

# മൃഗസംരക്ഷണവും, ക്ഷീര വികസനവും

പൂർണ്ണമായും കാർഷിക വൃത്തിയിൽ ഏർപ്പെട്ട വരുന്ന കുട്ടനാട്ടിലെ കർഷകർക്ക് വർഷം മുഴവൻ അധിക വരുമാന മാർഗ്ഗമായി ക്ഷീര വികസന മൃഗസംരക്ഷണ മേഖല നിലകൊള്ളുന്നു. ആയതിനാൽ ഈ മേഖലയുടെ ഉന്നമനം വെളിയനാട് ബ്ലോക്കിലെ ജനങ്ങളുടെ ആകെ സാമ്പത്തിക സാമുദായിക ഉന്നമനത്തിന് കാരണമാകുന്നതാണ്.

നമ്മുടെ ബ്ലോക്കിലെ കന്നുകാലികളുടെ കണക്ക് 2007 ലെ കണക്കുമായി താരതമ്യത്തിനായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കന്നു കാലികൾ | 2007 ലെ എണ്ണം | 2021 ലെ എണ്ണം |
|---|---|---|---|
| 1 | പശു | 3472 | 2038 |
| 2 | എരുമ | 116 | 96 |

1996 –ൽ വെളിയനാട് ബ്ലോക്കിൽ 452 ക്ഷീര കർഷകര് സംഘങ്ങൾ വഴി പാലളന്നിട്ടുണ്ട്.എന്നാൽ നിലവിൽ 247 ക്ഷീര കർഷകരാണുള്ളത്. തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെത്തുടർന്ന് ക്ഷീര കർഷകര് ഈ രംഗത്തു നിന്നും കൊഴിഞ്ഞു പോയിട്ടുണ്ട്. ബ്ലോക്കിലെ ആറു ഗ്രാമപഞ്ചായത്തുകളിലെ ആകെ പത്ത് ക്ഷീരസഹകരണ സംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 2023–24 വർഷം ബ്ലോക്കിലെ എല്ലാ ക്ഷീരസംഘങ്ങളിലുമായി ആകെ 3.42 ലക്ഷം ലിറ്റർ പാൽ സംഭരിച്ച് വിപണം നടത്തുകയുണ്ടായി. വെളിയനാട് ബ്ലോക്കിൽ ക്ഷീരസംഘങ്ങൾ വഴി ആകെ ഉത്പാദനത്തിൻറെ 20% പാൽ മാത്രമേ സംഭരിക്കപ്പെടുന്നുള്ളൂ. ബാക്കി പ്രാദേശിക വിൽപ്പനയാണ് നടക്കുന്നത്.

1996–ൽ ക്ഷീര വികസന ഓഫീസ് രാമങ്കരി SBI യ്ക്ക് സമീപമുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. നിലവി ൽ രാമങ്കരി ക്ഷീര സംഘത്തിൻറെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

1996–ൽ ക്ഷീര സംഘങ്ങളിൽ പാലിൻറെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകളില്ലായിരുന്നു. നിലവിൽ 6 ക്ഷീരസംഘങ്ങളിൽ ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

## ക്ഷീര വികസന മേഖല നേരിടുന്ന വെല്ലുവിളികൾ

1) കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്.
2) തീറ്റപ്പുല്ലിൻറെ ദൗർലഭ്യം
3) ഉണ്ടുവൽക്കരിപ്പെടുന്ന ഭൂമി

4) രോഗ പ്രതിരോധ നടപടികളുടെ അഭാവം
5) ആധുനികവൽക്കരണത്തിൻറെ അഭാവം
6) മൃഗ പരിപാലനത്തിൽ യന്ത്രവൽക്കരണത്തിൻറെ ആവശ്യകതയെക്കുറിച്ചുള്ള അവബോധമില്ലായ്മ.

മൃഗ പരിപാലനത്തിൽ കർഷകര് പൊതുവെ വിമുഖരാകുന്നതിൻറെ പ്രധാന കാരണങ്ങൾ അവലോകനം ചെയ്യുമ്പോൾ കാലിത്തീറ്റ, ചികിത്സ ചെലവ് എന്നിവയിലുണ്ടായ വർദ്ധനവ് പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

മികച്ച ബോധവൽക്കരണം നൽകി ജനപങ്കാളിത്തത്തോടു കൂടി വ്യവസ്ഥകൾ ലഘൂകരിച്ച് താഴെ പറയുന്ന പദ്ധതികൾ കർഷകരിലേക്ക് എത്തിക്കുവാൻ കഴിഞ്ഞാൽ ക്ഷീര വികസന മേഖല ഇന്നഭിമുഖീകരിക്കുന്ന നിശ്ചലത ഒരു പരിധി വരെ പരിഹരിക്കുവാനും വരും വർഷങ്ങളില് നവീന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ കരുത്തുറ്റതാക്കാൻ കഴിയും.

| ക്രമ നം. | പദ്ധതി | വിശദീകരണം |
|---|---|---|
| 1 | എലിവേറ്റഡ് കാറ്റിൽ ഷെഡ് നിർമ്മാണവും ഉരുക്കളുടെ സംരക്ഷണവും | താഴ്ന്ന പ്രദേശമായതിനാൽ ഏറ്റവും കൂടുതൽ പ്രളയം ബാധിക്കുന്ന പ്രദേശമാണ് വെളിയനാട് ബ്ലോക്ക്. തറ നിരപ്പിൽ നിന്നും ഉയരത്തിൽ നിൽക്കുന്ന തൊഴുത്തുകൾക്ക് പ്രളയത്തെ അതിജീവിക്കുവാൻ കഴിയുമെന്നതിനാൽ അത്തരം പദ്ധതികൾ കർഷകർക്ക് ഏറെ പ്രയോജനം ചെയ്യും. |
| 2 | തൊഴുത്തുകളുടെ ആധുനികവൽക്കരണം | മിൽക്കിംഗ് മെഷീൻ, പ്രഷർ വാഷർ, ചാഫ് കട്ടർ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ മൃഗ പരിപാലനം കൂടുതൽ സുഗമമാക്കുന്നു. |
| 3 | സംയോജിത കൃഷി | നെൽകൃഷി, മത്സ്യകൃഷി, താറാവു വളർത്തൽ എന്നിവയ്ക്കൊപ്പം കന്നുകാലി വളർത്തൽ നടത്തുന്ന ക്ഷീര കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് കർഷകർക്ക് വർഷം മുഴുവൻ വരുമാനം നൽകുന്നതിന് സഹായിക്കും. |

## <u>മൃഗ സംരക്ഷണ – ക്ഷീര വികസന മേഖലയിൽ ഏർപ്പെടുത്താവുന്ന പദ്ധതികൾ</u>

1. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. രാത്രികാല മൃഗ ചികിത്സ സംവിധാനം.
3. കർഷകർക്ക് സൗജന്യ നിരക്കിലുള്ള മൃഗ ചികിത്സ സൗകര്യം എല്ലാ സമയവും വീട്ടുപടിക്കൽ ലഭ്യമാക്കുക
4. ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന അറവുശാലകൾ
5. തെരുവു നായ്ക്കളുടെ വന്ധ്യകരണവും പ്രത്യേക സംരക്ഷണ കേന്ദ്രങ്ങളുടെ നിർമ്മാണവും പരിപാലനവും
6. മുട്ടക്കോഴി,താറാവ് വളർത്തൽ പ്രോത്സാഹന പദ്ധതികൾ
7. ആട് വളർത്തൽ പ്രോത്സാഹന പദ്ധതികൾ
8. കുളമ്പ് രോഗ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതികൾ

## വികസന നയസമീപനം

ശരാശരി പാലുൽപ്പാദനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ പശുകൃഷി ലാഭകരമാക്കാൻ കഴിയൂ. കാലിവളർത്തലിന് വേണ്ടി വരുന്ന ഭീമമായ പരിപാലന ചെലവും കർഷകർക്ക് ആധുനിക കന്നുകാലി വളർത്ത രീതികൾ അവലംബിക്കുന്നതിനുള്ള വിമുഖതയും ഉത്പ്പാദന മുരടിപ്പിന് കാരണമാണ്. ഇതോടൊപ്പം വർദ്ധിച്ച തോതിലുള്ള അകിടു വീക്കം, കുളമ്പുരോഗം എന്നിവ കന്നുകാലികളിലും കോഴി വസന്ത, താറാവ് വസന്ത തുടങ്ങിയ പകർച്ച വ്യാധികൾ വളർത്തു പക്ഷികളിലും ധാരാളമായി കണ്ടുവരുന്നു. കന്നുകാലി കർഷകരുടെ എണ്ണം വർദ്ധിപ്പിച്ച് ഈ രംഗത്ത് കടന്നുവരാനുള്ള ആളുകളുടെ വിമുഖത മാറ്റാനും സങ്കരയിനം പശുക്കളുടെ പരിപാലന ചെലവു കുറച്ച് പാലുൽപ്പാദനം കൂട്ടി, കർഷകർക്ക് പരമാവധി നേട്ടം ഉണ്ടാക്കി കൊടുക്കുവാൻ ഉതകുന്ന വികസന നയമാണ് നമ്മുടേത്. ഇത്തരത്തിൽ വരും വർഷങ്ങളിൽ നവീന പദ്ധതികൾ ആവിഷ്കരിച്ച് ക്ഷീര വികസന – മൃഗ സംരക്ഷണ മേഖല കൂടുതൽ കരുത്തുറ്റതാക്കാൻ കഴിയും.

ഫോറം 3

മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- മൃഗസംരക്ഷണവും ക്ഷീര വികസവും

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ഉത്പാദനം | 2017-18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | GEN | 5 ലക്ഷം | | | പാലുദ്പാദന വർദ്ധനവ് |
| 2 | ഉത്പാദനം | 2018-19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | GEN | 13 ലക്ഷം | | | പാലുദ്പാദന വർദ്ധനവ് |
| 3 | ഉത്പാദനം | 2019-20 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | GEN | 13 ലക്ഷം | | | പാലുദ്പാദന വർദ്ധനവ് |
| 4 | ഉത്പാദനം | 2020-21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | GEN | 6 ലക്ഷം | | | പാലുദ്പാദന വർദ്ധനവ് |
| 5 | ഉത്പാദനം | 2021-22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | GEN | 9.5 ലക്ഷം | | | പാലുദ്പാദന വർദ്ധനവ് |

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- മൃഗസംരക്ഷണവും ക്ഷീര വികസവും

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ← | | | | | NIL | | | → |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഫോറം 5 | | | | | | | | | |
| 2024–25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ | | | | | | | | | |
| തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- മൃഗസംരക്ഷണവും ക്ഷീര വികസവും | | | | | | | | | |
| ക്രമ നമ്പർ | പ്രോജക്ട് നം | പ്രോജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 17 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി | New | GEN | 3 ലക്ഷം | പാലുദ്പാദന വർദ്ധനവ് | 0 | | നടപ്പിലാക്കി വരുന്നു |

ഫോറം 6

## പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– മൃഗസംരക്ഷണവും ക്ഷീര വികസവും

| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുളള കാരണങ്ങൾ/വെല്ലുവിളികള് | പ്രശ്നത്തിനുളള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കല് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തില് | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ഉയർന്ന തീറ്റച്ചെലവ്, നല്ലയിനം ഉരുക്കളുടെ ലഭ്യതക്കുറവ്, ഉത്പാദനക്ഷമത കുറവ് | ബ്ലോക്ക് പഞ്ചായത്ത് പരിധി | | | ✓ | കാലിത്തീറ്റയുടെ ഉയർന്ന വില, ഉരുക്കളെ നൽകുന്ന പദ്ധതികളുടെ എണ്ണത്തിലെ പരിമിതി | 1. കാലിത്തീറ്റ സബ്സിഡി<br>2. പശുക്കളെ വാങ്ങുന്നതിനുളള ധനസഹായം | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ്. | ബ്ലോക്ക് പഞ്ചായത്ത് പരിധി | | ✓ | | തുടർച്ചയായ വെള്ളപ്പൊക്കത്തെ തുടർന്ന് പല കർഷകരും ക്ഷീര മേഖലയിൽ തുടരുന്നില്ല | കുട്ടനാട്ടിലെ ക്ഷീര കർഷകർക്ക് പ്രത്യേക പദ്ധതിയായി മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ് അനുവദിക്കുക. സംയോജിത പദ്ധതിയായി ആയത് നടപ്പിലാക്കുക |
| 3 | ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുക | ബ്ലോക്ക് പഞ്ചായത്ത് പരിധി | | | ✓ | അനുയോജ്യമായ സ്ഥലം കണ്ടെത്താനും ലഭ്യമാക്കാനുമുള്ള പ്രയാസം | ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥലം കണ്ടെത്തുകയോ അല്ലാത്തപക്ഷം മറ്റ് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്നോ പദ്ധതി നടപ്പിലാക്കുക |

# പ്രാദേശിക സാമ്പത്തിക വികസനം

ഒരു നാടിൻറെ വികസനത്തിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് ചെറുകിട വ്യവസായവും അനുബന്ധ മേഖലകളും. വ്യവസായ മേഖലയിലെ വളർച്ചകളിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനോടൊപ്പം തൊഴിലില്ലായ്മ ഇല്ലാതാവുകയും നാടിൻറെ വരുമാന മാർഗ്ഗം വർദ്ധിക്കുകയും ചെയ്യും. എന്നിരുന്നാലും വിവിധ പ്രശ്നങ്ങൾ കാരണം വളരെക്കുറച്ച് വ്യവസായ സംരംഭകർ മാത്രമേ പുതിയ സംരംഭങ്ങളുമായി മുൻപോട്ട് വരുന്നുള്ളൂ. അതിനാൽ വിവിധ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടിക്രമങ്ങളെപ്പറ്റിയും വിവിധ തൊഴിൽ സംരംഭ സാദ്ധ്യതകളെപ്പറ്റിയുള്ള ഉത്കണ്ഠകൾ അകറ്റി നവ സംരംഭകരെ ആകർഷിക്കുന്നതിനു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വ്യവസായ വകുപ്പ് വഴി വിവിധ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ താലൂക്ക് തലത്തിൽ നിക്ഷേപക സംഗമം, വിവിധ വകുപ്പുകളുടെ സേവനങ്ങളും ലൈസൻസുകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളും ബോദ്ധ്യപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളെ കോർത്തിണക്കിക്കൊണ്ട് താലൂക്ക് വ്യവസായ ശിൽപ്പശാലകളും നടത്തി വരുന്നു. ജില്ലാ തലത്തിൽ സെമിനാറുകളും ടെക്നോളജി ക്ലിനിക്കുകളും ഓരോ വർഷവും സംഘടിപ്പിച്ചു വരുന്നു. കൂടാതെ വിവിധ വ്യവസായ സംരംഭകരെ തൊഴിൽ മേഖലയിലെ വൈവിദ്ധ്യം ഉയർത്തുന്നതിനായി പ്രായോഗിക പരിശീലനങ്ങൾ നടത്തി വരുന്നു. മാത്രമല്ല സംരംഭകർക്ക് ആവശ്യമായ മൂലധന നിക്ഷേപം കണ്ടെത്തുന്നതിനായി ലോൺ അപേക്ഷകൾ വിവിധ ബാങ്കുകളിലേയ്ക്ക് ശുപാർശ ചെയ്തു നൽകുന്നു. പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനു വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMEGP വഴി 35% വരെ സബ്സിഡി ധനസഹായം നൽകി വരുന്നു. കൂടാതെ സംസ്ഥാന ഗവൺമെൻറിൻറെസംരംഭത്വ സഹായ പദ്ധതിയായ ESS വഴി ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് സ്റ്റാർട്ട് അപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട് ടെക്നോളജി സപ്പോർട്ട് എന്നിവ വഴി 15% മുതൽ 40% വരെ ത്തിര മൂലധന നിക്ഷേപത്തിൻറെ അളവ് അനുസരിച്ച് ധനസഹായം ലഭ്യമാക്കുന്നു. നിലവിലുള്ള വ്യവയായ സംരഭങ്ങളുടെ വിപുലീകരണത്തിനും നവീകരണത്തിനും മേൽപദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

മേൽപദ്ധതികൾ കൂടാതെ നാനോ സംരഭങ്ങൾക്കായി മാർജിൻ മണി ഗ്രാൻറ് ടു നാനോ യൂണിറ്റ്, നാനോ ഇൻഡസ്റ്റ് സബ് പെൻഷന് എന്നീ പ്രധാന സ്കീമുകൾകൂടി വ്യവസായ വകുപ്പ് വഴി നടത്തി വരുന്നു.

നവ വ്യവസായ സംരംഭകർക്ക് പ്രായോഗിക പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനായി RSETI, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, MSMEDI, CPCRI, എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യമായും അല്ലാതെയും വിവിധ മേഖലകളെ മുൻനിർത്തി പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നു. മേൽപ്പറഞ്ഞ പരിശീലനങ്ങളിലൂടെ ലക്ഷ്യമാക്കുന്നത് സംരംഭകർക്ക് കൂടുതൽ അറിവ് നൽകുക, പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളിൽ നിന്ന് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങള് വിപണിയിൽ എത്തിക്കുകപ്രാദേശികമായി ലഭ്യമാകുന്ന പ്രകൃതി വിഭവങ്ങളും മനുഷ്യ വിഭവശേഷിയും പൂർണ്ണമായും ഉപയോഗപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനോടൊപ്പം സംരംഭകത്വ സ്വയം പര്യാപ്തതയിൽ എത്തിച്ചേരുകയുമാണ്.

പുതിയ വ്യവസായ സംരംഭവുമായി മുന്നോട്ടു വരുന്ന സംരംഭകർ നേരിടുന്ന പ്രധാന വെല്ലുവിളികൾ അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ (കെട്ടിടം,സ്ഥലം) മൂലധന നിക്ഷേപം കണ്ടെത്തുന്നതിനായുള്ള വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വിവിധ വകുപ്പുകളില് നിന്നും ആവശ്യമായ ലൈസൻസുകള് ലഭിക്കുന്നതിനുള്ള സങ്കീർണമായ നടപടി ക്രമങ്ങൾ, ഉൽപ്പന്നങ്ങള് യഥാസമയം തന്നെ വിറ്റഴിക്കുന്നതിനുള്ള വിപണന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, വിദഗ്ധ തൊഴിലാളികളുടെ അഭാവം എന്നിവയാകുന്നു. മേപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നതിലൂടെ കൂടുതൽ വ്യവസായസംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകർ മുൻപോട്ടു വരികയും പ്രദേശത്തിൻറെ സാമ്പത്തിക വികസനം നടത്തുന്നതിനും കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പു വരുത്താൻ സാധിക്കുകയും ചെയ്യും.

ഫോറം 3

മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ചെറുകിട വ്യവസായം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ഉത്പാദനം | വനിത ഗ്രൂപ്പുകൾക്ക് മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് | GEN | 4,62,500/– | 2 ഗാർമെൻറ് യൂണിറ്റ് തുടങ്ങുവാൻ സാധിച്ചു.(ഐശ്വര്യ ടെയ്ലറിംഗ് യൂണിറ്റ്,പുളിങ്കുന്ന്, മൈത്രി ടെയ്ലറിംഗ് യൂണിറ്റ്,നീലംപേരൂർ) | 10 വനിതകൾക്ക് തൊഴിൽ ലഭ്യമായി | 10 വനിതകൾക്ക് വരുമാന മാർഗ്ഗവും തൊഴിലും ലഭ്യമായി |

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ചെറുകിട വ്യവസായം

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | | | NIL | | | |

ഫോറം 5

2024-25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- ചെറുകിട വ്യവസായം

| ക്രമ നമ്പർ | പ്രോജക്ട് നം | പ്രോജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 40 | വനിത ഗ്രൂപ്പകൾക്ക് സംരംഭം | New | GEN | 14,00,000/- | | | | ഗ്രൂപ്പകളെ തെരഞ്ഞെടുക്കുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ഫോറം 6 |
| **പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും** | | | | | | | | | | |
| തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ചെറുകിട വ്യവസായം | | | | | | | | | | |
| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികള് | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ | | | |
| | | | | | | | സാധ്യത പരിഗണിച്ചാല് ഏറ്റെടുക്കാന് കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തില് | സർക്കാർ തലത്തിൽ |
| 1 | സംരംഭങ്ങൾക്കുള്ള അടിസ്ഥാന സൗകര്യം | ബ്ലോക്ക് പരിധിയിലുള്ള സംരംഭങ്ങൾ | | ✓ | | വ്യവസായ പ്ലോട്ടുകൾ/എസ്റ്റേറ്റുകളുടെ അപര്യാപ്തത | വ്യവസായ പ്ലോട്ടുകൾ കണ്ടെത്തി എസ്റ്റേറ്റുകൾ സ്ഥാപിക്കൽ | പ്ലോട്ടു കൾ കണ്ടെ ത്ത നൽകുക. | കണ്ടെത്തുന്ന വ്യവസായ പ്ലോട്ടുകളുടെ വികസനത്തിനു വേണ്ട സാങ്കേതിക അനുമതിയും ധനസഹായവും | |

ഫോറം 7

## വികസന പരിപ്രേക്ഷ്യം

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- ചെറുകിട വ്യവസായം

| ക്രമ നം | മേഖല/ഉപ മേഖല | പരിപ്രേക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | 14–ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | 14–ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ചെറുകിട വ്യവസായം | പ്രദേശത്ത് വ്യവസാ യ സംരംഭങ്ങൾ കൂടുതൽ ആരംഭിക്കുന്നതിലൂടെ തൊഴിൽ ലഭ്യതയും ജീവിത നിലവാരവും ഉയർത്തുക | ഉൽപ്പാദന സേവന മേഖലയിലെ സംരംഭം തുടങ്ങുന്നതിനും സർക്കാര് വിവിധ വകുപ്പുകളുടെ സഹായങ്ങൾ ഉറപ്പുവരുത്തുക | 435 സംരംഭങ്ങൾ | 250 സംരംഭങ്ങൾ ആരംഭിക്കുക | പ്രദേശത്ത് വർഷത്തില് ചുരുങ്ങിയത് 50 സംരംഭങ്ങൾ ആരംഭിക്കുക | അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ വകുപ്പുകളുടെ വിവിധ സാമ്പത്തിക ധനസഹായം ഉറപ്പുവരുത്തി പ്രദേശത്ത് കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലൂടെ തൊഴിൽ ലഭ്യതയും സാമ്പത്തിക ഭദ്രതയും ഉറപ്പ് വരുത്തുക |

# ദാരിദ്ര്യ ലഘൂകരണം

## പാർപ്പിടം

സുരക്ഷിതമായ ഭവനം എന്നത് ഓരോ ആളുകളുടെയും സ്വപ്നമാണ്. പ്രതികൂല കാലാവസ്ഥയില് നിന്നും മോചനം, ശുദ്ധമായ വായുസഞ്ചാരം, ആരോഗ്യകരമായ അവസ്ഥ നല്കുന്ന അടുക്കളയും അടുപ്പും, മെച്ചപ്പെട്ട കക്കൂസ്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, പഠനത്തിനും വിശ്രമത്തിനുമുള്ള സൗകര്യം, ശുചിത്വമുള്ള പരിസരം എന്നിവയാണ് സുരക്ഷിതമായ ഭവനം കൊണ്ട് വിവക്ഷിക്കുന്നത്. സുരക്ഷിതമായ ഭവനം നമ്മുടെ സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവുമായ വളർച്ചയുടെ പ്രതിഫലനമായി കാണാം.

## ഇന്നത്തെ അവസ്ഥ

സർക്കാരിന്റെ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളിൽ ധനസഹായം നൽകിയെങ്കിലും ഇനിയും വളരെയധികം പേർക്ക് വാസയോഗ്യമായ വീടില്ലെന്ന് നമ്മുടെ 6 പഞ്ചായത്തുകളിലേയും പാർപ്പിട സൗകര്യം പരിശോധിക്കുമ്പോൾ കാണാവുന്നതാണ്. കുട്ടനാടൻ പ്രദേശത്തെ മണ്ണിന്റെ പ്രത്യേകതയും, തനത് പ്രകൃതിവിഭവങ്ങളുടെ ലഭ്യതക്കുറവും അവയുടെ മൂല്യശോഷണവും ശരിയായ രീതിയിൽ പാർപ്പിട നിർമ്മാണത്തിന് ഇവിടെ സാദ്ധ്യമല്ലാതായിരിക്കുന്നു. കൂടുതൽ വിഭവശേഷിയും അദ്ധ്വാനവും സാമ്പത്തികവും ആയതിലേക്ക് വകയിരുത്തേണ്ടി വരുന്നു. വസ്തുവിന് കൈവശരേഖയില്ലാത്തതും കൈവശഭൂമിയിൽ പട്ടയം ഇല്ലാത്തതും ഭവന നിർമ്മാണ യോഗ്യമായ ഭൂമിയുടെ കുറവും ആയതുമൂലമുണ്ടാകുന്ന വസ്തുവിന്റെ വില വർദ്ധനവും, വെള്ളപ്പൊക്കവും വിദഗ്ധരായ തൊഴിലാളികളുടെ അഭാവവും ഭവനനിർമ്മാണമേഖലയിലെ വെല്ലുവിളിയായി നിലനിൽക്കുന്നു.

## വികസനതന്ത്രം

സമ്പൂർണ്ണ ഭവനപദ്ധതി ലക്ഷ്യമിടുമ്പോൾ തന്നെ 14–ാം പഞ്ചവത്സരപദ്ധതി കാലത്ത് ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ ഭവനം നിർമ്മിച്ച് നൽകുന്നതിന് പദ്ധതികാലത്ത് ലക്ഷ്യമിടുന്നു.

## വികസന കാഴ്ചപ്പാട്

സ്വന്തമായി ഭൂമിയുള്ളവരും, ഇല്ലാത്തവരുമായ എല്ലാവർക്കും വാസയോഗ്യമായ വീട് സ്വമായി നൽകുക, അതിന് ആവശ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി 14–ാം പദ്ധതിക്കാലത്തു തന്നെ ലക്ഷ്യം കൈവരിക്കുക എന്നതാണ് വികസന കാഴ്ചപ്പാട്.

## വിഭവസമാഹരണം

പ്രധാനമായും ധനസമാഹരണം കണ്ടെത്തുന്നത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടേയും, ത്രിതല പഞ്ചായത്തുകളുടേയും പദ്ധതി വിഹിതത്തിൽ നിന്നുമാണ്. എന്നാൽ കുട്ടനാടൻ പ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് ഭവനനിർമ്മാണത്തിന് ചട്ടക്കൂടിലുള്ള തുക അപര്യാപ്തമായി വരുന്നതുമൂലം വിവിധ സ്ഥാപനങ്ങളുടെ CSR ഫണ്ടും സന്നദ്ധസംഘടനകളുടെ സഹായ സഹകരണവും തേടാവുന്നതാണ്.

## വെല്ലുവിളികൾ – ഇപ്പോഴത്തെ അവസ്ഥ

ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചിട്ട് 20 വർഷമായെങ്കിലും ഭവനരഹിതരായ എല്ലാവർക്കും ഭവനം നൽകുന്നതിന് കഴിഞ്ഞിട്ടില്ല. നൽകിയിരുന്ന ധനസഹായം ഉപയോഗിച്ച് ഇവിടുത്തെ ഭൂപ്രകൃതിയിൽ വീടുപണി പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുമുണ്ട്. നിർമ്മാണ സാധനസാമഗ്രികളുടെ വിലവർദ്ധനവും വിദഗ്ധ തൊഴിലാളികളുടെ കൂലി വർദ്ധനവും, സാമ്പത്തികശേഷി കണക്കാക്കാതെ വലിപ്പം കൂടിയ ഭവനം നിർമ്മിക്കാൻ ശ്രമിക്കുന്നതും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണമായി കാണാം.

## പ്രോജക്റ്റിന്റെ അടിസ്ഥാനം

ഭവനരഹിതർക്ക് ഭവനനിർമ്മാണം, സർക്കാർ ഭൂമി ലഭ്യമാക്കുന്നവർക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുക, അറ്റകുറ്റ പണി നടത്തിയാൽ വാസയോഗ്യമായ ഭവനം ലഭ്യമാക്കുക എന്നിവയിലൂടെ ഭവനനിർമ്മാണം സാദ്ധ്യമാക്കാൻ കഴിയുന്നു.

## മുൻ പ്രോജക്റ്റുകൾ

ഭവനനിർമ്മാണ പദ്ധതികളിൽ പ്രധാനപ്പെട്ടത് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജന പദ്ധതി (IAY) യാണ്. 2016-17 മുതൽ അത് പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജന (PMAY) എന്ന പേരില് നടപ്പിലാക്കി വരുന്നു. കൂടാതെ മത്സ്യതൊഴിലാളികൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങള് എന്നിവർക്കായി അതാത് വകുപ്പുകൾ മുഖേന ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

കുട്ടനാടിന്റെ പരിസ്ഥിതി അനുസരിച്ച് വീട് പണിയുന്നതിനുള്ള ബുദ്ധിമുട്ടും, ഇന്ദിര ആവാസ് യോജന പ്രകാരം കേന്ദ്രഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ അപര്യാപ്തതയും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അതാത് വകുപ്പുകളിൽ നിന്നും അധിക വിഹിതമായി ലഭിക്കുമെന്ന് ഉറപ്പുനൽകിയ ഫണ്ട് ലഭിക്കാതിരുന്നതും ഐ.എ.വൈ. ഭവനനിർമ്മാണത്തിന്റെ പൂർത്തീകരണത്തിൽ കുറവ് വന്നു. സമഗ്രമായ ഭവനപദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ നമ്മുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം ഉറപ്പുവരുത്തുവാന് കഴിയുകയുള്ളൂ.

സമഗ്രമായ ഒരു സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയാണ് ലക്ഷ്യമിടുന്നത്. ഇതിനു വേണ്ടി ജില്ല-ഗ്രാമ- ക്ക് പഞ്ചായത്തുകളും, വിവിധ വകുപ്പുകളും പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. സന്നദ്ധ സംഘടനകളും മറ്റ് സർക്കാരിതര ഏജൻസികളും ഈ ലക്ഷ്യം മുന്നിൽ കണ്ട് പ്രവർത്തിക്കേണ്ടതാണ്.

14-ഠാംം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്

- എല്ലാവർക്കും സുരക്ഷിതമായ ഭവനം നൽകുക.
- ഭൂരഹിതർക്ക് ഭൂമിയും വീടും നൽകുക.
- അറ്റകുറ്റപണി നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വീടുകൾ പൂർത്തീകരിക്കുക.
- സാമ്പത്തിക സഹായം നൽകിയിട്ടും പൂർത്തീകരിക്കാൻ കഴിവില്ലാത്തവരുടെ ഭവനം സന്നദ്ധ സംഘടനകളെ കൊണ്ടോ മറ്റ് സർക്കാരിതര ഏജൻസികളെ കൊണ്ടോ പൂർത്തീകരിക്കുക.
- പാർപ്പിട സമുച്ചയങ്ങൾക്ക് വേണ്ടി വരുന്ന തുക സർക്കാർ നിബന്ധനകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി നൽകുക.
- പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ലക്ഷ്യമിടുന്ന വീടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുക.

PMAY ഭവന പദ്ധതിപ്രകാരം ഓരോ വിഭാഗത്തിനും അനുവദിക്കുന്ന സഹായധനം

| ഫണ്ടിന്റെ സ്രോതസ് | പൊതു/ന്യൂനപക്ഷ വിഭാഗം | പട്ടികജാതി വിഭാഗം |
|---|---|---|
| പി.എം.എ.വൈ. (കേന്ദ്രസംസ്ഥാന വിഹിതം) | 120000 | 120000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 70000 | 45000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 112000 | 72000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 98000 | 63000 |
| പട്ടികജാതിവികസനവകുപ്പ് | -- | 100000 |
| ആകെ | 400000 | 400000 |

## ദാരിദ്ര്യലഘൂകരണ പദ്ധതികൾ

വിവിധ ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങളുടെ ഫലമായി കുറഞ്ഞ പ്രതിശീർഷ വരുമാനത്തിലും ജനങ്ങളുടെ ജീവിതനിലവാരത്തിലും പുരോഗതി കൈവരുത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ടി പദ്ധതികളുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് 6 ഗ്രാമപഞ്ചായത്തുകളുടെയും പ്രശ്നങ്ങൾ വിലയിരുത്തിയാൽ മനസ്സിലാക്കാവുന്നതാണ്. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി വന്നിരുന്ന വിവിധ തൊഴിൽ ദാന പദ്ധതികളായ IRDP, SGSY, SHG തുടങ്ങിയവ നിർത്തലാക്കുകയും NRLM എന്ന പേരിൽ നിർണ്ണഹണത്തിനായി കുടുംബശ്രീ മിഷനെ ചുമതലപ്പെടുത്തിരിക്കുകയുമാണ്.

### പ്രശ്നങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിന്നും തൊഴിൽ ദാനപദ്ധതികൾ ഒഴിവാക്കിയത് ദാരിദ്ര്യലഘൂകരണ പ്രവർത്തനത്തിന്റെ വ്യാപ്തി കുറയ്ക്കുന്നതിനു

കാരണമായി. ധനസഹായം ലഭിച്ചവർ ഇവ ഉപയോപ്പെടുത്തുന്നതിന് കാട്ടുന്ന അലസതയും അലംഭാവവും, പദ്ധതികൾ തുടങ്ങുന്നതിന് പശ്ചാത്തല സൗകര്യക്കുറവ്, വിവിധ പദ്ധതികളെ കുറിച്ചുള്ള ഗുണഭോക്താക്കളുടെ അജ്ഞത, വായ്പഭാഗം തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താക്കളുടെ വീഴ്ചയും, വായ്പ നൽകാൻ ധനകാര്യാപനങ്ങൾ കാട്ടുന്ന വിമുഖതയുമെല്ലാം മറ്റ് കാരണങ്ങളാണ്.

ഫോറം 3

മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ദാരിദ്ര ലഘൂകരണം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | പാർപ്പിടം | പി.എം.എ.വൈ ഭവന പദ്ധതി | | 800000 | 25 കുടുംബങ്ങൾക്ക് ഭവനം ലഭ്യമാക്കുക | 20 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു | വീട് ലഭ്യമാക്കുകയും അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. |

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ദാരിദ്ര ലഘൂകരണം

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | | | NIL | | | |

ഫോറം 5

2024–25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ദാരിദ്ര ലഘൂകരണം

| ക്രമ നമ്പർ | പ്രോജക്ട് നം | പ്രോജക്റ്റിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 4 | ലൈഫ് ഭവന പദ്ധതി (ജനറൽ) | New | GEN | 2105000 | | 2105000 | | പൂർത്തീകരിച്ചു |
| 2 | 5 | ലൈഫ് ഭവന പദ്ധതി (എസ്.സി) | New | SCP | 271000 | | 271000 | | പൂർത്തീകരിച്ചു |

ഫോറം 6

## പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ചെറുകിട വ്യവസായം

| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികള് | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കല് സാധ്യത പരിഗണിച്ചാല് ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ഭവന നിർമ്മാണം | എല്ലാ ജനവിഭാഗങ്ങൾക്കും | | ✓ | | ഭവനനിർമ്മാണ യോഗ്യമായ വസ്തു കുറവ്, കൈവശരേഖയില്ലാത്തത്, പ്രതികൂല കാലാവസ്ഥ, സാമ്പത്തിക ബുദ്ധിമുട്ടുകൾ | സന്നദ്ധ സംഘടനകളുടെ ഇടപെടൽ സാധ്യമാക്കുക, തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ ഉപയോഗിക്കുക, പരമാവധി തുക വകയിരുത്തുക | | | |

# സാമൂഹ്യ നീതി

ക്ഷേമരാഷ്ട്ര സങ്കൽപ്പത്തില് സമൂഹത്തിലെ അവശ വിഭാഗങ്ങൾക്ക് സംരക്ഷണവും ക്ഷേമവും ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സമൂഹത്തിൻറെ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ടു പോയവരെ മുന്നോട്ട് എത്തിക്കുന്നതിനും അവരുടെ ഉന്നമനത്തിനും നിരവധി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, അഗതികൾ, അശരണർ എന്നിവരുടെ ക്ഷേമത്തിന് അവർക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് അവരെ സമൂഹത്തിൻറെ മുഖ്യധാരയിൽ എത്തിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. 14-ാാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗവൺമെൻറ് തലത്തിൽ ധാരാളം പദ്ധതികൾ ഭിന്നശേഷിക്കാർ, വയോജനങ്ങൾ,ട്രാൻസ് ജെൻഡേഴ്സ് എന്നിവർക്കായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

**നിലവിലെ അവസ്ഥ, പ്രശ്നങ്ങൾ**

വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൽ 696 പേർ ശാരീരിക വെല്ലുവിളി നേരിടുന്നവും 344 പേർ മാനസിക വെല്ലുവിളി നേരിടുന്നവരുമാണ്. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും നടപ്പിലാക്കി വരുന്നു. വയോജനങ്ങൾക്കും ശാരീരികവും മാനസികവുമായ ക്ഷേമത്തിന് മുൻഗണന നൽകേണ്ടതുണ്ട്. വയോജനങ്ങൾ ഒറ്റപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. വാർദ്ധക്യകാലത്ത് പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങളുമുണ്ട്. ഭിന്നശേഷിക്കാർക്ക് അവർക്ക് അനുയോജ്യമായ തൊഴിൽ സൗകര്യങ്ങൾ നിലവിലില്ലാത്തതാണ് അവർ നേരിടുന്ന പ്രശ്നങ്ങളിലൊന്ന്.

1. **ഭിന്നശേഷിയുള്ളവർ**

| 1.1. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ | | | | |
|---|---|---|---|---|
| ക്രമ നം | | സ്ത്രീകൾ | പുരുഷൻമാർ | ആകെ |
| 1 | മാനസിക വൈകല്യം ബാധിച്ചവർ | 154 | 190 | 344 |
| 2 | ശാരീരിക വൈകല്യം ബാധിച്ചവർ | 333 | 363 | 696 |
| 3 | ആകെ എണ്ണം | 487 | 553 | 1040 |
| 4 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് | ഉണ്ട് | | |
| | സഹായ ഉപകരണങ്ങൾ | ലഭ്യമായവരുടെ എണ്ണം | ഇനിയും ലഭിക്കാനുള്ളവരുടെ എണ്ണം | |
| | ട്രൈ മോട്ടോർ സൈക്കിൾ | 39 | | |
| | ആർട്ടിഫിഷ്യല് ലിംഫ് | | | |
| | മറ്റുള്ളവ | 56 | | |
| 5 | പഞ്ചായത്തിലെ പൊതുയിടങ്ങളും സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ടോ എന്ന് | ഉണ്ട് | | |
| 6 | മാനസിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | 100 | | |
| 7 | ശാരീരിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | 76 | | |

| | | |
|---|---|---|
| 8 | ആകെ | 176 |
| 9 | ഓട്ടിസം ബാധിച്ചവർ | 14 |
| 10 | സെറിബ്രൽ പാൾസിബാധിച്ചവർ | 8 |
| 11 | ബുദ്ധിപരമായ വെല്ലുവിളി (MR) നേരിടുന്നവർ | 78 |
| 12 | കാഴ്ചശക്തി ഇല്ലായ്മ ഉള്ളവർ | 24 |
| 13 | കേൾവി/സംസാരശേഷി ഇല്ലാത്തവർ | 19 |
| 14 | ബഹുവൈകല്യം ഉള്ളവർ | 12 |

| 1.2. | സ്ഥാപന വിശദാംശങ്ങൾ | |
|---|---|---|
| | സ്ഥാപനങ്ങൾ | എണ്ണം |
| 1 | സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം | 1 |
| 2 | സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ എണ്ണം | 60 |
| 3 | സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെ എണ്ണം | 8 |
| 4 | ബഡ്സ് സ്കൂൾപ്രവർത്തിക്കുന്നുണ്ടോ | ഉണ്ട് (നീലംപേരൂർ, കാവാലം) |
| 5 | ബഡ്സ് സ്കൂളിലെ കുട്ടികളുടെ എണ്ണം | 40 |
| 6 | ബഡ്സ് സ്കൂൾ അധ്യാപകരുടെ എണ്ണം | 2 |
| 7 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ടോ | ഉണ്ട് |
| 8 | ഉണ്ടെങ്കിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിലെകുട്ടികളുടെ എണ്ണം | 31 |
| 9 | ബഡ്സ് സ്കൂൾ / ബഡ്സ് റീഹാബിലിറ്റേഷൻ സെൻ്ററ് അടിസ്ഥാന | ഉണ്ട് |

| | | |
|---|---|---|
| | സൗകര്യം ഉണ്ടോ | |
| ഇല്ലെങ്കിൽ ഏതുതരം സൗകര്യം ആവശ്യമുണ്ടെന്ന് രേഖപ്പെടുത്തുക. | | |

| | | |
|---|---|---|
| 1.3 | സ്കോളർഷിപ്പ് | |
| 10 | ശാരീരിക മാനസിക വൈകല്യങ്ങളുള്ള എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട് | 171 |
| 11 | ഇനി സ്കോളർഷിപ്പ് അനുവദിച്ചു നൽകിയിട്ടുണ്ടോ | നൽകിവരുന്നു |

## 2. വൃദ്ധർ/വയോജനങ്ങൾ

### 2.1. ജനസംഖ്യ

| ക്രമ നമ്പർ | വയസ്സ് തിരിച്ച് | ജനസംഖ്യ | | ആകെ | വിഭാര്യൻ | വിധവ |
|---|---|---|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ | | | |
| 1. | 60-69 ഇടയ്ക്ക് പ്രായമുള്ളവർ | 3115 | 3289 | 6404 | 950 | 600 |
| 2. | 70-79 ഇടയ്ക്ക് പ്രായമുള്ളവർ | 3362 | 3800 | 7162 | 1620 | 510 |
| 3. | 80 വയസ്സിന് മുകളിൽ പ്രായമുള്ളവർ | 1349 | 1620 | 2969 | 540 | 320 |

### 2.2. പൊതു വിവരങ്ങൾ

1. വൃദ്ധ സദനങ്ങൾ - ഇല്ല

2. പകൽവീട് – 3 എണ്ണം

## 2.3. സാമൂഹിക സുരക്ഷ

| | പുരുഷൻമാര് | സ്ത്രീകൾ | ആകെ |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ ലഭ്യമായിട്ടുള്ള ആളുകളുടെ എണ്ണം | 2100 | 3396 | 5496 |
| ഇനി വാർദ്ധക്യകാല പെൻഷൻ ലഭിക്കാനുള്ളവരുടെ എണ്ണം | | | |
| ജീവിത മാർഗ്ഗത്തിനായി സ്വയം തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം | | | |
| പൊതു സ്ഥലങ്ങൾ വയോജന സൗഹൃദമാക്കിയിട്ടുണ്ടോ | ഇല്ല | | |

## 3. അതി ദരിദ്രര്

| ക്രമ നം | പഞ്ചായത്തിന്റെ പേര് | അതിദരിദ്രരുടെ എണ്ണം |
|---|---|---|
| 1 | കാവാലം | 8 |
| 2 | മുട്ടാർ | 1 |
| 3 | നീലംപേരൂർ | 3 |
| 4 | പുളിങ്കുന്ന് | 13 |
| 5 | രാമങ്കരി | 2 |
| 6 | വെളിയനാട് | 3 |
| ആകെ | | 30 |

## പരിഹാര മാർഗ്ഗങ്ങൾ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി എല്ലാ മേഖലയിലും അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്. ബഡ്സ് റീഹാബിലിറ്റേഷൻസെൻററുകൾ എല്ലാ പഞ്ചായത്തിലും പ്രവർത്തിക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്.

വജോജനങ്ങളുടെ ക്ഷേമത്തിനായി വയോക്ലബ്ബ്, പകൽ വീടുകൾ എന്നീ പദ്ധതികൾ എല്ലാ ഗ്രാമപഞ്ചായത്തിലും ആരംഭിക്കാവുന്നതാണ്. പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങൾക്ക് രണ്ട് നേരമെങ്കിലും ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ചു നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

മാനസിക പ്രശ്നങ്ങൾ ഉള്ള വ്യക്തികൾക്ക് സ്വാനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പ്രയത്ന ഫലമായി കേരളത്തിലെ ആദ്യത്തെ അതിദരിദ്ര മുക്ത ബ്ലോക്ക് പഞ്ചായത്തായി മാറുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ തുടർശ്രദ്ധ ആവശ്യമായ ആഹാരം, മരുന്ന് തുടങ്ങിയ ക്ലേശ ഘടകങ്ങൾക്ക് തുടര്ന്നും സേവനം നൽകിവരുന്നു.

## ലക്ഷ്യങ്ങൾ

ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെൻററുകൾ ആരംഭിക്കുക. നിലവിലുള്ളവയുടെ നിലവാരവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുക. വയോജന പരിപാലന കേന്ദ്രങ്ങൾ, വയോക്ലബ്ബ്, പകൽ വീടുകൾ എന്നിവ ആരംഭിച്ച് വയോജനങ്ങളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക. പൊതുസ്ഥലങ്ങൾ വയോജന–ഭിന്നശേഷി സൗഹൃദമാക്കുക. ഭിന്നശേഷിക്കാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കൾക്ക് തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുക. അങ്കണവാടികൾ സ്മാർട്ട് ആക്കുക. എല്ലാ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം. വാർദ്ധക്യ കാല പെൻഷനുകൾ അർഹരായവർക്ക് യഥാസമയം നൽകുക. സംരക്ഷിക്കാനില്ലാത്ത മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പുനരധിവാസത്തിനുള്ള പദ്ധതികൾ രൂപീകരിക്കുക.

ഫോറം 3

മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– സാമൂഹ്യ നീതി

| ക്രമ നമ്പ ർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴി ച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനു ള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 56 | വൃദ്ധർ | തുടർ ബാല്യം – വയോജന പദ്ധതി | ജനറ ൽ | 1.8 ലക്ഷം | വയോജനങ്ങളു ടെ ശാരീരിക മാനസിക ഉന്നമനം | വയോജന ങ്ങളുടെ ശാരീരിക മാനസിക ഉന്നമനം | വയോജനങ്ങൾക്ക് ഒത്തുകൂടുന്നതിനും യോഗ പോലുള്ള പ്രവർത്തനങ്ങളിലൂ ടെ ശാരീരിക മാനസിക ഉല്ലാസവും ഉന്നമനവും നേടുന്നതിന് സാധിച്ചു |

# ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

സമസ്തമേഖലകളിലും പൊതുവെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന ബ്ലോക്ക് പഞ്ചായത്താണ് വെളിയനാട്. പക്ഷേ, ചില കാര്യങ്ങളിലെങ്കിലും ഇവിടുത്തെ സ്ത്രീകൾ അവഗണിക്കപ്പെടുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. സ്ത്രീകളോടുള്ള പുരുഷൻമാരുടെ കാഴ്ചപ്പാടുകളാവാം ഈ ദുഃരിതത്തിനു കാരണമായിട്ടുള്ളത് എന്നു കരുതാവുന്നതാണ്. പതിന്നാലാം പഞ്ചവത്സര പദ്ധതി കാലത്തെങ്കിലും ഈ അവസ്ഥയ്ക്ക് വിരാമമിടേണ്ടത് വളരെ അത്യാവശ്യമാണ്. പ്ലാനിംഗ് ബോർഡിൻറെ നിർദേശമനുസരിച്ച് സ്ത്രീകൾക്കായി പദ്ധതി വിഹിതത്തിൻറെ പത്ത് ശതമാനം (10%) എല്ലാ പഞ്ചായത്തുകളും ഈ മേഖലയിലെ വികസനത്തിനായി നീക്കി വെക്കേണ്ടതായിട്ടുണ്ട്.

ലഭ്യമായിട്ടുള്ള കണക്കനുസരിച്ച് (2011) ബ്ലോക്കു പഞ്ചായത്തിലെ ആകെ ജനസംഖ്യ 84838 ആണ്. ഇതില് 41714 പുരുഷൻമാരും 43124 സ്ത്രീകളുമാണ്. സ്ത്രീപുരുഷാനുപാതത്തില് ബ്ലോക്കിലെ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ പ്രകടമായ സ്ത്രീപുരുഷവ്യത്യാസം കാണുന്നുണ്ട്. സാക്ഷരതാനിരക്ക് ഏതാണ്ട് തുല്യം തുല്യം നിൽക്കുന്നു. അതുകൊണ്ടു തന്നെ എല്ലാ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാൻ സ്ത്രീകൾക്കു കഴിയുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നേർപകുതി സീറ്റുകൾ സ്ത്രീകൾക്കായി നീക്കിവച്ചതിൻറെ പ്രയോജനം പ്രകടമാകുന്നതാണ് സ്ത്രീകളുടെ എല്ലാ രംഗങ്ങളിലുമുള്ള പുരോഗതി.

എങ്കിലും സർക്കാർ സ്ഥാപനങ്ങളിലെന്നപോലെ മറ്റു എല്ലാ തൊഴിൽ സംരംഭങ്ങളിലും തുല്യ ജോലിക്ക് തുല്യ കൂലി എന്ന ആവശ്യം നടപ്പാക്കായിട്ടില്ല. തൊഴിൽ മേഖലകളിൽ 60% പുരുഷൻമാർ പണിയെടുക്കുമ്പോൾ 30% മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തമെന്നുള്ളത് മാറ്റപ്പെടേണ്ടതുതന്നെയാണ്. കാർഷികവൃദ്ധി ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ള സാമുഹ്യ വ്യവസ്ഥയിൽ സ്ത്രീകളുടെ പങ്ക് വളരെ കുറവാണ്.

കാർഷികമേഖല കൂടാതെ ഉപജീവനമാർഗ്ഗം കണ്ടെത്തിയിട്ടുള്ള മേഖലയാണ് മൃഗസംരക്ഷണമേഖല. പശു, ആട്, കോഴി, താറാവ് ഇവയെ വളർത്തി ആദായമുണ്ടാക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. തയ്യല് തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ 40% പേർ സ്ത്രീകളാണ്. നിർമാണതൊഴിലാളി രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വാണിജ്യവ്യാപാര രംഗങ്ങളിലും സ്ഥിതി

മറിച്ചല്ല. ഇസ്ഥരം മേഖലകളിൽ ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് ബ്ലോക്കു പഞ്ചായത്ത് കരുതലോടെയുള്ള ഇടപെടലുകൾ നടത്തുന്നതാണ്. തൊഴിൽ രഹിതരിൽ മൂന്നിൽ രണ്ട് ഭാഗവും സ്ത്രീകളാണെന്നു കാണാം. ഇവർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് വരും വർഷങ്ങളിൽ സ്ത്രീവികസനപരിപാടികൾക്ക് രൂപം കൊടുക്കുന്നതാണ്.

എന്നാൽ സ്ത്രീകളുടെ വരുമാനത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന നിരവധി കുടുംബങ്ങളും ഈ ബ്ലോക്കിലുണ്ട്. ഭർത്താവ് ഉപേക്ഷിച്ചവരും വിവാഹം കഴിക്കാതെ അമ്മമാരായവരും ഭർത്താവ് മരണപ്പെട്ടവരും ഇക്കൂട്ടത്തിൽപ്പെടും. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വളരെ പിന്നോക്കം നിൽക്കുകയാണ് സ്ത്രീകൾ. വനിതകൾക്ക് ഒറ്റയ്ക്കും കൂട്ടായും നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾക്ക് വായ്പയും സബ്സിഡിയും ലഭിക്കുന്നതിന് ബ്ലോക്കുപഞ്ചായത്ത് മുൻകൈയെടുക്കുന്നതാണ്.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾക്കെതിരെയും ബ്ലോക്കുപഞ്ചായത്ത് അതിശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ കൂടുതലായി കാണുന്നത് കുടുംബകലഹങ്ങളുമായി ബന്ധപ്പെട്ടാണ്. നിർദ്ധനരായ പെൺ കുട്ടികൾക്ക് ജീവനോപാധികൾ നൽകുക, പാവപ്പെട്ട കുട്ടികൾക്ക് വിവാഹധനസഹായം, തൊഴിൽ പരിശീലനം തുടങ്ങിയവയും ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് ബ്ലോക്കു പഞ്ചായത്ത് നടപ്പിലാക്കുന്നതാണ്. അതിനായി ഡ്രൈവിംഗ്, ഇലക്ട്രോണിക് ഉപകരണ നിർമാണം, കെട്ടിട നിർമ്മാണം, പേപ്പർ ബാഗ നിർമ്മാണം, ചെരിപ്പ് നിർമ്മാണം, കുട നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നതാണ്.

ബ്ലോക്ക് പരിധിയിലെ കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെചേർക്കും പ്രകാരമാണ്.

**ജനസംഖ്യ**

| ക്രമ നമ്പർ | വയസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | 0 – 6 മാസം | 218 | 177 | 395 |
| 2 | 6 മാസം മുതൽ 3 വയസ്സ് വരെ | 1065 | 1019 | 2084 |

| | | | | |
|---|---|---|---|---|
| 3 | 3 വയസ്സ് മുതൽ 6 വയസ്സ് വരെ | 1164 | 1120 | 2284 |
| 4 | 6-10 | 2813 | 2783 | 5596 |
| 5 | 10-19 | 4827 | 4464 | 9291 |
| | ആകെ | 10087 | 9563 | 19650 |

## അംഗനവാടികൾ

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ആകെ അംഗനവാടികളുടെ എണ്ണം | 105 | | | | | |
| 2 | കെട്ടിട ഉടമസ്ഥത (എണ്ണം) | സ്വന്തം | 52 | വാടക | 48 | വാടകേതരം | 5 |
| 3 | അടിസ്ഥാന സൗകര്യമില്ലാത്ത അംഗനവാടികളുടെ എണ്ണം* | വൈദ്യുതി | 0 | ടോയിലറ്റ് | 0 | | |
| | | ചുറ്റമതിൽ | 47 | ഗ്യാസ് കണക്ഷൻ | 0 | | |
| | | ഉണ്ട്- 36 | | ഇല്ല-69 | | | |
| 4 | കുടിവെള്ളം | കിണർ-1, പൈപ്പ്-36, മറ്റുള്ളവ-68 | | | | | |
| 5 | സ്രോതസ്സ് (കിണർ, പൈപ്പ്, മറ്റുള്ളവ) | ഉള്ളവ എണ്ണം | | 105 ഇല്ലാത്തവ എണ്ണം | | | |
| 6 | ആവശ്യത്തിന് ശിശുസൗഹൃദ ഫർണിച്ചര് | | | അകത്ത് പുറത്ത്-40 | | | |
| 7 | കളിസ്ഥല ലഭ്യത | 96 | | | | | |

ഫോറം 3

മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- ജെൻഡറും കുട്ടികളുടെ വികസവും

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | വനിത വികസനം | സുഭിക്ഷ കേരളം വനിത ഗ്രൂപ്പുകൾക്ക് നടീൽ വസ്തുക്കൾ വിതരണം | GEN | 700000 | ഭക്ഷ്യസുരക്ഷയും വനിതാക്ഷേമവും | ഗ്രൂപ്പുകളുടെ വളർച്ച | ഗ്രൂപ്പുകളുടെ വളർച്ച |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ഫോറം 4 |
| പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ | | | | | | | | |
| തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ജെൻഡറും കുട്ടികളുടെ വികസവും | | | | | | | | |
| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
| ← | | | | | NIL | | | → |

ഫോറം 5

2024-25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- ജെൻഡറും കുട്ടികളുടെ വികസവും

| ക്രമ നമ്പർ | പ്രോജക്ട് നം | പ്രോജക്കിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | New | SCP | 800000 | | 150000 | | പൂർത്തീകരിച്ചു വരുന്നു |

# പട്ടികജാതി വികസനം

## 1996 ലെ അവസ്ഥയും – നിലവിലെ അവസ്ഥയും – സ്ഥിതി വിവരങ്ങൾ

1996–ൽ 6 പഞ്ചായത്തുകളിലായി ഏകദേശം 10176 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉണ്ടായിരുന്നു. നിലവിൽ ആയത് 12136 ആണ്. ഇവരിൽ ഭൂരിഭാഗവും കൃഷി, കൂലിപ്പണി പരമ്പരാഗത തൊഴിൽ എന്നിവ ചെയ്ത് ജീവിച്ച് വരുന്നവർ ആയിരുന്നു. അന്നത്തേക്കാൾ വിദ്യാഭ്യാസ പരമായി ഏറെ മുന്നോക്കം പോയെങ്കിലും ഇന്ന് ത്തിര വരുമാനമുള്ള മെച്ചപ്പെട്ട ജോലി ലഭിക്കുന്നവർ കുറവാണ്. സർക്കാർ, അർദ്ധ സർക്കാർ, കമ്പനി ജോലികൾ എന്നിവയിൽ കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്. സ്കൂൾ തലത്തിൽ അന്ന് കൊഴിഞ്ഞ്പോക്ക് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അത് ഇല്ല എന്നുതന്നെ പറയാം. പഠനമുറി, പഠന ഉപകരണങ്ങളുടെ വിതരണം, വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ തുടങ്ങിയവ പഠനം മെച്ചപ്പെടുത്തുന്നതിനായി വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്. വ്യക്തിഗതമായ സാമ്പത്തിക സഹായങ്ങൾക്ക് പുറമെ സമൂഹത്തിൻറെ മുഖ്യധാരയിലേയ്ക്ക് വരുന്നതിൻറെ ആവശ്യകത ഓരോ കുട്ടികൾക്കും ചെറുപ്പത്തിലേ നൽകേണ്ടത് ഗൗരവപരമായി വീക്ഷിക്കേണ്ടതാണ്.

വിവധ ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതികളിലൂടെ 25 വർഷത്തിന് മുൻപുണ്ടായിരുന്ന അവസ്ഥയിൽ നിന്നും മുൻപോട്ട് വന്നിട്ടുണ്ടെങ്കിലും ഇന്നും ലഭിച്ച സഹായങ്ങൾ പൂർണമായും പ്രയോജനപ്പെടുത്താത്തവർ ഇപ്പോഴും നിലവിലുണ്ട്. ഭൂമി,വീട് എന്നിവയ്ക്കു നൽകുന്ന ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. കോളനികളിലേയ്ക്കുള്ള ഗതാഗത സൗകര്യം മുൻപത്തേക്കാളേറെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാലും എല്ലായിടത്തും അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തുവാനുണ്ട്. ആനുകൂല്യങ്ങളായ വിവാഹധനസഹായം, മിശ്രവിവാഹ ധനസഹായം, ചികിത്സാ ധനസഹായം, സ്വയംതൊഴിൽ, വിദേശ ധനസഹായം മുതലായവ മുമ്പ് ഉണ്ടായിരുന്നെങ്കിലും എല്ലാവർക്കും ലഭിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അപേക്ഷിക്കുന്ന എല്ലാവർക്കും ലഭ്യമാകുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളെക്കുറിച്ച് മുമ്പ് ഈ വിഭാഗങ്ങൾക്കിടയിൽ അറിവില്ലായിരുന്നെങ്കിൽ ഇന്ന് എല്ലാവരും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാണ്. പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയാൻ നിയമങ്ങൾ ഒരു പരിധി വരെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സഹായകമാകുന്നു. കൂടാതെ വിദ്യാഭ്യാസപരമായും സാമൂഹികപരമായും ആരോഗ്യപരമായും ഏറെ പിന്നോക്കം നിൽക്കുന്ന ഈ ജനവിഭാഗത്തിന് ഇപ്പോൾ ആശാവഹമായ പുരോഗതി കൈവരിക്കാൻ ആയിട്ടുണ്ട് എന്നത് ഏറെ അഭിമാനാർഹമാണ്.

| | | | | | | | |
|---|---|---|---|---|---|---|---|
| ഫോറം 3 | | | | | | | |
| മുൻകാല മാതൃക/വിജയം കൈവരിച്ച പ്രോജക്ടുകൾ | | | | | | | |
| തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | | | | | | | |
| വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- പട്ടികജാതി വികസനം | | | | | | | |
| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
| 1 | പട്ടികജാതി വികസനം | പഠനമുറി | SCP | 150000 | 39 | 39 | വിദ്യാഭ്യാസ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക |

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- പട്ടികജാതി വികസനം

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ← | | | | | NIL | → | | |

ഫോറം 6

പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- പട്ടികജാതി വികസനം

| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ സാധ്യത പരിഗണിച്ചാല് ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | അടിസ്ഥാന സൌകര്യങ്ങളുടെ അഭാവം | ബ്ലോക്ക് പഞ്ചായത്ത് പരിധി | | ✓ | | | പട്ടികജാതി / പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ വികസനം, കുടിവെള്ളം എത്തിക്കുക തുടങ്ങിയവ | | | |

# ആരോഗ്യം

കേരളത്തിലെ ആരോഗ്യ മേഖലയിൽ ഭാരതത്തിലെ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ പുരോഗതിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന ഭാരത ശരാശരിയേക്കാൾ താഴെ പ്രതിശീർഷ വരുമാനമുള്ള കേരളത്തിലെ ജനത ഇത്രയും വിപുലമായ തോതിൽ ആരോഗ്യരംഗത്ത് പുരോഗതി കൈവരിച്ചത് ലോകത്തിനു തന്നെ അത്ഭുതമാണ്. മറ്റ സംസ്ഥാനങ്ങളിൽ നിന്നും മറ്റ രാജ്യങ്ങളിൽ നിന്നും ആരോഗ്യരംഗത്തെ "കേരള പ്രതിഭാസ" ത്തെക്കുറിച്ച് പഠിക്കുവാൻ എത്തുന്ന സംഘങ്ങൾ ഇതിന് ഉദാഹരണമാണ്.

കഴിഞ്ഞ ദശകങ്ങളിൽ കേരളത്തിൻറെ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായ വിപ്ലവകരമായ പ്രവർത്തനങ്ങൾ, തൊഴിലാളികളുടെ സംഘടിതശക്തി, കുറ്റമറ്റ പൊതുവിതരണ സമ്പ്രദായം, ആരോഗ്യാദി സേവനരംഗങ്ങളിലെ സൗജന്യവും സാർവത്രികവുമായ സംവിധാനങ്ങൾ, ഉയർന്ന സാക്ഷരതാ നിരക്ക് എന്നീ മേഖലകളിലെ സാമൂഹ്യ പുരോഗതി കേരളത്തിൻറെ ആരോഗ്യമേഖലയേയും ഉത്തേജിപ്പിച്ചിട്ടുണ്ട്.

എല്ലാ പഞ്ചായത്തുകളിലും നിലവിൽ പ്രവർത്തിച്ചു വരുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, സർക്കാർ ഉടമസ്ഥതയിൽ വളരെ വിജയകരമായി പ്രവർത്തിച്ചു വരുന്ന ആരോഗ്യകേന്ദ്രങ്ങളാണ്. ഭാരതത്തിൻറെ തനതു വൈദ്യശാസ്ത്രശാഖയായ ആയുർവേദത്തിനും ഹോമിയോപ്പതിക്കും ഇവിടെ വ്യാപകമായ പ്രചാരമുണ്ട്. കൂടാതെ കളരിചികിത്സ, മർമ്മ ചികിത്സ, സിദ്ധ വൈദ്യം, നാട്ടുചികിത്സ, അക്യുപഞ്ചർ, യുനാനി, ആദിവാസി ഒറ്റമൂലി ചികിത്സ എന്നിവയ്ക്കും കേരളത്തിൻറെ ആരോഗ്യമേഖലയിൽ പ്രത്യേക ഇടമുണ്ട്.

കേരളസർക്കാർ ആരോഗ്യരംഗത്ത് വളരെയധികം ശ്രദ്ധിക്കുന്നു എന്നതിൻറെ തെളിവാണ് സർക്കാർ ആശുപത്രികൾ. എന്നാൽ കൂടുതൽ ജനങ്ങളും ആശ്രയിക്കുന്നത് സ്വകാര്യ ആശുപത്രികളെയായിരുന്നു. സർക്കാർ ആശുപത്രികൾ വേണ്ട ശ്രദ്ധ ഊന്നി പരിചരിക്കാത്തതും, കൂടുതൽ രോഗികൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നതും, വേണ്ടത്ര മരുന്നുകൾ, ജീവനക്കാർ, മതിയായ ഉപകരണങ്ങൾ ഇവയുടെ കുറവും സർക്കാർ ആശുപത്രികളുടെ ഗുണനിലവാരത്തിൽ വീഴ്ച വരുത്തുന്നു. ഇത് സ്വകാര്യ ആശുപത്രികളുടെ കൊള്ളയ്ക്കും, അഴിമതിക്കും കാരണമാകുന്നു.

### സമൂഹത്തിലെ ആരോഗ്യപ്രശ്നങ്ങൾ

ഒരു ക്ഷേമ രാഷ്ട്രത്തിൻറെ അഭിവൃദ്ധിയുടെ മൂലകാരണം ആരോഗ്യമുള്ള സമൂഹമാണ്. ആയതിനാൽ പൊതുജനാരോഗ്യം വളരെ ശ്രദ്ധ ചെലുത്തേണ്ട രംഗമാകുന്നു. ലോകത്തിലെ മറ്റ രാജ്യങ്ങളുമായി താരതമ്യം ചെയ്താൽ നിരവധി ചികിത്സാരീതികൾ ലഭ്യമാക്കുന്നതിൽ നമ്മുടെ രാജ്യം മുൻപിൽ നിൽക്കുന്നു.

തനതായ ചികിത്സാരീതികൾ വളരെ പാരമ്പര്യമായി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നു. ആയുര്യവേദത്തിൻറെ പ്രശസ്തി ലോകം മുഴുവനും പടർന്നു കൊണ്ടിരിക്കുന്നു. ജൈവവൈവിധ്യത്താൽ സമ്പന്നമായിരുന്നു ഒരുനാൾ കുട്ടനാട്. വിവിധയിനം സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, ഇവയൊക്കെ കുട്ടനാട്ടിൽ അപ്രത്യക്ഷമായിരിക്കുന്നു.

കിഴക്കിൻറെ വെനീസ് എന്നറിയെന്നടുന്ന ആലപ്പുഴ ജലത്താൽ സമ്പന്നമാണ്. കുട്ടനാടിൻറെ സർണ്ണ സമ്പത്തും ജലാശയങ്ങൾ തന്നെ. ഇന്നത് മാലിന്യശേഖരണം എന്നു തന്നെ പറയാം. ടൂറിസത്തിൻറെ ഭാഗമായി എല്ലാ ബോട്ടുകളുടെയും ശൗചാലയം വെള്ളത്തിലേക്ക് തുറന്നു വെച്ചിരിക്കുന്നു. ആറ്റിറമ്പിലുള്ള ശൗചാലയങ്ങളുടെ മലിനജലവും ഇത്തരത്തിൽ ജലത്തെ രോഗാതുരമാക്കുന്നു. കൊതുകുകൾ കുട്ടനാടിനെ അനാരോഗ്യമാക്കുന്നു. ജപ്പാൻജ്വരം, എലിപ്പനി, കോളറ തുടങ്ങിയ ജലജന്യരോഗങ്ങൾ നമ്മുടെ നാടിനെ ഓരോ വർഷവും രോഗാതുരമാക്കുന്നു.

കുട്ടനാട്ടിൽ കാണാൻ കഴിയുന്ന മറ്റൊരു കാഴ്ചയാണ് ആറ്റിലേക്കും തോട്ടിലേക്കും തള്ളി നില്ക്കുന്ന ഇറച്ചിക്കടകളും ചായക്കടകളും മറ്റും. ആറ്ററികിൽ സ്ഥിതി ചെയ്യുന്ന അറവുശാലകളിൽ കന്നുകാലികളെ അവിടെ വച്ചു തന്നെ കൊന്നതിനുശേഷം അവശിഷ്ടങ്ങൾ ജലാശയങ്ങളിലേക്ക് തള്ളുകയാണ് പതിവ്. തട്ടുകടക്കാരും മറ്റും പൊട്ടിച്ച മുട്ടയും മറ്റ് അവശിഷ്ടങ്ങളും ആറ്റിലും തോട്ടിലുമാണ് ഇടുന്നത്. ചിലരാകട്ടെ കുളിക്കുന്ന കടവുകളിൽ പോലും മാലിന്യങ്ങൾ ഇടുന്നു. എ.സി. റോഡിൺ കിടങ്ങറ, രാമങ്കരി എന്നിവിടങ്ങളിൽ ഇത്തരം മത്സ്യ മാർക്കറ്റുകൾ കാണാൻ കഴിയും. വെട്ടിനുറുക്കിയ മീനിൻറെ അവശിഷ്ടങ്ങൾ, മറ്റു മാലിന്യങ്ങൾ എല്ലാം ആറ്റിലേക്കാണ് നിക്ഷേപിക്കുന്നത്.

**പൊതുജനാരോഗ്യം**

**സാർണ്ണത്രിക രോഗപ്രതിരോധ പരിപാടി**

കുട്ടികൾക്ക് ക്ഷയം, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, പിള്ളവാതം, അഞ്ചാംപനി എന്നിവയ്ക്കെതിരെയും ഗർഭിണികൾക്ക് ടെറ്റനസിനെതിരെയും കുത്തിവെയ്പ്പുകൾ എടുക്കുകയാണ് ഈ പരിപാടികൊണ്ട് ചെയ്യുന്നത്. സർക്കാർ ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും സൗജന്യമായ കുത്തിവെയ്പ്പുകൾ എടുക്കാവുന്നതാണ്. പ്രതിരോധ കുത്തിവെയ്പ്പുകൾ മൂലം മേല്പറഞ്ഞ രോഗങ്ങൾ നമ്മുടെ രാജ്യത്ത് ഗണ്യമായി കുറയ്ക്കുവാന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ പൾസ് പോളിയോ ഇമ്യൂണൈസേഷൻ പരിപാടി, ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി, വയറിളക്ക രോഗനിയന്ത്രണ പരിപാടി, ദേശീയ മലമ്പനി നിർമാർജ്ജന പദ്ധതി, ദേശീയ മന്തുരോഗ നിയന്ത്രണ പരിപാടി, ലൈംഗിക രോഗനിയന്ത്രണ പരിപാടി, ദേശീയ പ്രമേഹ നിയന്ത്രണപരിപാടി, ദേശീയ അന്ധത നിവാരണ പരിപാടി തുടങ്ങിയവും ആരോഗ്യമേഖലയിൽ വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്– വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്– ആരോഗ്യം

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ← | | | | | NIL | → | | |

ഫോറം 6

പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- ആരോഗ്യം

| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാര് തലത്തിൽ |
| 1 | അടിസ്ഥാന സൌകര്യങ്ങളുടെ അഭാവം | ബ്ലോക്ക് പഞ്ചായത്ത് പരിധി | | ✓ | | | പ്രാദേശിക സർക്കാര് തലത്തിലും കിഫ്ബി പോലുള്ള സംവിധാനത്തിലൂടെയും ഫണ്ട് കണ്ടെത്തുക | | | |

# കുടിവെള്ളം ശുചിത്വം

കുട്ടനാട് വെള്ളത്താൽ ചുറ്റപ്പെട്ട പ്രഹദേശമാണെന്നാണ് അറിയപ്പെടുന്നത്. അത് ശരിയുമാണ്. എന്നാൽ ഒരുപക്ഷേ കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമമനുഭവപ്പെടുന്ന സ്ഥലങ്ങളിലൊന്നുമാണ് കുട്ടനാട്. കുട്ടനാടിന്റെ കിഴക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് വെളിയനാട് ബ്ലോക്ക് പ്രദേശം. ധാരാളം നദികൾ, തോടുകൾ, ഇടതോടുകൾ, കുളങ്ങൾ തുടങ്ങിയവ കൊണ്ട് അതിസമ്പന്നമായിരുന്നു രണ്ട് ദശാബ്ദം മുമ്പുവരെ ഈ പ്രദേശം. എന്നാൽ മനുഷ്യന്റെ പ്രകൃതിക്കുമേലുള്ള കയ്യേറ്റം നിമിത്തം ഇവിടുത്തെ നാട്ടുതോടുകളും, ഇടതോടുകളും, കുളങ്ങളും, പാടശേഖരങ്ങളും വീടു വയ്ക്കാനെന്ന വ്യാജേന വ്യാപകമായി നികത്തപ്പെട്ടത് ഇവിടുത്തെ ജലസഞ്ചയത്തിനേയും ഗുരുതരമായി ബാധിച്ചു. നേരത്തേ കുട്ടനാട്ടിലുള്ളവർ ഇവിടുത്തെ നദികളിലെ ജലം ആയിരുന്നു പാചകത്തിനുൾപ്പെടെ ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് കുട്ടനാട്ടിലെ ജലസ്രോതസുകൾ മലീനികരിക്കപ്പെട്ടിരിക്കുയാണ്. ഇടത്തോടുകൾ ഒഴുക്ക് നിലച്ച് പോള തിങ്ങി കൊതുകിൻറെ ആവാസകേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. വയറിളക്ക രോഗങ്ങളുടെ മുഖ്യകാരണങ്ങളിലൊന്നായ ഈകോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കുട്ടനാട്ടിലെ ജലസ്രോതസ്സുളിൽ അനുവദനീയ പരിധിയുടെ 1500 മടങ്ങിലധികമാണ്.

### കുട്ടനാട് വാട്ടർ സപ്ലൈ സ്കീം

കുട്ടനാട്ടിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയായിരുന്നു ഇത്. തിരുവല്ലയിലെ കറ്റോട്ടു നിന്നും, മണിമലയാറ്റിലെ ജലം ശുദ്ധീകരിച്ച് കുട്ടനാട്, ചങ്ങനാശേരി താലൂക്കുകളിലെ ജനങ്ങൾക്ക് എത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നിലും ആകെ ശുദ്ധീകരിക്കുന്നതിൻറെ 35 % ജലം മാത്രമേ കുട്ടനാട്ടിലേക്ക് വന്നിരുന്നുള്ളു. അതുകൊണ്ടൊന്നും കുട്ടനാട്ടിലെ ശുദ്ധജലഷാമം പരിഹരിക്കാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെയിരിക്കെയാണ് നീരേറ്റുപുറത്ത് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാന് തീരുമാനമെടുത്തത്. ഇതിൻറെ സ്ഥലമെടുപ്പ് നീണ്ടു പോയപ്പോൾ സ്ഥലം എം.എൽ.എ സ്വന്തം കൈയിൽ നിന്നും കാശുമുടക്കി സ്ഥലം വാങ്ങിയാണ് ഇപ്പോൾ നീരേറ്റുപുറത്ത് വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിച്ചത്. പ്ലാൻറ് കമ്മീഷന് ചെയ്തു. പ്ലാൻറ് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ കുട്ടനാടിൻറെ കുടിവെള്ളക്ഷാമം പരിഹരിക്കുമെന്ന് പ്രതീക്ഷിക്കാം. പള്ളിക്കൂട്ടുമ്മ, രാമങ്കരി, കിടങ്ങറ, കാവാലം എന്നിവിടങ്ങളിൽ ഓവർഹെഡ്ടാങ്ക് ഉണ്ടെങ്കിലും കിടങ്ങറ മുഴുവനും പ്രവർത്തക്ഷമമല്ല.

| പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുളള കാരണങ്ങൾ /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കല് സാധ്യത പരിഗണിച്ചാല് ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | കുടിവെളളത്തിന്റെ ലഭ്യതക്കുറവ് | ബ്ലോക്ക് പഞ്ചായത്ത് പരിധി | | | ✓ | കുടിവെളള സ്രോതസ്സുകളുടെ അഭാവം, പൈപ് ലൈനിന്റെ അഭാവം | പൈപ്പ് ലൈൻ സ്ഥാപിക്കുക | സംയുക്ത പദ്ധതികൾ ഏറ്റെടുക്കുക | | |
| 2 | ആർ.ആർ.എഫ് നടപ്പിലാക്കാൻ കഴിയാതിരിക്കുക | ബ്ലോക്ക് പഞ്ചായത്ത് പരിധി | | | ✓ | സ്ഥലത്തിന്റ അഭാവം | പഞ്ചായത്ത് തലത്തിലോ സംയുക്തമായി മറ്റു ബ്ലോക്കുകളുമായി ചേർന്നോ സ്ഥല ലഭ്യത ഉറപ്പാക്കുക | | | |

# വിദ്യാഭ്യാസം, കലയും, സംസ്കാരവും യുവജനകാര്യവും

ഈ നാടിൻറെ സംസ്കാരത്തെയും, സാമൂഹ്യ ജീവിതത്തെയും മൂല്യമുള്ളതാക്കുന്നതില് ഔപചാരിക, അനൗപചാരിക വിദ്യഭ്യാസങ്ങൾക്ക് വളരെയധികം പങ്കുണ്ട്. വിദ്യാഭ്യാസത്തിൻറെ മഹത്വം കാത്തുസൂക്ഷിക്കുന്ന ഒരു സമൂഹത്തിന് അറിഞ്ഞോ അറിയാതെയോ വളർന്നുവരുന്ന അച്ചടക്കവും ഉയര്ന്ന ജീവിത നിലവാരവും, മറ്റു സാമൂഹ്യമേഖലകളിലെ വളർച്ചയും ഒരു സമൂഹത്തെ തന്നെ ഉയര്ന്നതാക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഉയർന്നു വന്ന വിദ്യാഭ്യാസ വിപ്ലവം കാർഷിക വിപ്ലവത്തിലേക്കും അതുവഴി കോളനിവത്ക്കരണത്തിലേക്കും മാറിയതു ചരിത്രത്തിൻറെ നാൾ വഴികളിൽ നമ്മൾ കണ്ടിരുന്നു. പ്രാചീനഭാരതത്തിൽ വിദ്യാഭ്യാസത്തിന് മുൻ നിരയിൽ സ്ഥാനമുണ്ടായിരുന്നു. എങ്കിലും അത് എല്ലാവർക്കും ലഭിക്കാതിരുന്നത് സവർണ്ണരുടെ ബൗദ്ധികമേല്ക്കോയ്മയുടെ ശിഷ്ടഫലമായിരുന്നു. എന്നാണ് പിന്നീട് വിദ്യാഭ്യാസമേഖലയിൽ വളരെ മാറ്റങ്ങൾ ഉണ്ടാക്കി. കേരളത്തിൽ ക്രിസ്ത്യൻ മിഷണറിമാർ വിദ്യാഭ്യാസപുരോഗതിയ്ക്കായി നടത്തിയ പ്രവർത്തനങ്ങൾ വിസ്മരിച്ചുകൂടാ. ശ്രീനാരായണ ഗുരു സമൂഹത്തിൽ നടത്തിയ ചലനങ്ങൾ ഇന്നും മാറ്റമില്ലാതെ തുടരുന്നു.

ലോകം മാറുന്ന മുറയ്ക്കു തന്നെ നമ്മുടെ കൊച്ചു കേരളത്തിലും സാങ്കേതികവും, സാങ്കേതിയിതരവുമായ വിദ്യാഭ്യാസം പുരോഗതി നേടി. നമ്മുടെ ഭരണഘടന ഉറപ്പു നൽകുന്ന നിര്ബന്ധിതവും, സൗജന്യവും, സാർണ്ണത്രികവുമായ വിദ്യാഭ്യാസം നല്കുന്നതില് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. ഇവിടുത്തെ ഉയർന്ന സാക്ഷരത തന്നെ ഇതിന് ഉദാഹരണമാണ്.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞം തുടങ്ങുന്നതിന് മുൻപു തന്നെ കുട്ടനാട് കേരളത്തിലെ ഉയര്ന്ന സാക്ഷരതയുള്ള പ്രദേശമായിരുന്നു. വെളിയനാട് ബ്ലോക്ക് ഉൾപ്പെടുന്ന കുട്ടനാടന് പ്രദേശം സാമ്പത്തികമായി പുറകിലായിരുന്നു. എന്നിലും വിദ്യാഭ്യാസപരമായി മുന്നിലായിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള വിദ്യാലയങ്ങൾ ബ്ലോക്കിൻറെ പല ഭാഗങ്ങളിലും ഇപ്പോഴും പ്രവർത്തിക്കുന്നു. സി.എം.എസ്.എല്.പി. സ്കൂളാണ് ബ്ലോക്കിലെ ഏറ്റവും പഴക്കം ചെന്ന പള്ളിക്കൂടം. 1850-ൽ ഈ സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി മുൻകൈ എടുത്തത് എൻ.ഡി. സുഫ്റ എന്ന വിദേശിയായിരുന്നു. അധഃസ്ഥിത വിഭാഗത്തിൻറെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി ഈ സ്കൂൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. രാമങ്കരി പഞ്ചായത്തിലെ വേഴപ്ര ഗവ. യു.പി. എസ്., വെളിയനാട് ഗ്രാമപഞ്ചായത്തിലെ ഗവ.എ.പി.എസ് എന്നീ സ്കൂളുകൾ വളരെ പഴക്കം ചെന്ന സ്കൂളുകളാണ്.

### ഇന്നത്തെ അവസ്ഥ

പഞ്ചായത്തിരാജ് നിയമം നടപ്പില് വന്നതോടെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിനുള്ള അധികാരം പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമായി. ബ്ലോക്ക് അതിർത്തിയിൽ 2 സർക്കാര് സ്കൂളുകൾ അടക്കം 12 ഹൈസ്കൂളുകൾ ഉണ്ട്. അപ്പർ പ്രൈമറി വിഭാഗത്തില് 7 സർക്കാർ സ്കൂളുകളും, 5 സ്വകാര്യ

മാനേജ്മെൻറ്സ്കൂളുകളും, ലോവർ പ്രൈമറി വിഭാഗത്തിൽ 4 സർക്കാർ സ്കൂളുകള്, 9 എയ്ഡഡ് സ്കൂളുകളും നിരവധി അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ കാവാലം ഗ്രാമപഞ്ചായത്തിൽ ഒരു ടെക്നിക്കൽ സ്കൂളും പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ ഒരു ഗവ. എഞ്ചിനീയറിംഗ് കോളേജും ഉണ്ട്. എന്നാൽ ബ്ലോക്കതിർത്തിയിൽ കോളേജുകള് ഇല്ല എന്നത് നിരാശാജനകമാണ്. ഈ പ്രദേശങ്ങളിലെ കുട്ടികൾ ചങ്ങനാശ്ശേരിയിലുള്ള കോളേജുകളെയാണ് കൂടുതലായി ആശ്രയിക്കുന്നത്.

സർക്കാർ വിദ്യാലയങ്ങളിൽ ഇപ്പോഴും നിരവധി പോരായ്മകൾ നിലനിൽക്കുന്നു. പഠനോപകരണങ്ങളുടെ അഭാവം, കളിസ്ഥലത്തിന്റെ അഭാവം, ആവശ്യമുള്ള അദ്ധ്യാപകരുടെ അഭാവം, കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ, ആവശ്യമായ മെയിന്റനൻസ് തുടങ്ങി പല സ്കൂളുകളിലും പ്രശ്നങ്ങൾ നിലനിൽക്കുന്നു.

ബ്ലോക്ക് അതിർത്തിയിൽ നിരവധി സ്കൂളുകളുണ്ടെങ്കിലും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിൽ പല സ്കൂളുകളും പരാജയപ്പെടുന്നു എന്നത് ഖേദത്തോടെ പറയാതെ വയ്യ. പഠനത്തോടൊപ്പം തന്നെ പ്രാമുഖ്യം നല്കേണ്ടതാണ് പാഠ്യേതര പ്രവർത്തനങ്ങളും. മികച്ച കായികതാരങ്ങൾ കേരളത്തിൽ നിന്ന് ഉണ്ടാകുന്നുവെങ്കിലും ബ്ലോക്ക് പരിധിയിൽ മികച്ച കായികതാരങ്ങൾ ഉണ്ടാവുന്നില്ല എന്നത് പഠനവിധേയമാക്കേണ്ടതാകുന്നു.

ഫോറം 5

2024-25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ4

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- വിദ്യാഭ്യാസം, കലയും സംസ്കാരവും യുവജനകാര്യവും

| ക്രമ നമ്പർ | പ്രോജക്ട് നം | പ്രോജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 3 | കേരളോത്സവം | New | | 150000 | | 150000 | | പൂർത്തീകരിച്ചു |

## പശ്ചാത്തലമേഖല(ഊർജംഉൾപ്പെടെ)

**മേഖലയുടെ ഇന്നത്തെ അവസ്ഥ**

ബ്ലോക്ക് ഗ്രാമ ജില്ലാ പഞ്ചായത്തുകളുടെയും സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയുമായി (എംഎൽഎ എസ്ഡിഎഫ്, എംഎൽഎ എഡിഎഫ്, എൻസി ഫ്ളഡ്, എംപി ലാഡ്സ്, ആർകെഐ, പി എം ജി എ സ് വൈ, സി എം എൽ ആർ ആർ പി തുടങ്ങിയവ) നിരവധി പദ്ധതികൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടപ്പിലാക്കിയിട്ടുണ്ട്. റോഡ്നിർമാണം റോഡിൻറെ അറ്റകുറ്റപ്പണികൾ, കെട്ടിടങ്ങളുടെ നിർമാണം അറ്റകുറ്റപ്പണികൾ, എസ്.സി കോളനി അടിസ്ഥാന സൗകര്യ വികസനം, തോടുകളുടെ സംരക്ഷണ ഭിത്തി നിർമാണം, ആഴം കൂട്ടൽ, കലുങ്ക് നിർമാണം എന്നിവയാണ് പ്രധാനമായും ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. പൊതുവെ താഴ്ന്ന പ്രദേശമായതിനാൽ വർഷ സമയത്തു മറ്റ പ്രദേശങ്ങളെ അപേക്ഷിച്ച് വെള്ളക്കെട്ട് കൂടുതലായി ഉള്ളതിനാലും മിക്കറോഡുകളുടെയും അറ്റകുറ്റപ്പണികൾ കൂടുതലായി ചെയ്യേണ്ട അവസ്ഥയാണ് പൊതുവെ ഉള്ളത്. ഫണ്ടിന്റെ അപര്യാപ്തതയും വിഭവങ്ങളുടെ ലഭ്യതക്കുറവും വർധിച്ച് വരുന്ന വിലവർധനയും തൊഴിലാളികളുടെ കുറവും ഈമേഖലയിലെ പ്രശ്നങ്ങൾ ഓരോ വർഷം കൂടും തോറും വർധിച്ച് വരുന്ന പ്രവണതയാണുള്ളത്. വിവിധങ്ങളായ പദ്ധതികളിലൂടെ പല ആസ്തികളും ഈ മേഖലയിൽ രൂപപ്പെട്ടിട്ടുണ്ടെങ്കിലും വരും വർഷങ്ങളിലെ വികസനസാധ്യത മുന്നിൽ കണ്ടുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പശ്ചാത്തലമേഖലയിലെ പദ്ധതികൾ രൂപപ്പെടുത്തേണ്ടതു അനിവാര്യമായി വന്നിരിക്കുകയാണ്.

ഫോറം 4

പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പേര്- വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്- പശ്ചാത്തല മേഖല

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ | കൂടുതൽ പ്രയോനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ← | | | | | NIL | | | → |

# പൊതുമരാമത്ത്

| പ്രശ്ന വിശകലവും പ്രശ്ന പരിഹാര സാധ്യതകളും | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കല് സാധ്യത പരിഗണിച്ചാല് ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാര് തലത്തിൽ |
| 1 | റോഡുകളുടെ ശോചനീയാവസ്ഥ | ബ്ലോക്ക് പഞ്ചായത്ത് പരിധി | | ✓ | | ഫണ്ടിന്റെ അപര്യാപ്തത | സംയുക്ത പദ്ധതികൾ, മറ്റു ഫണ്ടുകളുടെ കണ്ടെത്തൽ | | | |
| 2 | ബ്ലോക്ക് ഓഫീസിന്റെ ശോചനീയാവസ്ഥ | | | | ✓ | ഫണ്ടിന്റെ അപര്യാപ്തത | | | | പ്രത്യേക ഫണ്ട് അനുവദിക്കുക |

# ദുരന്തനിവാരണം, പരിസ്ഥിതി സംരക്ഷണം

കൊല്ല വർഷം 1099–ൽ കുട്ടനാട്ടുകാരെ വലച്ച ഒരു വലിയ ദുരന്തമായിരുന്നു 99–ലെ വെള്ളപ്പൊക്കമെന്ന പേരിൽ പലപ്പോഴും നാം പറഞ്ഞുകൊണ്ടിരുന്ന പ്രളയം. അന്ന് ഇന്നുള്ളതിൻറെ മൂന്നിൽ ഒരു ഭാഗം ജനവിഭാഗമേ കുട്ടനാട്ടിൽ ഉണ്ടായിരുന്നു എന്നാണ് കണക്ക്. വീട്ടിനുള്ളിൽ പലക കൊണ്ട് തട്ട് കെട്ടിയും കെട്ടുവളങ്ങളിൽ ഒഴുകിനടന്നുമാണ് ആഴ്ചകളോളം തൊഴിലാളികളും ഇടത്തരക്കാരും ജീവിച്ചത്. അന്നതിനെ അതിജീവിച്ചു. തകഴി ശിവശങ്കരപ്പിള്ള ഒരു തന്റെ ഒരു കഥയിൽ കാവ്യാത്മകമായി ചിത്രീകരിച്ചിട്ടുണ്ട്. ജീവതബന്ധങ്ങൾ എത്രമാത്രം പരസ്പര പൂരിതമാണെന്നും കാണിക്കുന്നു. വെള്ളവും വള്ളവും കുട്ടനാട്ടുകാർക്ക് ജീവിതം തന്നെയാണെന്ന അന്നത്തെ കാഴ്ചപ്പാടുകളെ മുക്കിക്കൊല്ലുന്ന തരത്തിൽ 98 വർഷത്തിനിപ്പുറം 2018 ൽ ഉണ്ടായ അതിഭയാനകമായ പ്രളയത്തെ കുറിച്ച് ഒരനുഭവക്കുറിപ്പ്.

കേരളം കണ്ടതിൽ വച്ചേറ്റവും ഭയാനകമായ പ്രളയമായിരുന്നു 2018 ൽ ഉണ്ടായത്. കാലവർഷം സാധാരണമായി കേരളത്തിൽ അനുഭവമാകുന്നത് മിഥുന മാസം മുതലാണ്. 2018 ൽ അത് കുറെക്കൂടി മുൻപേ എടവമാസത്തിൽ തന്നെ സജീവമായി. ചന്നം പിന്നം പെയ്തും വെയിൽ മറച്ചും പ്രവചനാതീതമായി തീരപ്രദേശത്തും സമതലങ്ങളിലും ചെറിയതോതിൽ വെള്ളം പൊങ്ങി തൊഴിലാളികളെ വീട്ടിലിരുത്തി, കാലവർഷം സാവകാശം ശക്തി പ്രാവിച്ചു. രണ്ടാം കൃഷിയിറക്കിയ കുട്ടനാട്ടിലെ പലപാടങ്ങളിലും മടവീഴ്ചയുണ്ടായി. കിഴക്കൻ പ്രദേശങ്ങളിൽ പലയിടത്തും മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായി. കേരളത്തിലെ പല ഡാമുകളിലും ജലനിരന്ന് ക്രമാതീതമായി ഉയർന്നു. പ്രതിസന്ധിയിലായത് കുട്ടനാട്ടുകാർ മാത്രമല്ല അന്യസംസ്ഥാന തൊഴിലാളികളും പലായനത്തെ കുറിച്ചാലോചിക്കാൻ തുടങ്ങി. കൂടെക്കൂടെ മഴ ശക്തമായികൊണ്ടേയിരുന്നു. മലവെള്ള പാച്ചിലിൽ വീടുകൾ തകർന്ന് ആളുകൾ മരണപ്പെട്ട വാർത്തകൾ കറണ്ടുള്ളവര് തല്സമയം കണ്ടുകൊണ്ടിരുന്നു. നദികളെല്ലാം കരകവിഞ്ഞൊഴുകി. കലങ്ങിയ വെള്ളത്തിൻറെ കുത്തൊഴുക്കിൽ കാലികൾ ചത്തൊഴുകുന്നത് നിത്യകാഴ്ചയായി. മരങ്ങൾ വേരോടെ കടപുഴകി വരുന്നത് പിടിച്ചടുപ്പിക്കാൻ ചിലർ വള്ളത്തിൽ മഴനനഞ്ഞു കാത്തിരുന്നു.

സർക്കാർ ജനങ്ങളോട് ജാഗ്രത പുലർത്തുവാൻ ആഹ്വാനം ചെയ്തു. പലേടത്തും സ്കൂളുകൾ റിലീഫ് ക്യാമ്പുകളായി. അവിടേയക്ക് വേണ്ട സാധനങ്ങളും, കുടിവെള്ളവും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വില്ലേജ് ആഫീസർമാരുടെ ചുമതലയിൽ എത്തിച്ചു. കലക്ടർ ഉൾപ്പെടെയുള്ളവർ ക്യാമ്പുകൾ സന്ദർശിച്ചു.

എന്നാൽ എല്ലാ പ്രതിക്ഷകളും തകർത്ത് മഴ വീണ്ടും ശക്തമായി. വിദ്യുശ്ശക്തി വിഛേദിക്കുവാന് അധികൃതർ നിർബന്ധിതരായി. വൈദ്യുതി പോസ്റ്റുകൾ നിലംപതിച്ച് അപകടമുണ്ടാകാതിരിക്കാനായിരുന്നു അത്. ആഗസ്റ്റ് മാസം പകുതി ആയപ്പോഴേയ്ക്കും ഡാമുകൾ തുറന്ന് വിടേണ്ട സാഹചര്യം കേരള സർക്കാരിനുണ്ടായി അതോടെ കുട്ടനാട് മുങ്ങി. ബന്ധുക്കൾ അലമുറയിട്ട് പറഞ്ഞു നിങ്ങൾ സുരക്ഷിതാനസ്ഥാനത്തേക്ക് പോകുക. പിന്നീട് എല്ലാവരും തങ്ങളുടെ വളർത്തു മൃഗങ്ങളെയും, വാഹനങ്ങളും മറ്റും റോഡിലുള്ള കലുങ്കുകളിലും പാലങ്ങളിലും പ്ലാസ്റ്റിക്ക് പടുത കെട്ടി അതിനുള്ളിലാക്കി. എടുക്കാവുന്ന സാധനങ്ങളുമായി കുട്ടനാട്ടുകാർ കര പ്രദേശം തേടിയാത്രയായി. ആലപ്പുഴയിലും, അമ്പലപ്പുഴയിലും, ചങ്ങനാശ്ശേരിയിലും, സന്നദ്ധ പ്രവർത്തകരും വിവിധ സംഘടനകളും പോലീസ് സേനയും, പലായനക്കാരെ വാഹനങ്ങളിൽ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിച്ചു. മരുന്നും, ആഹാരവും വസ്ത്രവും നൽകി. ഒന്നര മണിക്കൂറെടുത്തു ചങ്ങനാശേരിയിലെത്താൻ. അത്രയ്ക്ക് ശക്തമായിരുന്നു മഴ. സ്കൂളുകളും, കോളേജുകളുമെല്ലാം അതിൻറെ മാനേജ്മെൻറുകൾ തുറന്നു തന്നു എന്നതുമാത്രമല്ല ഭൂമിയിലെ മാലാഖമാർ അവരെ പുഞ്ചരിയോടെ വരവേറ്റു. ഭയപ്പെടേണ്ട ഞങ്ങൾ ഒപ്പമുണ്ട് എന്നാശ്വാസിപ്പിച്ചു. നൂറുകണക്കിനാളുകൾ അവിടെയൊക്കെയുണ്ടായിരിന്നു.എല്ലാവരും കുട്ടനാട്ടുകാർ.

തിരുവനന്തപുരം മുതലുള്ള തീരദേശ മത്സ്യതൊഴിലാളികൾ തങ്ങളുടെ വള്ളങ്ങളിൽ എത്തി പ്രദേശത്തുള്ള യുവജന സംഘടനകളോടൊപ്പം എല്ലാവരെയും കരക്കെത്തിക്കുവാൻ മുൻകൈയെടുത്തു. പാലാത്ര കൺസ്ട്രക്ഷൻ കമ്പനിയുടെ എല്ലാ വാഹനങ്ങളും റോഡ് മാർഗ്ഗം ജനങ്ങളുടെ രക്ഷക്കെത്തി. സർക്കാരിൻറെ സമയോജിതമായ ഇടപെടൽ മൂലം കുട്ടനാട്ടിലെ ഒരു ജീവൻപോലും പ്രളയത്തിൻറെ കാരണത്താൽ നഷ്ടപ്പെട്ടില്ലായെന്നത് കാണാതിരിക്കാൻ കഴിയില്ല.

എല്ലാ കഴിഞ്ഞു തിരികെയെത്തി വീട് വൃത്തിയാക്കി പുനരധിവസിപ്പിക്കാനും, 8 മാസകാലത്തോളം കിറ്റും, സൗജന്യ റേഷൻ നല്കിയും, വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങൾ കൊടുത്തും ഗവൺമെന്റ് സഹായിച്ചു. ദുരന്തനിവാരണത്തിനും മറ്റ് തുടർ പ്രവർത്തനങ്ങൾക്കും സർക്കാരിനെ സഹായിച്ച സ്വദേശ വിദേശ ഏജൻസികളേയും സന്നദ്ധ സംഘടനകളേയും തീരദേശ മത്സ്യ തൊഴിലാളികളേയും എല്ലാത്തിനും നേതൃത്വം കൊടുത്ത സർക്കാർ ജീവനക്കാരെയും മനസ്സിലെന്നും ഓർക്കുന്നു.

2018 ലെ മഹാപ്രളയത്തിനുശേഷം 2019, 2020, 2021 എന്നീ വർഷങ്ങളിലും കുട്ടനാട്ടിൽ വെള്ളപ്പൊക്കം ഉണ്ടാവുകയും ജനജീവിതം ദുസഹമാവുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം അടക്കം വെള്ളത്തിൽ മുങ്ങുകയും 5 മാസത്തോളം

തുടർച്ചയായി ഓഫീസ് പ്രവർസ്ഥനങ്ങൾ തടസ്സപ്പെടുന്ന സ്ഥിതിയുണ്ടായി. ഘടക സ്ഥാപനങ്ങൾ അടക്കം പ്രവർത്തിക്കാൻ സൗകര്യപ്രദമായ പുതിയ ഓഫീസ് കെട്ടിടം പണിയേണ്ടതിന്റെ ആവിശ്യകത നിലനിൽക്കുന്നു.

2020 ൽ പൊട്ടിപ്പുറപ്പെട്ട കോവിഡ് 19 മഹാമാരിയും കുട്ടനാടിനെ രൂക്ഷമായി ബാധിച്ചു. കോവിഡ് രോഗികളെ മാറ്റിപ്പാർപ്പിക്കുന്നതിനാവശ്യമായ CFLTC തുടങ്ങുന്നതിന് വേണ്ട സ്ഥലമോ സൗകര്യമോ ഈ മേഖലയിൽ ഇല്ലായെന്നത് വലിയ പോരായ്മയായി കാണുന്നു. താലൂക്ക് ആശുപത്രിയും സി.എച്ച്.സി യും, സ്കൂളുകളും, എൻജിനിയറിംഗ് കോളേജ് എന്നിവയെല്ലാം വെള്ളത്തിലായിരുന്നു. അവിടങ്ങളിലേക്കുള്ള റോഡുകളും വെള്ളത്തിൽ ആയതിനാൽ രോഗികളെ കൊണ്ടു പോകുന്നതിനും, കൊണ്ടു വരുന്നതിനും പ്രയാസമായി. വെളിയനാട് ബ്ലോക്ക് പ്രദേശത്ത് അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കിയ CFLTC കേന്ദ്രങ്ങൾ അനിവാര്യമാണ്. അതുപോലെ കന്നുകാലികൾക്കാവശ്യമായ ഷെൽറ്ററുകളും നമ്മുടെ ബ്ലോക്ക് പ്രദേശത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. വരും നാളുകളിൽ ഇതിനെല്ലാം പ്രതിവിധി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്.